# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്നു മറയുകയും
സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു.
(ലൂക്കാ 24:51)

Vol. LXXVI No. 5 May 2026 ഉയിർപ്പുകാലം


10.04.2026
അഭിവന്ദ്യ മാർ ജോസഫ്
പള്ളിക്കാപറമ്പിൽ
പിതാവിന്റെ
നൂറാം
ജന്മദിനാഘോഷം
100
Birthday
HAPPY

20.04.2026



70–ാം ജന്മദിനം ആഘോഷിക്കുന്ന മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആശംസകളുമായി എത്തിയ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും കൂരിയ അംഗങ്ങളും.







08.04.2026



സി. എം. ഐ. സഭയുടെ
കോട്ടയം പ്രൊവിൻസിന്റെ
സിനാക്സിസിൽ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് അനുഗ്രഹ
പ്രഭാഷണം നടത്തി






08.04.2026







മാർ സ്ലീവാ മെഡിസിറ്റിയുടെ
പുതിയ ഓഡിറ്റോറിയത്തിന്റെ
അടിസ്ഥാന ശിലാസ്ഥാപനം
അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് നിർവഹിച്ചു

21.04.2026 22.04.2026

അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ്
കന്യാകുമാരിയാത്രയ്ക്കു
പോയ 44
വൈദികരോടൊപ്പം.



**14.04.2026**



**അൽഫോൻസിയൻ
പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിൽ
വച്ചു നടന്ന SMYM
സംസ്ഥാന സെനറ്റ്
സമ്മേളനം മേജർ ആർച്ചു
ബിഷപ് മാർ റാഫേൽ
തട്ടിൽ ഉദ്ഘാടനം ചെയ്തു.
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് അനുഗ്രഹ
പ്രഭാഷണം നടത്തി.**







**26.04.2026**







**പൈകയിൽ വച്ചു നടന്ന
AKCC യുടെ 108-ാം ജന്മദിന
സമ്മേളനം അഭിവന്ദ്യ മാർ
ജോസഫ് കല്ലറങ്ങാട്ട്
പിതാവ് ഉദ്ഘാടനം
ചെയ്തു സന്ദേശം നൽകി**

# ഹോം പാലാ

**14.04.2026**

കൂടല്ലൂർ



**18.04.2026**

കൊണ്ടാട്, AKCC രാമപുരം



**29.04.2026**









പാലാ ചാവറ സ്കൂളിൽ
വച്ച് പാലാ ജീസസ് യൂത്ത് 8
മുതൽ 12 വരെയുള്ള
ക്ലാസിലെ കുട്ടികൾക്കായി
നടത്തിയ ബ്ലൂമിങ് റോസസ്
പ്രോഗ്രാമിൽ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് സന്ദേശം നൽകി.



രാമപുരം മാർ
ആഗസ്തീനോസ് കോളേജിൽ
വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ
ചെയർ ഉദ്ഘാടനം ചെയ്തു
സന്ദേശം നൽകുന്ന അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ്

**30.04.2026**







"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

MAY 2026
Vol. LXXVI No. 5

# CONTENTS

ഇടയലേഖനം - 89 ..........307
മറുപടിപ്രസംഗം ..........315
സന്ദേശം ..........319
സർക്കുലർ ..........321
സർക്കുലർ ..........327
അറിയിപ്പ് ..........337
വാർത്തകൾ ..........339
അഭിവന്ദ്യപിതാവിന്റെ ഡയറി ..........373

**ഇടയലേഖനം – 89**

## Alphonsian Academy of Religious Sciences

# ജനപ്രിയമാകേണ്ട ദൈവശാസ്ത്രം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്:**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ഈ കാലഘട്ടത്തിൽ, നമ്മുടെ മുമ്പിലുള്ള ഏറ്റവുംഅടിയന്തരമായ ദൗത്യങ്ങളിലൊന്ന് അല്മായവിശ്വാസികൾക്ക് ഗൗരവമേറിയതും സുസ്ഥിരവുമായ ദൈവശാസ്ത്രരൂപീകരണം നൽകുക എന്നതാണ്. ഇതൊരു രണ്ടാംനിര വിഷയമല്ല; ഈ സഭയുടെ അസ്തിത്വത്തെയും ദൗത്യത്തെയും നേരിട്ടു സ്പർശിക്കുന്ന കാര്യമാണ്.

സഭ, ചരിത്രത്തിലൂടെ ഒരുമിച്ചു സഞ്ചരിക്കുന്ന 'ദൈവജനമാണ്' (LG) എന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ നമ്മെവ്യക്തമായി ഓർമ്മിപ്പിച്ചു. അല്മായർ വിശ്വാസം ജീവിക്കാൻ മാത്രമല്ല, കുടുംബങ്ങളിലും ജോലിസ്ഥലങ്ങളിലും സമൂഹത്തിലും അതിനു സാക്ഷ്യം വഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. ശരിയായ രൂപീകരണമില്ലാതെ ഇത്തരമൊരു ദൗത്യം പൂർത്തിയാക്കാൻ കഴിയില്ല. ആഴത്തിൽ മനസ്സിലാക്കാത്ത ഒരു വിശ്വാസം പൂർണ്ണമായി ജീവിക്കാനോ ബോധ്യത്തോടെ പ്രഘോഷിക്കാനോ സാധ്യമല്ല. അതുകൊണ്ടുതന്നെ, ദൈവശാസ്ത്രംസെമിനാരികളിൽമാത്രംഒതുങ്ങാതെഎല്ലാവിശ്വാ

സികൾക്കും പ്രാപ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ അജപാലനപരമായ ഉത്തരവാദിത്വമാണ്. ദൈവശാസ്ത്രം വിദഗ്ധർക്കായി കരുതിവച്ചിരിക്കുന്ന ഒരു അമൂർത്തമായ വിഷയമല്ല; വിശുദ്ധ ഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യങ്ങളിലൂടെയും ഈശോമിശിഹായാൽ വെളിപ്പെടുത്തപ്പെട്ട ദൈവരഹസ്യങ്ങളെക്കുറിച്ചുള്ള സഭയുടെ വിചിന്തനമാണ് ദൈവശാസ്ത്രം. ഈ വിചിന്തനം കുറച്ചുപേരുടെ മാത്രം സ്വകാര്യസ്വത്തല്ല. ഈ രഹസ്യത്തിലേക്കു കൂടുതൽ ആഴത്തിൽ പ്രവേശിക്കാൻ ഓരോ അല്മായനും അവകാശമുണ്ട്.

ദൈവശാസ്ത്രം നിഷേധിക്കപ്പെടുകയോ അമിതമായി ലളിതവൽക്കരിക്കപ്പെടുകയോ ചെയ്യുമ്പോൾ, വിശ്വാസികൾക്ക് ആഴമില്ലാത്ത ഭക്തിമാത്രമാണ് അവശേഷിക്കുന്നത് - ഇത് കുറച്ചുകാലത്തേക്കു ഭക്തിയെ നിലനിർത്തിയേക്കാം, പക്ഷേ, സംശയങ്ങളെയും സാംസ്കാരികസമ്മർദങ്ങളെയും ബൗദ്ധികവെല്ലുവിളികളെയും അതിജീവിക്കാൻ അതു പാടുപെടും.

അല്മായരെ ദൈവശാസ്ത്രം പഠിപ്പിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് അവരുടെ രൂപീകരണമാണ് (formation). നന്നായി രൂപപ്പെട്ട ഒരു വിശ്വാസിക്ക് സഭ എന്താണു പഠിപ്പിക്കുന്നത് എന്നു മാത്രമല്ല, എന്തുകൊണ്ടാണ് അത് പഠിപ്പിക്കുന്നത് എന്നും അറിയാം. ഈ വ്യത്യാസം വളരെ പ്രധാനമാണ്. ദൈവശാസ്ത്രപരമായ അടിത്തറയില്ലാതെ, വിശ്വാസം വളരെ എളുപ്പത്തിൽ പാരമ്പര്യമായി ലഭിച്ച ശീലങ്ങളുടെയോ വൈകാരികബന്ധങ്ങളുടെയോ ഒരു കൂട്ടമായിമാറും. എന്നാൽ, അടിത്തറയുണ്ടെങ്കിൽ, വിശ്വാസം ബോധപൂർവവും വ്യക്തിപരവുമായ ഒരു ബോധ്യമായി മാറുന്നു. ഇത്തരത്തിലുള്ള ബോധ്യം കൂടുതൽ സുസ്ഥിരവും വളർച്ചപ്രാപിക്കാൻ കഴിവുള്ളതുമാണ്.

അല്മായരുടെ രൂപീകരണം അടിയന്തര അജപാലനപ്രാമുഖ്യം അർഹിക്കുന്ന ഒരു യാഥാർഥ്യമാണ്. കുടുംബങ്ങളിലും തൊഴിലിടങ്ങളിലും രാഷ്ട്രീയത്തിലും സംസ്കാരത്തിലു

മെല്ലാം – ലോകത്തിൽ സുവിശേഷത്തിന്റെ പ്രാഥമികസാക്ഷികൾ അല്മായരാണ്. ഈ ഇടങ്ങളിലെല്ലാം പുരോഹിതന്മാർക്ക് എത്തിച്ചേരാൻ കഴിഞ്ഞെന്നുവരില്ല, എന്നാൽ, അല്മായർ നേരത്തേതന്നെ അവിടെയുണ്ട്. അവർ ലോകത്തിലെ സഭയുടെ പ്രതിനിധികളാണെങ്കിൽ, ധാർമ്മികത, സഹനം, നീതി, മനുഷ്യന്റെ അന്തസ്സ്, ജീവിതത്തിന്റെ അർത്ഥം തുടങ്ങിയ ദൈനംദിനജീവിതപ്രശ്നങ്ങളെക്കുറിച്ച് ദൈവശാസ്ത്രപരമായി ചിന്തിക്കാൻ അവർ സജ്ജരായിരിക്കണം. ഈ രൂപീകരണമില്ലെങ്കിൽ, ഒന്നുകിൽ അവർ നിശ്ശബ്ദരായി തുടരുകയോ, അല്ലെങ്കിൽ സുവിശേഷത്തെ ക്രമേണ ദുർബലപ്പെടുത്തുന്ന സെക്കുലർ ചിന്താഗതികൾ സ്വീകരിക്കുകയോ ചെയ്തേക്കാം. അത് അപകടകരമാണ്.

ശ്രദ്ധ അർഹിക്കുന്ന മറ്റൊരുകാര്യം; ദൈവശാസ്ത്രം വിശ്വാസത്തെ വികലമാക്കുന്നതിൽനിന്നു സംരക്ഷിക്കുന്നു എന്നതാണ്. വിവരങ്ങളുടെ അതിപ്രസരമുള്ള ഈ യുഗത്തിൽ, ആളുകൾ അർദ്ധസത്യങ്ങൾക്കും തെറ്റുധാരണകൾക്കും ചിലപ്പോൾ ക്രിസ്തീയപ്രബോധനങ്ങളെക്കുറിച്ചുള്ള തികച്ചും തെറ്റായ വ്യാഖ്യാനങ്ങൾക്കും വിധേയരാകുന്നു. ദൈവശാസ്ത്രപരമായി അറിവുള്ള ഒരു അല്മായസമൂഹം ആശയക്കുഴപ്പത്തിൽ വീഴാനുള്ള സാധ്യത വളരെ കുറവാണ്. വൈകാരികമായി പ്രതികരിക്കുന്നതിനോ പൂർണ്ണമായും പിൻവാങ്ങുന്നതിനോ പകരം, അവർക്കു കാര്യങ്ങൾ തിരിച്ചറിയാനും ചോദ്യം ചെയ്യാനും ബുദ്ധിപൂർവം ഇടപെടാനും കഴിയും. ദൈവശാസ്ത്രപരമായ ആഴമില്ലെങ്കിൽ, അല്മായപ്രേഷിതത്വം (lay apostolate) എന്ന ആശയം പൊള്ളയായിത്തീരും– അതു യാതൊരു ബോധ്യവുമില്ലാത്ത വെറും പ്രവർത്തനങ്ങളായി ചുരുങ്ങും.

ഇതിന് ആഴത്തിലുള്ള, ആത്മീയമായ മറ്റൊരു മാനവുമുണ്ട്. ശരിയായ രീതിയിൽ പഠിപ്പിക്കപ്പെടുമ്പോൾ ദൈവശാസ്ത്രം വിശ്വാസത്തെ ഇല്ലാതാക്കുന്നില്ല; മറിച്ച്, അതിനെ കൂടുതൽ ആഴമുള്ളതാക്കുന്നു. ത്രിത്വം, മനുഷ്യാവതാരം, ദൈവകൃപ തുടങ്ങിയ രഹസ്യങ്ങളുടെ സമ്പന്നത മനസ്സിലാക്കുന്നത് അവയെ

കേവലം വികാരശൂന്യമായ ആശയങ്ങളാക്കുന്നില്ല; മറിച്ച് അതു കൂടുതൽ അഗാധമായ വിസ്മയലോകം തുറന്നിടുന്നു. ദൈവവുമായുള്ള ഉപരിപ്ലവമായ ഒരു ബന്ധത്തിൽനിന്ന് കൂടുതൽ അടുത്തതും ബോധപൂർവമായ ഒരുകൂട്ടായ്മയിലേക്ക് ഇതു വിശ്വാസികളെ നയിക്കുന്നു. ഈ അർത്ഥത്തിൽ, ദൈവശാസ്ത്രം കേവലം അറിവു മാത്രമല്ല, വിശുദ്ധിയിലേക്കുള്ള ഒരു പാതയായി മാറുന്നു. ഫ്രാൻസിസ് മാർപാപ്പ, ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ ദൈവശാസ്ത്രചിന്തകളെ 'മുട്ടിൻമേൽനിന്നുകൊണ്ടുള്ള ദൈവശാസ്ത്രം' എന്ന് പല ആവൃത്തി വിശേഷിപ്പിച്ചപ്പോൾ ദൈവശാസ്ത്രത്തിലുള്ള ആഴപ്പെടൽ ഒരു വ്യക്തിയെ പ്രാർത്ഥനയിലും എളിമയിലും വിശുദ്ധിയിലും വളർത്തുന്നുവെന്നു പഠിപ്പിക്കുകയായിരുന്നു.

വിശ്വാസം കാത്തുസൂക്ഷിക്കുന്നതിലും കൈമാറുന്നതിലും വിശ്വാസികളുടെ മുഴുവൻ സമൂഹത്തിനും പങ്കുണ്ടെന്ന് വിശുദ്ധ ന്യൂമാൻ വാദിച്ചു. ഈ ആശയത്തെ പലപ്പോഴും 'സെൻസൂസ് ഫിദേലിയും' (sensus fidelium - വിശ്വാസികളുടെ ബോധ്യം) എന്നു വിളിക്കുന്നു. ന്യൂമാനെ സംബന്ധിച്ചിടത്തോളം, വിദ്യാസമ്പന്നരായ അല്മായർ എന്നത് ഒരു ആഡംബരമായിരുന്നില്ല; മറിച്ച്, സഭയുടെ വിശ്വാസത്തിന്റെ സമഗ്രതയ്ക്കുള്ള ഒരു സുരക്ഷാ കവചമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു പിന്നിലെ പ്രധാന ദൈവശാസ്ത്രസ്വാധീനങ്ങളിലൊരാളായ Yves Congar ന്റെ കൃതികളിലും ഇതേ ബോധ്യം കാണാം. അല്മായരെ ദൈവശാസ്ത്രം പഠിപ്പിക്കാത്ത ഒരു സഭ, ഉൾവലിയുന്നതും യഥാർത്ഥ മാനുഷികാനുഭവങ്ങളിൽനിന്ന് ഒറ്റപ്പെടുന്നതുമായി മാറാൻ സാധ്യതയുണ്ടെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. ഈ ദൗത്യം അവഗണിക്കുന്ന സഭ അന്തർമുഖമാകാനും ദൗത്യനിർവഹണത്തിൽ ഫലശൂന്യമാകാനും ഇടയാകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

വൈദികരുടെ ഏതാനും ജോലികൾ അല്മായരെ ഏല്പിക്കുന്നതല്ല (clericalization of the laity) അല്മായശക്തീകരണം. വൈദികമേധാവിത്വത്തിന്റെ പേരിൽ യൂറോപ്യൻ രാ

ജ്യങ്ങളിലും മറ്റും സംഭവിച്ചതുപോലെ വളരെ ഏകാധിപത്യ പ്രവണതകൾ വച്ചുപുലർത്തുന്ന അല്മായനിലപാടുകളും ശരിയല്ല. അല്മായർ, സമർപ്പിതർ, വൈദികർ, മെത്രാന്മാർ എന്നീ നാലു വിഭാഗത്തിലുംപെട്ടവരും ദൈവശാസ്ത്രം പഠിക്കണം. നാലു വിഭാഗത്തിലുംപെട്ടവരുടെ പരസ്പര തുറവിയും കേൾവിയും കൂടിവരവുമാണ് യഥാർത്ഥ ദൈവശാസ്ത്രത്തെയും സഭയെയും ജനിപ്പിക്കുന്നത് എന്നുപറയാറുണ്ട്. എങ്കിൽ മാത്രമേ ദൈവശാസ്ത്രം ജനകീയമാകൂ. ദൈവശാസ്ത്രം എല്ലാ വിശ്വാസികളുടെയും വിഷയമാകണം. പലപ്പോഴും അതിനെ അല്മായരിൽനിന്ന് അകറ്റിനിർത്തിയിട്ടുണ്ട്. അല്മായരെ ദൈവശാസ്ത്രത്തിൽനിന്ന് അകറ്റിനിർത്തിയപ്പോൾമുതൽ ദൈവശാസ്ത്രവിഷയങ്ങൾ പരിചയമില്ലാത്ത ഒരു വലിയ വിഭാഗം അല്മായർ സഭയിൽ ജന്മമെടുത്തു. പഠിപ്പിക്കുന്ന സഭയും (ecclesia docens), പഠിക്കുന്ന സഭയും (ecclesia discerns) തമ്മിലുള്ള അകലം കുറയണം.

വിശുദ്ധ ന്യൂമാന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമത്രേ: ''എനിക്കാവശ്യം തങ്ങളുടെ മതത്തെക്കുറിച്ചു നല്ല അവബോധമുള്ള അല്മായരെയാണ്; അല്ലാതെ കടുംപിടത്തക്കാരും, വിമർശകരും, സംസാരത്തിൽ മിതത്വവും നിയന്ത്രണവും ഇല്ലാത്തവരും, വാക്കുതർക്കങ്ങളിൽ ഏർപ്പെടുന്നവരുമായ കുറെ ആളുകളെഅല്ല. സഭയുടെ വിശ്വാസപാരമ്പര്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിവുള്ള അല്മായർ ഉണ്ടാകണം. എവിടെ നിൽക്കുന്നു എന്ന് വിവേചിച്ചറിയാൻ കഴിവുള്ള അല്മായരെയാണ് ആവശ്യം. തങ്ങളുടെ വിശ്വാസസംഹിത ശരിയായി അറിയാവുന്നവരും അതിനു വിശദീകരണം നൽകാൻ കഴിയുന്നവരുമായ അല്മായരെയാണ് ആവശ്യം. സഭയുടെ ചരിത്രം അറിയാവുന്നവരും ചരിത്രത്തെ പ്രതിരോധിക്കാൻ അറിയാവുന്നവരുമായ അല്മായർ ഉണ്ടാകണം. എനിക്കാവശ്യം ബുദ്ധിയും പക്വമായ അറിവുമുള്ള അല്മായരെയാണ്''. വളരെ അർത്ഥസമ്പുഷ്ടമായ ഒരു വിശദീകരണമാണ് വിശുദ്ധ ന്യൂമാൻ നൽകിയത്. ഇത്തരം അല്മായരെ കേൾക്കുക

സഭാനേതൃത്വത്തിന് അത്യന്താപേക്ഷിതമാണ്. കാരണം, സഭയുടെ ശ്ലൈഹികപാരമ്പര്യത്തിന്റെയും പ്രബോധനത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം അല്മായരാണ്. സഭയുടെ ഹൃദയത്തിലുള്ള ഒരു സ്വാഭാവികവാസനയാണിത്. അല്മായരെ ബോധവൽക്കരിക്കുക എന്നത് സഭയുടെ പ്രബോധനാധികാരത്തിന്റെ (magisterium) ഉത്തരവാദിത്വമാണ്. ശരിയായ വിശ്വാസപരിശീലനത്തിനു സമയം കണ്ടെത്തി അല്മായരെ കേൾക്കുന്നത് സഭാനേതൃത്വത്തിനും നല്ലതത്രേ. വേണ്ട പരിശീലനം കിട്ടാത്ത അല്മായർക്ക് കൂട്ടത്തോടെ തെറ്റുപറ്റിയ ചരിത്രം നമുക്കുണ്ട്; മറിച്ച്, അല്മായർ സത്യവിശ്വാസം സംരക്ഷിച്ച് സഭാനേതൃത്വത്തെ സത്യവിശ്വാസത്തിൽ ഉറപ്പിച്ച ചരിത്രവും നമ്മുടേതാണ്.

തങ്ങളോട് ആലോചിക്കണമെന്നത് ഒരു അവകാശമായി വാദിക്കാതെ വിശ്വാസവിഷയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമാണ് എന്നു ചിന്തിക്കുന്ന അല്മായരെയാണ് ആവശ്യം. അന്ധവിശ്വാസവും അല്പവിശ്വാസവും തെറ്റായ ചിന്താധാരകളും വച്ചുപുലർത്തുന്ന അല്മായരുണ്ട്. കേവലം വൈകാരികഭക്തികളും സെക്കുലർ സമീപനങ്ങളും പുലർത്തുന്നവരുമുണ്ട്. ഇവിടെയാണ് പരിശീലനത്തിന്റെ ആവശ്യം കൂടുതലായിവരുന്നത്.

അല്മായരുടെ ദൈവശാസ്ത്രപരിശീലനം സമുദായശക്തീകരണത്തിന് അത്യന്താപേക്ഷിതമാണ് എന്ന ചിന്തയോടെ നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന അൽഫോൻസിയൻ അക്കാദമി ഓഫ് റിലീജിയസ് സയൻസസ് Pontifical Oriental Institute of Religious Studies വടവാതൂരിന്റെ അംഗീകാരത്തോടെ അൽമായർക്കായുള്ള ദൈവശാസ്ത്രകോഴ്സുകളുടെ പുതിയ ബാച്ച് ജൂലൈ മാസം 3-ാം തീയതി ആരംഭിക്കുകയാണ്. എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 02.30 മുതൽ വൈകുന്നേരം 05.30 വരെയാണ് ക്ലാസുകൾ നടക്കുന്നത്.

Three-year Diploma in Theology, Two-year Advanced Diploma in Theology എന്നീ കോഴ്സുകൾക്കൊപ്പം One Year Basic Syriac Course കൂടി ആരംഭിക്കുകയാണ്. സുറിയാനിഭാഷയും ഗീതങ്ങളും പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഇതൊരു നല്ല അവസരമായിരിക്കും. ദൈവശാസ്ത്രം നമ്മുടെ സഭയിലെ അല്മായർ പഠിക്കുമ്പോൾ സുറിയാനിഭാഷയോടും ആരാധനാക്രമത്തോടും ബന്ധപ്പെട്ടു വേണം പഠിക്കാൻ. കാരണം, നമ്മുടെ തക്സയിൽത്തന്നെ ഡോഗ്മായും ഡോക്ട്രിനും ഉണ്ട്. പൗരസ്ത്യസുറിയാനിഭാഷ സംരക്ഷിക്കുന്നത് മാറ്റങ്ങളെ ചെറുക്കാനല്ല; മറിച്ച്, നാം വളരുമ്പോഴും നമ്മുടെ വേരുകളിൽ ഉറച്ചുനിൽക്കുന്നതിനാണ്. വേരുകളില്ലെങ്കിൽ, വളർച്ചയ്ക്ക് ആഴമുണ്ടാകില്ല. വേരുകളുണ്ടെങ്കിലോ, വളർച്ച ഫലദായകമാവുകയും ചെയ്യും. പൗരസ്ത്യസുറിയാനിഭാഷ നമ്മെ ഭരമേല്പ്പിച്ചിരിക്കുന്ന ഒരു ദാനമാണ്. അതിനെ വീണ്ടും കണ്ടെത്തുമ്പോൾ, ആഴത്തിൽ തിരുവചനത്തിലധിഷ്ഠിതമായതും, പ്രതീകങ്ങളാൽ സമ്പന്നമായതും, നമ്മെ ഗാഢമായി രൂപാന്തരപ്പെടുത്തുന്നതുമായ ഒരു വിശ്വാസരീതിയെയാണ് നാം വീണ്ടും കണ്ടെത്തുന്നത്. ദൈവശാസ്ത്രത്തെ കവിതയിലൂടെയും ഗാനത്തിലൂടെയും പ്രതീകങ്ങളിലൂടെയും ആവിഷ്കരിക്കാൻ കഴിയുമെന്ന് മാർ അപ്രേം സഭയെ പഠിപ്പിച്ചത് ഈ ഭാഷയിലൂടെയാണ്. മാർത്തോമാ നസ്രാണികൾക്കിടയിൽ സുറിയാനിഭാഷയെ വളർത്തിയതിലും പരിപോഷിപ്പിച്ചതിലും ഈ കാലത്തും കഴിഞ്ഞ കാലത്തും നമ്മുടെ പ്രാദേശികസഭയ്ക്ക് നിർണായകപങ്കുണ്ട്. ആ പൈതൃകം നെഞ്ചിലേറ്റിയ ഒരു വിശ്വാസിസമൂഹം ഇവിടെ ഉണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്. സുറിയാനിഭാഷ പഠിക്കാൻ താത്പര്യമുള്ള എല്ലാവരും ഈ കോഴ്സിൽ പങ്കെടുക്കാൻ സമയം കണ്ടെത്തുമല്ലോ.

എല്ലാവരെയും പ്രൊഫഷണൽ ദൈവശാസ്ത്രജ്ഞരാക്കുക എന്നതല്ല ഇതിന്റെ ലക്ഷ്യം; മറിച്ച്, ലോകത്തിൽ ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ പ്രാപ്തിയുള്ള, ഉറച്ച ബോധ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുക എന്ന

താണ്. അല്മായർ ശരിയായി രൂപീകരിക്കപ്പെടുമ്പോൾ, സഭ മുഴുവൻ ശക്തിപ്പെടുന്നു. കുടുംബങ്ങൾ വിശ്വാസത്തിന്റെ വിദ്യാലയങ്ങളായി മാറുന്നു, സമൂഹങ്ങൾ ഐക്യത്തിലും ആഴത്തിലും വളരുന്നു, സുവിശേഷം വിശ്വാസ്യതയോടെയും ബോധ്യത്തോടെയും പ്രഘോഷിക്കപ്പെടുന്നു. എന്നാൽ, രൂപീകരണം അവഗണിക്കപ്പെടുമ്പോൾ വിശ്വാസം ദുർബലമാവുകയും സംശയങ്ങളാൽ എളുപ്പത്തിൽ ഉലയുകയും വെറുമൊരു ആചാരമായി മാറുകയും ചെയ്യുന്നു.

അതുകൊണ്ട്, എല്ലാ അജപാലകരോടും അധ്യാപകരോടും വിശ്വാസികളോടും ഈ ഉത്തരവാദിത്വം പുതുക്കിയ ഗൗരവത്തോടെ ഏറ്റെടുക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. പരിശുദ്ധ റൂഹാ ഈ പ്രവർത്തനങ്ങളെ നയിക്കുമെന്നും വളർത്തുമെന്നും വിശ്വസിച്ചുകൊണ്ട് നമ്മുടെ ജനത്തിന്റെ ദൈവശാസ്ത്രരൂപീകരണത്തിനായി നമുക്കു പരിശ്രമിക്കാം. കർത്താവിനെ കൂടുതൽ വിശ്വസ്തതയോടെ സ്നേഹിക്കാനും ഉദാരമായി സേവിക്കാനും അവനെ കൂടുതൽ അറിയാനുമുള്ള ആഗ്രഹം നമ്മിൽ വളരട്ടെ.

ഇടവകജനത്തെ ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ. അല്മായശക്തീകരണത്തിന്റെ മാതൃകയാകാൻ ഓരോ ഇടവകയ്ക്കും സാധിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 03.05.2026

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: *ഈ ഇടയലേഖനം 2026 മേയ് 10-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

# ജന്മദിനാഘോഷം - മറുപടി പ്രസംഗം
# മാർ ജോസഫ് പള്ളിക്കാപറമ്പിൽ

Your Eminence The Most Rev. Oswald Cardinal Gracias, Your Beatitude The Most Rev. Mar Raphael Thattil, Major Archbishop, Your Eminence The Most. Rev. Cardinal Mar George Alencherry, Your Grace The Most. Rev. Mar Thomas Tharayil, Your Excellency Rt. Rev. Joseph Kallarangattu, Your Excellencies Most Rev. Archbishops and Bishops, Very Rev. Monsignori, Rev. Fathers, Rev. Sisters and dearly beloved brothers and sisters in Christ...

"Nunc, dimittis servum tuum Domine in Peace."- 'കർത്താവേ, നിന്റെ ദാസനെ ഇനി സമാധാനത്തിൽ വിട്ടയയ്ക്കണമേ,' യഹൂദനിയമപ്രകാരം ഉണ്ണീശോയെ ദേവാലയത്തിൽ സമർപ്പിക്കുന്നതിനായി മാതാപിതാക്കൾ കൊണ്ടുചെന്നപ്പോൾ വൃദ്ധനായ ശിമയോൻ ദിവ്യശിശുവിനെ കൈയിലെടുത്തുകൊണ്ട് പ്രാർത്ഥനാപൂർവം ഉരുവിട്ട വാക്കുകളാണിത്... ഇതേ പ്രാർത്ഥനതന്നെയാണ് 100 വയസ്സിലേക്കു പ്രവേശിക്കുന്ന എനിക്കും കർത്താവിനോടു പ്രാർത്ഥിക്കാനുള്ളത്... ''കർത്താവേ നിന്റെ ദാസനെ ഇനി സമാധാനത്തിൽ വിട്ടയയ്ക്കണമേ.''

വിശുദ്ധ ഗ്രന്ഥത്തിലൂടെ കണ്ണോടിക്കുമ്പോൾ മനുഷ്യായുസ്സിനെക്കുറിച്ചുള്ള പരാമർശം സങ്കീർത്തനങ്ങളിൽ കാണാൻ സാധിക്കും. തൊണ്ണൂറാം സങ്കീർത്തനത്തിൽ നമ്മൾ വായിക്കുന്നു... ''ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു വർഷമാണ്. ഏറിയാൽ എൺപത്.'' ഈ ബൈബിൾസന്ദേശത്തിന്റെ അർത്ഥമെന്തെന്ന് പല ബൈബിൾപണ്ഡിതരോടും ഞാൻ അന്വേഷിക്കുകയുണ്ടായി. എന്നാൽ, തൃപ്തികരമായ മറുപടി എനിക്കു ലഭിച്ചില്ല. ഒരിക്കൽ ഞാൻ ഇതേക്കുറിച്ചു സംസാരിച്ചപ്പോൾ ഇപ്രകാരം ഒരു മറുപടി ലഭിക്കുകയുണ്ടായി: 'ഓരോരുത്തരും അവരവരുടെ ജീവിതകാലത്തു ചെയ്തിട്ടുള്ള

തെറ്റുകൾക്കും കുറ്റങ്ങൾക്കും പാപങ്ങൾക്കുമെല്ലാം പരിഹാരം ചെയ്യാനായിട്ടാണ് ദൈവം 80 വയസ്സിൽ കൂടുതൽ സമയം അവർക്ക് അനുവദിക്കുന്നത്.'' ഈ വിശദീകരണം ബഹുഭൂരി പക്ഷം ആളുകളെയും സംബന്ധിച്ചിടത്തോളം ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. എങ്കിലും എന്നെ സംബന്ധിച്ചിട ത്തോളം ഇതു പരിപൂർണ്ണമായും ശരിയാണ്. എന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ വന്നുപോയിട്ടുള്ള കുറവുകൾക്കും തെറ്റുകൾക്കും കുറ്റങ്ങൾക്കും ഉപേക്ഷകൾക്കും എത്രമാത്രം ഞാൻ പരിഹാരം ചെയ്തുകഴിഞ്ഞു എന്നതിൽ എനിക്കു സം ശയമുണ്ട്. എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവയ്ക്കു പരിഹാരം ചെയ്യാൻ എനിക്കു സന്തോഷമേയുള്ളൂ.

ഇപ്പോൾ ഇവിടെ എത്തിയിരിക്കുന്ന അഭിവന്ദ്യപിതാക്ക ന്മാരും മറ്റെല്ലാ അതിഥികളും എന്നെ അവസാനമായി ഒരി ക്കൽക്കൂടി കാണാമെന്നു കരുതി വന്നിരിക്കുകയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അവർക്കെല്ലാം ഞാൻ ആത്മാർത്ഥ മായി നന്ദി പറയുകയാണ്.

എന്റെ ജീവിതത്തെക്കുറിച്ച് നന്ദി നിറഞ്ഞ ഹൃദയത്തോ ടെയല്ലാതെ എനിക്കോർക്കാൻ സാധിക്കില്ല. കാരുണ്യവാനായ ദൈവം എല്ലായ്പോഴും എനിക്കു സമൃദ്ധമായി നന്മകൾ നൽകി. വൈദികജീവിതത്തിലും മെത്രാനടുത്ത ശുശ്രൂഷയിലും നിർ ലോപം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. എല്ലാ അനുഗ്രഹങ്ങൾ ക്കും വേണ്ടവിധം പ്രത്യുത്തരം നൽകാൻ എനിക്ക് സാധിച്ചി ട്ടില്ല. ക്രൈസ്തവപാരമ്പര്യമുള്ള കുടുംബത്തിൽ ജനിക്കാനും കത്തോലിക്കാസ്ഥാപനങ്ങളിൽത്തന്നെ പരിശീലനം സിദ്ധി ക്കാനും സാധിച്ചതൊക്കെ ദൈവത്തിന്റെ പദ്ധതികളല്ലാതെ മറ്റെന്താണ്? എന്റെ ജീവിതയാത്രയിൽ അനുനിമിഷം എന്നെ കാത്തുസംരക്ഷിച്ച് അനുഗ്രഹങ്ങൾ നൽകിയ നല്ല തമ്പുരാന് ഞാൻ നന്ദി അർപ്പിക്കുകയാണ്.

ഫലസമൃദ്ധമായ ഒരു ഭൂമിയിൽ അജപാലനശുശ്രൂഷ നിർവഹിക്കുവാനാണ് ദൈവം എന്നെ നിയോഗിച്ചത്. പാലാ

രൂപതയെ ഏറ്റവും പവിത്രവും സമർത്ഥവുമായ രീതിയിൽ 30 വർഷക്കാലം നയിച്ച അഭിവന്ദ്യ വയലിൽപിതാവ് ജോലിയിൽ നിന്നു വിരമിക്കുന്നതിനുമുമ്പ് രൂപതയ്ക്കാവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയിരുന്നു. ഒരപ്പന്റെ കരുതലോടെ അഭിവന്ദ്യപിതാവ് തന്റെ പിൻഗാമിക്ക് യാതൊരു തരത്തിലുള്ള പ്രയാസങ്ങളും ഉണ്ടാകരുത് എന്ന തീരുമാനത്തോടെയാണ് എല്ലാ സംവിധാനങ്ങളും ഒരുക്കിയത്. ഭാഗ്യസ്മരണാർഹനായ വയലിൽ പിതാവിന്റെ പാവനസ്മരണകൾക്കു മുമ്പിൽ ഞാൻ പ്രണാമം അർപ്പിക്കുന്നു.

ഞാൻ നിങ്ങളോട് ഒരു രഹസ്യം വെളിപ്പെടുത്തട്ടെ... ഞാൻ പണ്ടേ കടന്നുപോകേണ്ടതായിരുന്നു. ഇത്രയുംകാലം ജീവിച്ചിരുന്നതിന്റെ പ്രധാനകാരണം അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവാണ്. തൊണ്ണൂറ്റിയൊന്നാം സങ്കീർത്തനത്തിൽ പറയുന്നുണ്ടല്ലോ... ''നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്ന് തന്റെ ദൂതന്മാരോടു കല്പിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും.'' എന്റെ എല്ലാ ആവശ്യങ്ങൾക്കും എപ്പോഴും ഒരു ദൈവദൂതനെപ്പോലെ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് എനിക്കു സഹായത്തിനുണ്ടായിരുന്നു. പിതാവിന്റെ സ്നേഹവും കരുതലും പരിരക്ഷയുമാണ് എനിക്കു സമാധാനവും ബലവും നൽകിയതും നല്കിക്കൊണ്ടിരിക്കുന്നതും.

ഞാൻ വിരമിച്ചിട്ട് 22 കൊല്ലമായി. ഈ കാലമത്രയും അഭിവന്ദ്യപിതാവും ബഹുമാനപ്പെട്ട വൈദികരും ഈ ഭവനത്തിലെ ജോലിക്കാരുമെല്ലാം എനിക്കു താങ്ങും തണലുമായി എപ്പോഴുമുണ്ടായിരുന്നു. അവരുടെ സൗഹൃദവും സംരക്ഷണവും പ്രാർത്ഥനയുമാണ് എന്റെ ദീർഘായുസ്സിന്റെ രഹസ്യം. അവരോടെല്ലാം ഈ അവസരത്തിൽ നന്ദി പറയുകയാണ്.

ഈ ചടങ്ങുകൾ ഏറ്റവും സന്തോഷപ്രദമാക്കിയ എല്ലാവരോടും ഞാൻ വിനയപൂർവം കൃതജ്ഞത അർപ്പിക്കുന്നു.

വളരെയേറെ ത്യാഗം സഹിച്ച് ഇവിടെവന്ന് സന്തോഷം പങ്കു വച്ച അഭിവന്ദ്യപിതാക്കന്മാർക്കും ജനപ്രതിനിധികൾക്കും എന്റെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും ഇവിടെ സന്നിഹി തരായിട്ടുള്ള എല്ലാ അതിഥികൾക്കും നന്ദിയും സ്നേഹവും ഞാൻ ആത്മാർത്ഥമായി അറിയിക്കുന്നു.

May I say a word of special thanks to His Eminence Cardinal Oswald Gracias. It has been so good of His Eminence to take all the troubles to make this long journey to Palai inspite of, as I understand some health problems. He has a special affection for the diocese of Palai and if I am allowed to say a special consideration for me. Your Eminence may I thank you for your gracious presence.

സ്നേഹമുള്ളവരേ, നിങ്ങളെല്ലാവരുടെയും പ്രാർത്ഥനാ സഹായം ഞാൻ യാചിക്കുകയാണ്. നിങ്ങളുടെ സ്നേഹത്തിനും പരിഗണനയ്ക്കുമെല്ലാം ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ടും നല്ലവനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കെല്ലാ വർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. നന്ദി....

Card. George Jacob Koovakad

വത്തിക്കാൻ

10 ഏപ്രിൽ 2026

**സന്ദേശം**

അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവേ,

ദൈവത്തിനും മനുഷ്യർക്കും പ്രിയങ്കരനായി, സഭയ്ക്കും നാടിനും അഭിമാനമായി അനുഗ്രഹപൂർണമായ ശതാഭിഷേകത്തിലേക്കു പ്രവേശിച്ച വന്ദ്യപിതാവിന് ഏറെ സ്നേഹത്തോടെയും ആദരവോടെയും ജന്മദിനാശംസകൾ നേരുന്നു. ഇക്കാലമത്രയും ആരോഗ്യപൂർണനായി അങ്ങയെ കാത്ത നല്ല ദൈവത്തിനു നന്ദി പറയുന്നു. അങ്ങയിലൂടെ പാലാരൂപതയ്ക്കും, കേരളസഭയ്ക്കും, ആഗോളസഭയ്ക്കും ലഭിച്ച നിരവധിയായ നന്മകളോർത്ത് ദൈവത്തെ സ്തുതിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

അഭിവന്ദ്യപിതാവ് സെമിനാരിപഠനം പൂർത്തിയാക്കുകയും 1958 ൽ വൈദികനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്ത റോമാനഗരത്തിൽനിന്നു പിതാവിന് ഈ ആശംസകൾ എഴുതാൻ ഏറെ സന്തോഷമുണ്ട്. ഈ സവിശേഷാവസരത്തിൽ നേരിട്ടുവന്ന് ആശംസകൾ അറിയിക്കാൻ സാധിക്കാത്തതിലുള്ള ഖേദം രേഖപ്പെടുത്തുന്നു. പിതാവിന്റെ അനുകരണാർഹമായ ജീവിതക്രമവും ചിട്ടയായ പ്രവർത്തനശൈലിയും അത്ഭുതത്തോടെയാണ് ഞാൻ നോക്കിക്കണ്ടിട്ടുള്ളത്. എനിക്കു നാലു ദിവസം പ്രായമുള്ളപ്പോൾ മെത്രാൻപട്ടം സ്വീകരിച്ച അങ്ങ് അഞ്ചു പതിറ്റാണ്ടുകൾക്കിപ്പുറവും എളിമയുടെയും ലാളിത്യത്തിന്റെയും മാതൃകയായി നിലകൊള്ളുന്നുവെന്നത് സഭയിലെ ശുശ്രൂഷാസ്ഥാനത്തുള്ളവർക്കെല്ലാം ജീവിതത്തിൽ പകർത്താവുന്ന നല്ല സാക്ഷ്യമാണ്. 'വൃദ്ധരിലാണു വിജ്ഞാനം; വയോധികനിലാണു വിവേകം' (ജോബ് 12, 12) എന്ന തിരുവചനം

പിതാവിന്റെ ജീവിതത്തിൽ അന്വർത്ഥമാണ്. സീറോ മലബാർ സഭയുടെ നന്മയ്ക്കും ശ്രേയസ്സിനുംവേണ്ടി മെത്രാന്മാരോടുള്ള കൂട്ടായ്മയിൽ, പ്രത്യേകിച്ച് അഭിവന്ദ്യ മാർ ജോസഫ് പൗവ ത്തിൽ പിതാവിനോടുള്ള ആത്മബന്ധത്തിൽ അങ്ങ് അത്യ ധികം പരിശ്രമിച്ചു.

ഈ ജന്മദിനം വലിയ സന്തോഷത്തിന്റെ അവസരമാണ് പാലാ രൂപതയ്ക്കു മാത്രമല്ല, അങ്ങയെ അറിയുന്ന എല്ലാവർ ക്കും, അങ്ങയുടെ നന്മയുടെയും ഉപവിയുടെയും ഫലങ്ങൾ അനുഭവിച്ചിട്ടുള്ള എല്ലാവർക്കും ഇത് അതിയായ സന്തോഷ ത്തിന്റെ അവസരമാണ്. അധികമാർക്കും ലഭിക്കാത്ത അപൂർ വമായ ഭാഗ്യമാണ് പിതാവ് ഇപ്പോൾ ജീവിക്കുന്നത്. എന്റെ പ്രാർത്ഥനകളും ആശംസകളും പിതാവിനു നേരുന്നു. പിതാ വിന്റെ പ്രാർത്ഥനകളിൽ എന്നെയും ഓർക്കുമല്ലോ.

മാർ ജോർജ് കുവക്കാട്

പ്രീഫെക്ട്, മതാന്തരസംവാദത്തിനായുള്ള ഡിക്കസ്റ്ററി

DICASTERO PER IL DIALOGO INTERRELIGIOSO

Via della Conciliazione 5, 00193 Roma (Italia) dialogo@interrel.va +39 06 698 84321

N-o.4199/K-5/K-C-B-C/O-L/D-S 16.04.2026

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ മേയ്ദിന സന്ദേശം - 2026

''ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ?'' (മർക്കോസ് 6:3)

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

മേയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളിദിനമായി ലോകമെങ്ങും കൊണ്ടാടുന്നു. തൊഴിലാളിയുടെ അവകാശങ്ങളും തൊഴിലിന്റെ മാന്യതയും സംരക്ഷിച്ചുകിട്ടുന്നതിനായി തൊഴിലാളിസമൂഹം നടത്തിയ ധീരമായ പോരാട്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ഓരോ മേയ്ദിനവും. അതോടൊപ്പം തൊഴിലാളിമധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ്. എല്ലാ തൊഴിലാളികൾക്കും ഹൃദയം നിറഞ്ഞ തൊഴിലാളിദിനാശംസകൾ നേരുന്നു.

''കൃത്രിമബുദ്ധിയുടെ കാലഘട്ടത്തിൽ തൊഴിലിന്റെ മാന്യതയും തൊഴിലാളിയുടെ മഹത്ത്വവും ചർച്ചയാക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിലും രാജ്യത്തിലും തൊഴിൽമേഖല നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും ആഴത്തിൽ ചിന്തിക്കാൻ ഇതു നമ്മെ സഹായിക്കും.

നസറത്തിലെ വിനീതനായ മരപ്പണിക്കാരനായ വിശുദ്ധ ജോസഫ്, ജോലി വെറും ഉപജീവനമാർഗമായല്ല; ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട വിശുദ്ധ വിളിയായിട്ടാണ് കണ്ടത്. ഈ മനോഭാവമാണ് ഓരോ തൊഴിലാളിക്കും ഉണ്ടാകേണ്ടത്. വിശുദ്ധ ബൈബിൾ പറയുന്നു: ''കർത്താവായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻതോട്ടത്തിൽ താമസിപ്പിച്ചു. അതിനെ കൃഷി ചെയ്യുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുവാൻ നിയോഗിച്ചു'' (ഉല്പത്തി 2:15). അതിനാൽ ജോലി മനുഷ്യന്റെ

ജീവൻ നിലനിർത്താനുള്ള ഒരു മാർഗം മാത്രമല്ല; അത് ദൈവത്തിന്റെ സൃഷ്ടിപരമായ ദൗത്യത്തിൽ മനുഷ്യനു ലഭിച്ചിരിക്കുന്ന പങ്കാളിത്തംകൂടിയാണ്. അതിനാൽ അവകാശങ്ങളോടൊപ്പം കടമകളും ഉത്തരവാദിത്വങ്ങളും തങ്ങൾക്കുണ്ടെന്ന് ഓരോ തൊഴിലാളിയെയും ഓർമ്മപ്പെടുത്തുന്ന അവസരം കൂടിയാണ് തൊഴിലാളിദിനം.

തൊഴിൽകമ്പോളത്തിൽനിന്നും പരമാവധി ലാഭം കൊയ്യാനുള്ള ത്വരയിൽ, ഇന്നു തൊഴിലാളികളും ലാഭം കൊയ്യാനുള്ള ചൂഷണോപാധിയായി ചുരുക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിശുദ്ധ ലെയോ പതിന്നാലാമൻ പാപ്പായുടെ പ്രബോധനം ഏറെ പ്രസക്തമാണ്: ''ഏതൊരു ജോലിസാഹചര്യത്തിന്റെയും കേന്ദ്രബിന്ദു മൂലധനമോ, കമ്പോള നിയമങ്ങളോ, ലാഭമോ ആകരുത്; മറിച്ച്, വ്യക്തിയും കുടുംബവും അവരുടെ ക്ഷേമവുമായിരിക്കണം. ബാക്കിയെല്ലാം ഇതിന് പിന്നിൽ രണ്ടാമതായി മാത്രമേ വരാവൂ'' (ലെയോ പതിന്നാലാമൻ പാപ്പാ 2025 ഡിസംബർ 18 ന് തൊഴിലാളിപ്രവർത്തകർക്കു നല്കിയ സന്ദേശം).

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയാണ് അസംഘടിതതൊഴിലാളി സമൂഹം. കൃഷി, നിർമ്മാണം, മത്സ്യബന്ധനം, ഗൃഹപരിചരണം, ചെറുകിടകച്ചവടം, സേവനം തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ രാജ്യത്തിന്റെ വികസനത്തിന് നിർണായകസംഭാവന നൽകുന്നുണ്ട്. രാജ്യത്തിന്റെ തൊഴിൽശക്തിയിൽ 94 ശതമാനം വരുന്ന ഈ വിഭാഗം മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (ജി ഡി പി) 65 ശതമാനം സംഭാവന നല്കുന്നു. എന്നാ, അവരുടെ സേവനം മിക്കവാറും അദൃശ്യവും അവഗണിക്കപ്പെട്ടതുമായി മാറുന്നു. ജോലിസ്ഥിരതയില്ലായ്മ, സാമൂഹികസുരക്ഷ പദ്ധതികളുടെ അഭാവം, കുറഞ്ഞ വേതനം, വിലക്കയറ്റം, സുരക്ഷിതമല്ലാത്ത ജോലിസ്ഥലങ്ങൾ എന്നിവ അവരുടെ ജീവിതത്തെ ദുഷ്കരമാക്കുന്നു. ഇവയെ അതിജീവിക്കാനാവശ്യമായ നിയമങ്ങളും

പദ്ധതികളും, സാമ്പത്തികപിന്തുണയും സർക്കാരുകൾ ഉറപ്പാക്കേണ്ടതുണ്ട്.

സഹകരണ - സ്വയംസഹായസംഘങ്ങൾ ശക്തിപ്പെടുത്തുകയും നൈപുണ്യപരിശീലനം നേടുകയും സാമൂഹികസുരക്ഷ പദ്ധതികൾ പ്രയോജനപ്പെടുത്തുകയും സാമ്പത്തിക മുൻകരുതൽ ഉറപ്പാക്കുകയും ചെയ്യുകയെന്നത് തൊഴിലാളിയുടെ പ്രധാന ഉത്തരവാദിത്വമാണ്. രാജ്യത്തു നിലവിൽ വന്നിരിക്കുന്ന പുതിയ തൊഴിൽനിയമങ്ങൾ സംഘടിതമേഖലയെ ക്ഷീണിപ്പിക്കുന്നതും ജീവനക്കാരെ അസംഘടിതതൊഴിലാളികളായി മാറ്റുന്നതും അസംഘടിതമേഖലയെ പരിഗണിക്കാത്തതുമാണെന്ന ട്രേഡ് യൂണിയനുകളുടെ ആക്ഷേപം ശക്തമാണ്. അതിനാൽ അസംഘടിതതൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും സാമൂഹികസുരക്ഷയ്ക്കും ഊന്നൽ നല്കുന്ന അഞ്ചാം തൊഴിൽനിയമം നിർമ്മിച്ച് പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഈ അവസരത്തിൽ സർക്കാരിനു മുമ്പിൽ ആവശ്യമായി ഉന്നയിക്കുന്നു.

വിശുദ്ധ യാക്കോബ് ശ്ലീഹാ നമുക്ക് മുന്നറിയിപ്പ് നൽകുന്നു: ''നിങ്ങൾ കൊടുക്കാതെ പിടിച്ചുവച്ച തൊഴിലാളികളുടെ വേതനം നിങ്ങൾക്കെതിരേ നിലവിളിക്കുന്നു'' (യാക്കോബ് 5:4).

ഇന്ന് ഈ നിലവിളികൾ ഇന്ത്യയിലെ അസംഘടിതതൊഴിലാളികളുടെയും കുടിയേറ്റത്തൊഴിലാളികളുടെയും യുവജനങ്ങളുടെയും ജീവിതത്തിൽ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾക്കുവേണ്ടിയുള്ള നിലവിളികളുമാണ്.

സാങ്കേതികപുരോഗതിയും കൃത്രിമബുദ്ധിയും തൊഴിൽലോകത്തെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യനെ വെറും ഒരു 'സ്രോതസ്സായും ഉപാധിയായും' മാത്രം കാണുന്ന സമീപനം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. സാങ്കേതികവിദ്യ മനുഷ്യനെ സേവിക്കാനും സഹായിക്കാനുമുള്ളതാണ്, മനുഷ്യനെ മാറ്റിസ്ഥാപിക്കാനുള്ളതല്ല. ദാരിദ്ര്യം, കാർഷിക പ്രതിസന്ധി, തൊഴിലവസരങ്ങളുടെ കുറവ്, തൊഴിൽ സുര

ക്ഷിതത്വമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രത്യേകിച്ചും യുവജനങ്ങൾ ഗ്രാമങ്ങളിൽ നിന്നു നഗരങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും കുടിയേറുന്നു. പലപ്പോഴും ഈ കുടിയേറ്റം അവരെ ചൂഷണത്തിനും സുരക്ഷിതമല്ലാത്ത താമസത്തിനും കുടുംബവേർപാടിനും വിധേയരാക്കുന്നു. രാജ്യത്തിന്റെ മനുഷ്യവിഭവശേഷിയാണ് ഇതിലൂടെ നഷ്ടമാകുന്നത്. തിരുവചനം അന്യരെ സ്വീകരിക്കാനും ദുർബലരെ സംരക്ഷിക്കാനും നമ്മെ വിളിക്കുന്നു: ''നിങ്ങൾ പരദേശികളെ പീഡിപ്പിക്കരുത്; നിങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നുവല്ലോ'' (പുറപ്പാട് 23:9).

കുടിയേറ്റക്കാരെ ഭാരമായി കാണാതെ സഹോദരങ്ങളായി സ്വീകരിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ ശക്തീകരണത്തിൽ തിരുസ്സഭയ്ക്ക് നിർണായകപങ്കുണ്ട്. കെസിബിസി ലേബർ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിലൂടെ തൊഴിലാളിനേതൃത്വം വളർത്തുന്നതിലും പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയവയിലൂടെ സാമൂഹികസുരക്ഷ ഉറപ്പാക്കുന്നതിനുമായി നിലകൊള്ളുന്നു. ഇതിനായി തൊഴിലാളിഫോറങ്ങൾ രുപീകരിച്ച് പ്രവർത്തിക്കുന്നു. നിർമ്മാണം, തയ്യൽ, ചെറുകിടകർഷകർ, മോട്ടോർ, കർഷകത്തൊഴിലാളി, മത്സ്യത്തൊഴിലാളി, ഗാർഹികത്തൊഴിലാളി, പീടികത്തൊഴിലാളികൾ തുടങ്ങിയ മേഖലകളിലാണ് ഫോറങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഇവയെ പ്രയോജനപ്പെടുത്താൻ ഓരോ തൊഴിലാളിയെയും പ്രചോദിപ്പിക്കുക എല്ലാവരുടെയും കടമയാണ്.

യുവജനങ്ങൾക്കും സ്ത്രീകൾക്കും സംരംഭകത്വത്തിനും തൊഴിലവസരങ്ങൾക്കും വേദി ഒരുക്കുന്ന പ്രവർത്തനങ്ങളും കെ.എൽ.എം. ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ സമൂഹത്തിലെ പാർശ്വവത്കൃതവിഭാഗങ്ങൾക്കു പ്രത്യാശയും ശക്തിയും കെ.എൽ.എം. പകർന്നുനൽകുന്നു. കത്തോലിക്കാ

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യവും പ്രാധാന്യമുള്ളതാണ്. തൊഴിലാളികൾക്കു നീതിയുക്തമായ വേതനവും സാമൂഹികസുരക്ഷയും മാന്യമായ പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. തൊഴിൽനിയമങ്ങൾ കർശനമായി പാലിക്കുകയും വേണം. സിബിസിഐ ലേബർ ഓഫീസും കെസിബിസി ലേബർ കമ്മിഷനും ഇതിനാവശ്യമായ മാർഗനിർദേശങ്ങൾ മുമ്പേ നൽകിയിട്ടുണ്ട്. അവ പാലിക്കുന്നതിൽ മാനേജ്മെന്റ് ജാഗ്രത പുലർത്തണം. അപ്പോൾ സ്ഥാപനത്തിൽ സമാധാനാന്തരീക്ഷം നിലനില്ക്കും.

ഇന്ത്യയിലെ തൊഴിൽശക്തിയിൽ സ്ത്രീകൾ നിർണായക പങ്കു വഹിക്കുന്നു. എന്നിരുന്നാലും പലപ്പോഴും അവർ വേതനവ്യത്യാസവും ചൂഷണവും അവഗണനയും നേരിടുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീകളുടെ തൊഴിൽ അനിവാര്യമാണ്. അതിനാൽ സമവേതനം, സുരക്ഷിതജോലിസ്ഥലം, സ്ത്രീകളുടെ മാന്യതയുടെ അംഗീകാരം എന്നിവ ഉറപ്പാക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം. തൊഴിൽ മനുഷ്യപുരോഗതിക്കു മാത്രമല്ല, അതു സൃഷ്ടിയുടെ സംരക്ഷണത്തോടും ബന്ധപ്പെട്ടതാണ്. പരിസ്ഥിതിനാശവും കാലാവസ്ഥാമാറ്റവും കർഷകരെയും മത്സ്യത്തൊഴിലാളികളെയും ഏറെ ബാധിക്കുന്നു. അതിനാൽ സ്ഥിരതയുള്ള ഉപജീവനമാർഗങ്ങളും പരിസ്ഥിതിസൗഹൃദ വികസനനയങ്ങളും നാം പിന്തുണയ്ക്കണം.

ഭാവിയിലെ തൊഴിൽലോകം നമ്മുടെ യുവജനങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നു. സാങ്കേതികമാറ്റങ്ങളുടെ കാലത്ത് യുവജനങ്ങൾ തൊഴിലില്ലായ്മയും നൈപുണ്യ പൊരുത്തക്കേടുംപോലുള്ള വെല്ലുവിളികൾ നേരിടുന്നു. അവർക്കായി നൈപുണ്യപരിശീലനങ്ങൾ, സംരംഭകത്വ അവസരങ്ങൾ, നേതൃപരിശീലനം എന്നിവ ഒരുക്കുന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്വമാണ്.

റേരും നൊവാരും മുതൽ ഫ്രത്തേലി തൂത്തിവരെയുള്ള എല്ലാ സാമൂഹികപ്രബോധനങ്ങളിലും തിരുസ്സഭ നിരന്തരം പഠിപ്പിക്കുന്നത് തൊഴിലാളികളുടെ മാന്യതയും അന്തസ്സുമാണ് തൊഴിലിന്റെ യഥാർത്ഥ അടിസ്ഥാനം എന്നതാണ്. ഇന്ത്യയിലെ കത്തോലിക്കാസമൂഹമായ നാം ദരിദ്രരുടെ പക്ഷത്തു നിലകൊള്ളുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സമൂഹത്തിൽ ഐക്യം വളർത്തുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരാളും പിന്നിലാകാത്ത ഒരു സഹോദരത്വസമ്പദ്‌വ്യവസ്ഥ ഇന്ത്യയിൽ രൂപപ്പെടുത്താൻ നാം പ്രതിജ്ഞാബദ്ധരാണ്. ഭാരണാധികാരികൾക്ക് അതിനു കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളികളുടെ മാന്യത സംരക്ഷിക്കപ്പെടുകയും കുടിയേറ്റത്തൊഴിലാളികൾ മാന്യതയോടെ സ്വീകരിക്കപ്പെടുകയും യുവജനങ്ങളും സ്ത്രീകളും പ്രത്യാശയോടെ മുന്നേറുകയും സമാധാനം പുലരുകയും ചെയ്യൂ. അതാണ് യഥാർത്ഥവികസനം. 'സമാധാനത്തിന്റെ പേരാണ് വികസനം' എന്നാണ് പോൾ ആറാമൻ പാപ്പാ പ്രബോധിപ്പിച്ചത്.

ദൈവം എല്ലാ തൊഴിലാളികളെയും അനുഗ്രഹിക്കട്ടെ. വിശുദ്ധ യൗസേപ്പിതാവ് നമുക്കായി മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

കെ സി ബി സി ലേബർ കമ്മിഷനുവേണ്ടി,

**ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**

ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025

N-o.4198/K-5/K-C-B-C/O-L/D-S 01.04.2026

# ദൈവവിളികൾക്കായുള്ള 63-ാമത് ആഗോള പ്രാർഥനാദിനത്തിൽ

**(ഏപ്രിൽ 26, 2026)**

## പരിശുദ്ധ പിതാവ് ലെയോ പതിന്നാലാമൻ പാപ്പാ നല്കുന്ന സന്ദേശം

*അന്തരാത്മാവിൽ ദൈവികദാനം കണ്ടെത്തുന്നത്*

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവതീയുവാക്കന്മാരേ,

ഉത്ഥിതനായ യേശുവിനാൽ നയിക്കപ്പെട്ടും സംരക്ഷിക്കപ്പെട്ടും നാം പെസഹാക്കാലത്തിലെ നാലാം ഞായറാഴ്ച ആചരിക്കുന്നു. 'നല്ലിടയൻ ഞായർ' എന്ന് അറിയപ്പെടുന്ന ഇന്ന് ദൈവവിളികൾക്കായുള്ള ആഗോളപ്രാർഥനയുടെ 63-ാമതുദിനം കൂടിയാണ്. ഇതൊരു അനുഗ്രഹത്തിന്റെ അവസരമാണ്. ഈ ദിനത്തിൽ നാം ദൈവവിളിയുടെ ആന്തരികവശത്തെക്കുറിച്ച് ചില ചിന്തകൾ പങ്കുവയ്ക്കുന്നു. യഥാർഥത്തിൽ, അതു നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ പൂവണിയുന്ന ദൈവികദാനത്തിന്റെ കണ്ടെത്തലാണ്. നമ്മുടെ ഇടയൻ നമ്മെ നടത്തുന്ന ജീവിതത്തിന്റെ അതീവസുന്ദരമായ ഈ പാത നമുക്ക് ഒരുമിച്ചു കണ്ടെത്താൻ ശ്രമിക്കാം.

### സൗന്ദര്യത്തിന്റെ പാത

യോഹന്നാന്റെ സുവിശേഷത്തിൽ യേശു സ്വയം 'നല്ല ഇടയൻ' *(ഹോ പൊയ്മേൻ ഹോ കലോസ് എന്നു ഗ്രീക്ക് ഭാഷയിൽ)* (യോഹ 10:11) ആയി ചിത്രീകരിക്കുന്നു. പരിപൂർണനും ആധികാരികതയുള്ളവനും മാതൃകാപുരുഷനുമായ ഒരു ഇടയനെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്; അതായത്, തന്റെ അജഗണത്തിനുവേണ്ടി സ്വജീവൻ സമർപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്താനും തയ്യാറുള്ളവൻ. ഈ സൗന്ദര്യം തിരിച്ചറിയാൻ ശാരീരികനേത്രങ്ങളോ ലാവണ്യശാസ്ത്രസംവേദനശക്തിയോ മതിയാവില്ല; ഇതിന് അതീ

ന്ദ്രിയധ്യാനവും ആന്തരികതയും (contemplation and interiority) അത്യാവശ്യമാണ്. ഇടയന്റെ കടാക്ഷം സ്വാഗതംചെയ്യാനായി അല്പനേരം നിൽക്കുകയും ശ്രവിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന ആളിനു മാത്രമേ ആത്മവിശ്വാസത്തോടെ ഇപ്രകാരം പറയാനാവൂ: ''ഞാൻ അവനിൽ ആശ്രയിക്കുന്നു; അവനോ ടൊപ്പമുള്ള എന്റെ ജീവിതം തികച്ചും സുന്ദരമായിരിക്കും. ആ സുന്ദരപാതയിലൂടെ സഞ്ചരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'' ഇതിൽ ഏറ്റവും അനിതരസാധാരണമായുള്ളത്, അവന്റെ ശിഷ്യനായിത്തീരുന്നയാൾ യഥാർഥത്തിൽ 'സുന്ദരനായി' 'ഭവി ക്കുന്നു എന്നതാണ്; അവന്റെ സൗന്ദര്യം നമ്മെ രൂപാന്തരപ്പെടു ത്തുന്നു. പാവൽ ഫ്ളോറൻസ്കി എന്ന ദൈവശാസ്ത്രജ്ഞൻ എഴുതിയതുപോലെ, താപസചര്യ (asceticism) കേവലം ഒരു 'നല്ല''വ്യക്തിയെ ("good" person) മാത്രമല്ല ജനിപ്പിക്കുന്നത്; മറിച്ച്, ഒരു 'സുന്ദരനായവനെ' ('beautiful' one) ക്കൂടിയാണ് (1). യഥാർഥത്തിൽ, നന്മയ്ക്കുപരി, ഒരു വിശുദ്ധന്റെ സവിശേ ഷലക്ഷണം അവന്റെയോ അവളുടെയോ ക്രിസ്തുവിലുള്ള ജീവിതത്തിൽനിന്നു പ്രസരിക്കുന്ന തേജോമയമായ ആത്മീ യസൗന്ദര്യമാണ്. ഈ അർഥത്തിൽ, ക്രിസ്തീയദൈവവിളി പ്രകാശിതമാകുന്നത് യേശുവിന്റെ ജീവിതത്തിലുള്ള പങ്കാളി ത്തത്തിന്റെ ആഴത്തിനനുസരിച്ചാണ്; അതായത്, അവിടുത്തെ ദൗത്യത്തിൽ പങ്കുചേരുകയും അങ്ങനെ അവിടുത്തെ സൗന്ദര്യം പ്രതിഫലിപ്പിക്കുകയും ചെയ്യുകവഴി.

ജീവന്റെയും വിശ്വാസത്തിന്റെയും അർഥത്തിന്റെയും ഈ ആന്തരികാനുഭവം വിശുദ്ധ അഗസ്റ്റിനും ഉണ്ടായിരുന്നു. അദ്ദേ ഹം തന്റെ ആത്മകഥയുടെ (Confessions) മൂന്നാം പുസ്തകത്തിൽ യൗവനത്തിലെ പാപങ്ങളെയും തെറ്റുകളെയും അംഗീകരിച്ചു കൊണ്ട്, ദൈവം 'തന്റെ പുറമേയുള്ള ആന്തരികതയ്ക്കുമുപരി ഏറ്റവും അഗാധതലത്തിൽ' ('more inward than my most inward part') സന്നിഹിതനായിരുന്നു എന്ന് ഏറ്റുപറയുന്നു (2). സ്വ യം അറിഞ്ഞതിലുപരി അഗസ്റ്റിൻ ഇരുളിലൂടെ തന്നെ നയിച്ച

ദൈവികവെളിച്ചത്തെ കണ്ടെത്തുന്നു. തന്റെ ആത്മാവിന്റെ അന്തരാളങ്ങളിൽ ദൈവികസാന്നിധ്യം തിരിച്ചറിഞ്ഞ അഗസ്റ്റിൻ ആന്തരികജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി; അവിടെയാണ് ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഇടം; ആ കണ്ടുമുട്ടലാണ് നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ സൗന്ദര്യവും നന്മയും അനുഭവിക്കാനുള്ള മാർഗവും.

അപ്രകാരമുള്ള ഒരു ബന്ധം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് പ്രാർഥനയിലും നിശ്ശബ്ദതയിലുമാണ്. അവ പരിപോഷിപ്പിക്കപ്പെടുമ്പോൾ ദൈവവിളി എന്ന ദാനം സ്വീകരിക്കാനും അതിനോടു ക്രിയാത്മകമായി പ്രത്യുത്തരിക്കാനും നാം പ്രാപ്തരാക്കപ്പെടുന്നു. അതു നമ്മുടെമേൽ ഒരിക്കലും അടിച്ചേല്പിക്കപ്പെടുന്ന ഒന്നല്ല; മാത്രമല്ല, അത് എല്ലാവരും നിർബന്ധപൂർവം അനുരൂപപ്പെടേണ്ട ഏക മാതൃകയല്ലതാനും; മറിച്ച്, അതു സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു സാഹസമാണ്. അതിനാൽ, ആന്തരികജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി, നാം നമ്മുടെ ദൈവവിളി പ്രോത്സാഹനശുശ്രൂഷ അടിയന്തരമായി പുനരാരംഭിക്കണം; അങ്ങനെ നമ്മുടെ സുവിശേഷവൽകരണത്തിനുള്ള പ്രതിജ്ഞാബദ്ധതയും നാം നവീകരിക്കണം.

ഇതിന്റെ വെളിച്ചത്തിൽ, ഞാൻ കുടുംബങ്ങളിലും ഇടവകകളിലും സന്ന്യാസസമൂഹങ്ങളിലുമുള്ള ഓരോരുത്തരെയും മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും മതാധ്യാപകരെയും അധ്യാപകരെയും സമസ്തവിശ്വാസികളെയും ഇതിനായി ക്ഷണിക്കുന്നു; അതായത്, ഈ ദാനം സ്വീകരിക്കാനും പരിപോഷിപ്പിക്കാനും ഇതിനെ സംരക്ഷിക്കാനും അനുഗമനം ചെയ്യാനും അങ്ങനെ സമൃദ്ധമായ ഫലം ലഭിക്കാനും ഇടവരുത്തത്തക്ക രീതി ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനുമായി കൂടുതൽ പ്രതിജ്ഞാബദ്ധരാകാൻ. നമ്മുടെ സാഹചര്യങ്ങൾ സജീവവിശ്വാസത്താൽ പ്രകാശിതമാവുകയും നിരന്തരമുള്ള പ്രാർഥനയാൽ പിന്താങ്ങപ്പെടുകയും സഹോ

ദരതുല്യമായ അനുഗമനത്താൽ സമ്പന്നമാക്കപ്പെടുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ വിളി പുഷ്പിക്കപ്പെടാനും പാകപ്പെടാനും ഇടവരുന്നത്; അങ്ങനെ അതു വ്യക്തികൾക്കും ലോകത്തിനും ആനന്ദത്തിന്റെയും രക്ഷയുടെയും പാതയായി പരിണമിക്കും. നല്ല ഇടയനായ യേശു ചൂണ്ടിക്കാണിച്ചുതരുന്ന പാതയിലൂടെ സഞ്ചരിക്കുന്നതുവഴിയായി നമുക്ക് നമ്മെത്തന്നെയും നമ്മെ വിളിക്കുന്ന ദൈവത്തെയും ആഴത്തിൽ അറിയാൻ സാധിക്കും.

**പരസ്പരം അറിയുന്നത്**

"ജീവന്റെ നാഥനായ കർത്താവ് നമ്മെ അറിയുകയും തന്റെ സ്നേഹപൂർവകമായ കടാക്ഷംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ ദീപ്തമാക്കുകയും ചെയ്യുന്നു"(3). യഥാർത്ഥത്തിൽ, സ്നേഹമായിരിക്കുന്ന ദൈവത്തെ (1 യോഹ 4:16 കാണുക) അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതുവഴിയാണ് ഓരോ ദൈവവിളിയും ഉദ്ഭവിക്കുന്നത്. അവിടുത്തേക്ക് നമ്മെ ആഴത്തിൽ അറിയാം; നമ്മുടെ തലമുടിയുടെ എണ്ണംപോലും അവിടുന്ന് എടുത്തിട്ടുണ്ട് (മത്താ 10:30); അതോടൊപ്പം ഓരോ വ്യക്തിയും പിന്തുടരേണ്ട തനതായ വിശുദ്ധിയുടെയും ശുശ്രൂഷയുടെയും പാതയും അവിടുന്ന് നിർണയിച്ചുവച്ചിട്ടുണ്ട്. എന്നാൽ, ഈ അറിവ് എപ്പോഴും അന്യോന്യമായിരിക്കും. പ്രാർഥന, വചനശ്രവണം, കൂദാശകൾ, സഭാജീവിതം, നമ്മുടെ സഹോദരീസഹോദരന്മാർക്കുവേണ്ടിയുള്ള ഉപവിപ്രവർത്തനങ്ങൾ എന്നിവ വഴിയായി ദൈവത്തെ അറിയാനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. അപ്രതീക്ഷിതമായി രാത്രിയിൽ കർത്താവിന്റെ സ്വരം കേൾക്കുകയും ഏലിയുടെ സഹായത്തോടെ അതു തിരിച്ചറിയുകയും ചെയ്ത ബാലനായ സാമുവലിനെപ്പോലെ (1 സാമു 3:1–10 കാണുക) നാമും ആന്തരികനിശ്ശബ്ദതയ്ക്കായി ഒരു സ്ഥലം സജ്ജമാക്കണം; അതുവഴിയായി, നമ്മുടെ സന്തോഷത്തിനായി കർത്താവ് ആഗ്രഹിക്കുന്നത് നമുക്കു കേൾക്കാനാകും. ഇതു വളരെ ഉയർന്ന ആശയങ്ങൾ സ്വരൂപിക്കാനോ

വിദഗ്ധ അറിവ് (scholarly learning) നേടാനോ അല്ല; മറിച്ച്, നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന വ്യക്തിപരമായ കണ്ടുമുട്ടലിനുവേണ്ടിയാണ് (4). ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. നമ്മെ വിളിക്കുകയും പ്രത്യുത്തരിക്കാനായി ക്ഷണിക്കുകയും ചെയ്യുന്ന ദൈവവുമായി ഗാഢമായ സംഭാഷണത്തിൽ ഏർപ്പെടാനുള്ളതാണ് ഒരു ദൈവവിളി; ബധിരത സൃഷ്ടിക്കുന്നതരത്തിലുള്ള ലോകത്തിന്റെ ശബ്ദകോലാഹലത്തിനിടയിൽ യഥാർഥ സന്തോഷത്തോടും ഔദാര്യത്തോടും പ്രത്യുത്തരിക്കാനുള്ള ക്ഷണമാണത്.

Noli foras ire, in te ipsum redi, in interior homine habitat veritas – ''നീ നിന്നിൽനിന്ന് പുറത്തുപോകരുത്; നിന്നിലേക്കു നീ തിരിയെവരുക. ആന്തരിക മനുഷ്യനിലാണ് സത്യം കുടികൊള്ളുന്നത്''(5). അല്പനേരം നിൽക്കുകയും ആന്തരികനിശ്ശബ്ദതയ്ക്കുവേണ്ടി സ്ഥലം ഒരുക്കുകയും ചെയ്യേണ്ടത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് വീണ്ടും വിശുദ്ധ അഗസ്റ്റിൻ നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെയാണ് യേശുക്രിസ്തുവിന്റെ ശബ്ദം ശ്രവിക്കാൻ നാം പ്രാപ്തരാകുന്നത്.

പ്രിയപ്പെട്ട യുവജനമേ, ഈ ശബ്ദം കേൾക്കുവിൻ. പൂർണവും ഫലപ്രദവുമായ ഒരു ജീവിതത്തിനായി നിങ്ങളെ ക്ഷണിക്കുന്ന കർത്താവിന്റെ സ്വരം ശ്രവിക്കുവിൻ; നിങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്താനാണ് അവിടുന്ന് വിളിക്കുന്നത് (മത്താ 25:14-30), അതോടൊപ്പം നിങ്ങളുടെ പരിമിതികളും ബലഹീനതകളും ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ കുരിശിനോടു ചേർത്തുവയ്ക്കാനും. അതിനാൽ, ദിവ്യകാരുണ്യ ആരാധനയ്ക്കു സമയം കണ്ടെത്തുക; വിശ്വസ്തതയോടെ ദൈവവചനം ധ്യാനിക്കുക, അങ്ങനെ ഓരോ ദിവസവും അതു പ്രാവർത്തികമാക്കാൻ ഇടവരട്ടെ. അതോടൊപ്പം സഭയുടെ കൗദാശികവും സഭാത്മകവുമായ ജീവിതത്തിൽ സജീവവും പൂർണവുമായ വിധത്തിൽ പങ്കുചേരുക. ഈ രീതിയിൽ, നിങ്ങൾ കർത്താവിനെ അറിയുന്നവരായി ഭവിക്കും. അവിടുത്തെ

സൗഹൃദത്തിന്റെ അഗാധതയിൽ നിങ്ങൾക്ക് എങ്ങനെ നിങ്ങളെത്തന്നെ നൽകാൻ കഴിയും എന്നത് തിരിച്ചറിയാൻ സാധിക്കും; അതു വിവാഹമോ വൈദികശുശ്രൂഷയോ സ്ഥിരമായുള്ള ഡീക്കൻശുശ്രൂഷയോ സമർപ്പിതജീവിതമോ ആകാം. ഓരോ ദൈവവിളിയും സഭയ്ക്കും അതു സന്തോഷപൂർവം സ്വീകരിക്കുന്ന ആളിനും നൽകുന്നത് അളക്കാനാവാത്ത ദാനമാണ്. കർത്താവിനെ അറിയുക എന്നു പറഞ്ഞാൽ എല്ലാറ്റിനുമുപരി അവിടത്തെ കരങ്ങളിലും പരിപാലനയിലും സ്വയം ഭരമേല്പിക്കുക എന്നതത്രേ; അവിടത്തെ പരിപാലന ഓരോ ദൈവവിളിയിലും അതിസമൃദ്ധമായുണ്ട്.

**വിശ്വാസം അർപ്പിക്കുന്നത് (Trust)**

അറിവ് ആത്മവിശ്വാസത്തിലേക്കു നയിക്കുന്നു; അതായത്, വിശ്വാസത്തിൽനിന്ന് ഉതിരുന്ന മനോഭാവം; അത് ഒരാളുടെ ദൈവവിളി സ്വാഗതം ചെയ്യുന്നതിനും അതിൽ നിലനിൽക്കുന്നതിനും അത്യാവശ്യമായി വേണ്ടതാണ്. അപ്പോൾ ജീവിതം എന്നത് കർത്താവിൽ നിരന്തരമായി അർപ്പിക്കുന്ന ആശ്രയബോധമായും നമ്മെത്തന്നെ അവിടുത്തെ കരങ്ങളിൽ ഉപേക്ഷിക്കുന്ന ഒന്നായും വെളിപ്പെടുത്തപ്പെടും; അതു പലപ്പോഴും അവിടുത്തെ പദ്ധതികൾ നമ്മുടേതിനെ തകിടംമറിക്കുന്നത് ആയാൽപ്പോലും.

വിശുദ്ധ യൗസേപ്പിന്റെ കാര്യംതന്നെ നമുക്ക് പരിഗണിക്കാം. കന്യകാമറിയത്തിന്റെ ദുർഗ്രഹവും അപ്രതീക്ഷിതവുമായ ഗർഭധാരണത്തിന്റെ സാഹചര്യത്തിൽപ്പോലും അദ്ദേഹം തനിക്കു സ്വപ്നത്തിൽ ലഭിച്ച ദൈവികസന്ദേശം വിശ്വസിക്കാനും അനുസരണമുള്ള ഒരു ഹൃദയത്തോടെ മറിയത്തെയും കുഞ്ഞിനെയും സ്വീകരിക്കാനും തയ്യാറായി (മത്താ 1:18–25; 2:13–15). ദൈവത്തിന്റെ പദ്ധതികളിൽ സമ്പൂർണമായി പ്രത്യാശയർപ്പിച്ചതിന്റെ ഉത്തമമാതൃകയാണ് നസ്രത്തിലെ യൗസേപ്പ്. തനിക്കു ചുറ്റുമുള്ളതെല്ലാം ഇരുളിലും അനിശ്ചിതത്വത്തിലും ആയിരിക്കുകയും തന്റെതന്നെ പദ്ധതികളിൽനിന്നു വ്യത്യസ്ത

മായിരിക്കുന്നു എന്നു കാണുകയും ചെയ്തിട്ടും അവൻ ദൈവത്തിൽ പ്രത്യാശർയപ്പിച്ചു. കർത്താവിന്റെ നന്മയിലും വിശ്വസ്തതയിലും ഉറച്ചുവിശ്വസിച്ചുകൊണ്ട്, അവൻ ദൈവത്തിൽ പ്രത്യാശയർപ്പിക്കുകയും ദൈവകരങ്ങളിൽ സ്വയം ഉപേക്ഷിക്കുകയും ചെയ്തു. '''ഓരോ അവസരത്തിലും മംഗലവാർത്ത സമയത്തെ മറിയത്തെപ്പോലെയും ഗെത്സേമൻ തോട്ടത്തിലെ യേശുവിനെപ്പോലെയും ''അതുപോലെ ആകട്ടെ''(fiat) എന്ന് യൗസേപ്പ് ഉദ്ഘോഷിച്ചു''(6).

'പ്രത്യാശയുടെ ജൂബിലി' നമ്മെ അനുസ്മരിപ്പിച്ചതുപോലെ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ, നിരാശയ്ക്കു വഴികൊടുക്കാതെ, ദൃഢവും നിലനിൽക്കുന്നതുമായ പ്രത്യാശ അർപ്പിക്കുക എന്നത് അനിവാര്യമാണ്. ഭയവും സന്ദേഹവും നാം മറികടക്കണം; കാരണം, ചരിത്രത്തിന്റെ നാഥൻ, ലോകത്തിന്റെയും നമ്മുടെ വ്യക്തിപരമായ ചരിത്രത്തിന്റെയും നാഥൻ, ഉയിർത്തെഴുന്നേറ്റിരിക്കുന്നു. നമ്മുടെ ഏറ്റവും ഇരുണ്ട മണിക്കൂറുകളിൽ അവൻ നമ്മെ ഉപേക്ഷിക്കുകയില്ല; മറിച്ച്, തന്റെ പ്രകാശംവഴി എല്ലാ നിഴലുകളെയും അകറ്റുന്നു. പരീക്ഷകളുടെയും പ്രതിസന്ധികളുടെയും മധ്യേപോലും, തന്റെ ആത്മാവിന്റെ പ്രകാശത്താലും ശക്തിയാലും, നമ്മുടെ വിളി വളരുന്നതും പാകപ്പെടുന്നതും നമുക്കു കാണാനാകും; അത് വർധിതമാംവിധം നമ്മെ വിളിച്ചവന്റെ സൗന്ദര്യം കൂടുതൽ പ്രതിഫലിപ്പിക്കുന്ന തരത്തിലായിരിക്കും; അതു നമ്മുടെ മുറിവുകൾക്കും പരാജയങ്ങൾക്കുമുപരി വിശ്വസ്തതയും പ്രത്യാശയർപ്പണവുംവഴിയായി രൂപപ്പെട്ടിട്ടുള്ള സൗന്ദര്യമായിരിക്കും.

**പാകപ്പെടൽ (Maturation)**

ദൈവവിളി എന്നത് ഒരിടത്ത് ഉറച്ചുനിൽക്കുന്ന ഒരു യാഥാർഥ്യമല്ല; മറിച്ച്, അത് പാകപ്പെടലിന്റേതായ ഒരു ചലനാത്മക പ്രക്രിയയാണ്; അതു നമ്മുടെ കർത്താവുമായുള്ള ഗാഢബന്ധത്താൽ പരിപോഷിതമാണ്. ഒരാളുടെ ദൈവവിളിയിൽ വളരുക എന്നു പറഞ്ഞാൽ നമ്മുടെ ഹൃദയത്തിലും ജീവിത

ത്തിന്റെ സാഹചര്യങ്ങളിലും പരിശുദ്ധാത്മാവിനെ പ്രവർത്തി ക്കാൻ അനുവദിച്ചുകൊണ്ട് യേശുവിനോടൊപ്പം ആയിരിക്കുക എന്നതാണ്. അപ്പോൾ എല്ലാ കാര്യങ്ങളും ഈ ദാനത്തിന്റെ അടിസ്ഥാനത്തിൽ പുനർവ്യാഖ്യാനിക്കപ്പെടും.

മുന്തിരിച്ചെടിയും ശാഖകളും എന്നതുപോലെ (യോഹ 15:1–8 കാണുക) നമ്മുടെ ജീവിതമാകമാനം ശക്തവും സജീ വവുമായ ബന്ധത്താൽ കർത്താവിൽ രൂഢമൂലമായിരിക്കണം; അങ്ങനെ നാം, നമ്മുടെ പരീക്ഷണങ്ങളും ആവശ്യംവേണ്ട ‘‘വെട്ടിയൊരുക്കലും’’ (pruning) വഴിയായിത്തന്നെ, പൂർണ ഹൃദയത്തോടെ അവിടുത്തെ വിളിയോടു പ്രത്യുത്തരിക്കാൻ പ്രാപ്തരായിത്തീരും. അങ്ങനെയാകുമ്പോൾ, നമ്മുടെ ജീവി തത്തിലുടനീളം നാം പണിതുയർത്തുന്ന ആധികാരികമായ സാഹോദര്യത്തിന്റെ ചങ്ങലകളായിരിക്കും പലപ്പോഴും ദൈ വഹിതത്തിന്റെ പ്രകാശനത്തിന്റെ ‘ഇടങ്ങളും’’‘അവിടുത്തെ അനന്തമായ സ്നേഹം നാം അനുഭവിക്കുന്ന വേദികളും ആയി ഭവിക്കുന്നത്. നമ്മുടെ ദൈവവിളി കണ്ടെത്തുന്നതിലും അതിൽ വളരുന്നതിലും നമ്മെ അനുഗമനം ചെയ്യുന്ന ഒരു യഥാർഥ ആധ്യാത്മികനിയന്താവ് ഉണ്ടായിരിക്കുക എന്നത് എത്രമാത്രം അനർഘമായ ഒരു കാര്യമാണ്! പരിശുദ്ധാത്മാവിന്റെ പ്രചോ ദനങ്ങൾ വിവേചിച്ചറിയുകയും പരിശോധിക്കുകയും ചെയ്യു ന്നത് എത്രമാത്രം പ്രധാനപ്പെട്ടതാണ്! അങ്ങനെയാണ് ഒരു ദൈവവിളി അതിന്റെ പൂർണസൗന്ദര്യത്തിൽ ഫലദായകത്വ ത്തിലേക്ക് എത്തിച്ചേരുന്നത്.

ആകയാൽ, ഒരു ദൈവവിളി എന്നു പറയുന്നത് പെട്ടെന്നങ്ങ് സ്വന്തമാക്കാൻ കഴിയുന്ന ഒന്നല്ല; അതായത്, ഒരിക്കൽ നൽക പ്പെട്ട് പൂർത്തിയാക്കപ്പെട്ട ഒന്നല്ല; അതായത്, ഒരിക്കൽ മാത്ര മായി തന്നുതീർത്ത ഒന്നല്ല ('given' once and for all); മറിച്ച്, ജീവിതംപോലെതന്നെ അത് സാധാരണയായി തുറന്നുവരുന്ന ഒരു പാതയാണ്. നമുക്കു ലഭിച്ച ദാനം സംരക്ഷിക്കപ്പെടേണ്ടതു മാത്രമല്ല; മറിച്ച്, ദൈവവുമായുള്ള ദൈനംദിന ബന്ധത്തി

ലൂടെ പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്; അങ്ങനെയാണത് വളരുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നത്. "ഇതു സഹായകമാണ്; കാരണം, നമ്മെ സ്നേഹിക്കുന്ന ദൈവ മായുള്ള ബന്ധത്തിൽ നമ്മുടെ ജീവൻ മുഴുവനെയും ഇതു പ്രതിഷ്ഠിക്കുന്നു. ഒരു കാര്യവും കേവലം അവിചാരിതമാ യി സംഭവിക്കുന്നതിന്റെ അനന്തരഫലമല്ലെന്ന് ഇതു നമ്മെ ബോധ്യപ്പെടുത്തുന്നു. നേരേമറിച്ച്, നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവത്തോടു പ്രത്യുത്തരിക്കുന്നതിന്റെ ഭാഗമാണെന്ന് ഇതു നമുക്കു മനസ്സിലാക്കിത്തരുന്നു; കാരണം കർത്താവിനു നമ്മെക്കുറിച്ച് വിസ്മയകരമായ ഒരു പദ്ധതി യുണ്ട്"(7).

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവജനങ്ങളേ, ദൈനംദിനമുള്ള പ്രാർഥനയും ദൈവവചനധ്യാനവും വഴിയാ യി ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധം സ്ഥാപി ക്കാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. അല്പംനിന്ന്, ശ്രവിച്ച്, നിങ്ങളെത്തന്നെ അവിടുത്തെ കരങ്ങളിൽ ഭരമേല്പി ക്കുവിൻ. ഈ രീതിയിൽ നിങ്ങളുടെ ദൈവവിളി പാകപ്പെടും; അതു നിങ്ങൾക്കു സന്തോഷം പകരുകയും സഭയ്ക്കും ലോക ത്തിനും സമൃദ്ധമായ ഫലം നൽകുകയും ചെയ്യും.

ദൈവികദാനത്തിന്റെ ആന്തരികമായ സ്വീകരണത്തിന്റെ മാതൃകയും പ്രാർഥനാപൂർവം ശ്രവിക്കുന്നതിൽ വിദഗ്ദ്ധയു മായ കന്യകാമറിയം നിങ്ങളുടെ ഈ പ്രയാണത്തിൽ നിങ്ങളെ എപ്പോഴും അനുഗമനം ചെയ്യട്ടെ!

വത്തിക്കാനിൽനിന്ന് 2026 മാർച്ച് 16-ാം തീയതി നൽകിയത്.

**ലെയോ പതിനാലാമൻ പാപ്പാ**

[1] "Asceticism produces not a 'good' or 'kind' man but a beautiful one, and the distinguishing feature of the saintly ascetics is not their 'kindness,' which even people of the flesh, and very sinful ones, can possess, but spiritual beauty, the blinding beauty of a radiant, light-bearing person, a beauty wholly inaccessible to the man of flesh" (P. Florenskij, The Pillar and Ground of the Truth, Princeton 1997, 72).

[2] Saint Augustine, *Confessions*, III, 6, 11: CSEL 33, 53.

[3] Apostolic Letter *A Fidelity that Generates the Future* (8 December 2025), 5.

[4] cf. Benedict XVI, *Encyclical Letter Deus Caritas Est* (25 December 2005), 1.

[5] Saint Augustine, *On True Religion*, XXXIX, 72: CCSL 32, 234.

[6] Francis, Apostolic Letter *Patris Corde* (8 December 2020), 3.

[7] Francis, Post-synodal Apostolic Exhortation *Christus Vivit* (25 March 2019), 248.

**പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്**

**കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**

**പി.ഒ.സി., കൊച്ചി – 682 025**

# പാലാ ഹോം പ്രോജക്ട്

| സാമ്പത്തികസഹായം ലഭിച്ചവർ | Amount From Centre | Amount From Parish / Congregation |
|---|---|---|
| റെനി, കൂര് | 22191 | |
| ലീലാ പുരുഷോത്തമൻ, ഇലഞ്ഞി | 20099 | |
| ഉദ്ദീഷ്കുമാർ, ഇലഞ്ഞി | 20099 | |
| ലീലാമ്മ ജോസഫ്, കിഴപറയാർ | 10100 | |
| ലീലാമ്മ കത്തീഡ്രൽ | 17041 | |
| തെയ്യാമ്മ ഔസേപ്പച്ചൻ, തകിടി | 25000 | |
| വിൻസെന്റ്, ഭരണങ്ങാനം | 23731 | |
| മോളി തോമസ്, രാമപുരം | 23000 | |
| ആൻസി ജോസഫ്, രാമപുരം | 25000 | |
| ചിന്നമ്മ, അരുണാപുരം | 25000 | |
| ലിജോസ് മാത്യു, പൂഞ്ഞാർ | 40000 | |
| ജാൻസി രാജൻ, കടപ്ലാമറ്റം | 30000 | |
| മറിയാമ്മ തോമസ്, കടപ്ലാമറ്റം | 30000 | |
| ജയ്മോൾ കുര്യാക്കോസ്, കടപ്ലാമറ്റം | 30000 | |
| ബിന്ദുമോൾ, വലവൂർ | 24978 | |
| ജോണി, ചെമ്മലമറ്റം | 23224 | |
| ബേബി, അടിവാരം | 25000 | |
| വത്സല, മുത്തോലി | 22381 | |
| കുട്ടിയച്ചൻ, മുട്ടം സിബിഗിരി | | 100000 |
| ഫിലോമിന, മുട്ടം സിബിഗിരി | | 101000 |
| മറിയം, മുട്ടം സിബിഗിരി | | 45000 |
| അരുൺ, മുട്ടം സിബിഗിരി | | 153000 |
| ചാക്കോ, മുട്ടം സിബിഗിരി | | 52000 |
| ഷിബു, മുട്ടം, സിബിഗിരി | | 10000 |

| | | |
|---|---|---|
| തോമസ്, മുട്ടം സിബിഗിരി | | 120000 |
| സഞ്ചു, മുട്ടം സിബിഗിരി | | 100000 |
| പാപ്പച്ചൻ, മുട്ടം സിബിഗിരി | | 100000 |
| ബിജു, മുട്ടം സിബിഗിരി | | 70000 |
| ജെയിംസ്, മുട്ടം സിബിഗിരി | | 90000 |
| കുഞ്ഞുമോൻ, മുട്ടം സിബിഗിരി | | 250000 |
| ആഗസ്തി, മുട്ടം സിബിഗിരി | | 30000 |
| സജി, മുട്ടം സിബിഗിരി | | 70000 |
| ഏലിയാമ്മ പാപ്പു, മുട്ടം സിബിഗിരി | | 41000 |
| തോമസ്, മുട്ടം സിബിഗിരി | | 6000 |
| മറിയക്കുട്ടി യോഹന്നാൻ, മുട്ടം സിബിഗിരി | | 47000 |
| കുഞ്ഞുമോൻ, പൂവരണി | | 15000 |
| മേരി, പൂവരണി | | 30000 |

**റവ. ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**റവ. ഫാ. ജോസഫ് കണിയോടിക്കൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ മുട്ടുമാറ്റിവയ്ക്കലിനു അത്യാധുനിക റോബോട്ടും**

മാർ സ്ലീവാ മെഡിസിറ്റിയിൽ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി അത്യാധുനിക സാങ്കേതികവിദ്യകളോടെയുള്ള വെല്ലീസ് റോബോട്ട് കൂടി എത്തി. ശസ്ത്രക്രിയാവിദഗ്ധനെ സഹായിക്കാൻ സാധിക്കുന്ന അത്യാധുനികമായ റോബോട്ട് ആണിത്. ഓരോരുത്തരുടെയും മുട്ടുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിച്ച് ഏറ്റവും അനുയോജ്യമായ ഇംപ്ലാന്റ് തിരഞ്ഞെടുക്കാൻ റോബോട്ടിക് സാങ്കേതികവിദ്യയിലൂടെ സാധിക്കുമെന്നതാണ് വെല്ലീസ് റോബോട്ടിന്റെ പ്രത്യേകത. ശസ്ത്രക്രിയാസമയത്ത് തൽസമയവിവരങ്ങൾ നൽകാൻ കഴിയുന്നതിനാൽ കൃത്യമായ തീരുമാനങ്ങൾ എടുക്കാനും കേടായ അസ്ഥിഭാഗങ്ങൾ കൃത്യമായി നീക്കം ചെയ്യാനും സാധിക്കും. ഇൻഫ്രെറെഡ് ക്യാമറയും ഒപ്റ്റിക്കൽ ട്രാക്കറുകളും ഉപയോഗിച്ച് പരമാവധി കൃത്യതയും ഉറപ്പാക്കും. കുറഞ്ഞ വേദനയും വേഗത്തിലുള്ള സുഖപ്രാപ്തിയും റോബോട്ടിക് ശസ്ത്രക്രിയകളുടെ പ്രത്യേകതകളാണ്.പുതിയ റോബോട്ടിന്റെ വെഞ്ചരിപ്പ് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ, ഫിനാൻസ് ആൻഡ് മെറ്റീരിയൽസ് അസോ.ഡയറക്ടർ റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു. പാലാ രൂപത മുഖ്യവികാരിജനറാൾ  മോൺ. ഡോ. ജോസഫ് തടത്തിൽ, വികാരി ജന

റാൾ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ, വെരി.റവ.ഫാ.ജോസഫ് കുഴിഞ്ഞാലിൽ, വെരി.റവ.ഫാ.ജോസഫ് കുറ്റിയാങ്കൽ, വെരി.റവ.ഫാ.ജോസഫ് മുത്തനാട്ട്, ആശുപത്രി ഓപ്പറേഷൻസ്, പ്രൊജക്ട്സ് ലീഗൽ ആൻഡ് ലെയ്സൺ അസോ.ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ, എച്ച്.ആർ, നഴ്സിങ് ആൻഡ് അക്കാദമിക്സ് അസോ.ഡയറക്ടർ റവ.ഡോ.ജോസഫ് കരികുളം, ആയുഷ് വിഭാഗം അസോ.ഡയറക്ടർ റവ.ഫാ.മാത്യു ചേന്നാട്ട്, ബ്രാൻഡിങ് ആൻഡ് ഹെൽത്ത് കെയർ പ്രമോഷൻസ്, ഐ.ടി അസോ.ഡയറക്ടർ റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ, ചാപ്ലയിൻമാരായ റവ.ഫാ.അഗസ്റ്റിൻ കൊഴുപ്പൻകുറ്റി, റവ.ഫാ.തോമസ് വെട്ടുകാട്ടിൽ എന്നിവർ പങ്കെടുത്തു.

**ഗുരുതരപരുക്കേറ്റ പാലക്കാട് സ്വദേശി മാർ സ്ലീവാ മെഡിസിറ്റിയിലെ ചികിത്സയിലൂടെ പുതുജീവിതത്തിലേക്ക്**

വാഹനാപകടത്തിൽ മസ്തിഷ്കത്തിനും നട്ടെല്ലിനും ഗുരുതരമായി പരുക്കേറ്റ 31 വയസ്സുകാരന് മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ സങ്കീർണ്ണമായ ശസ്ത്രക്രിയകളിലൂടെ പുനർജന്മം. ട്രോമാറ്റിക് ബ്രെയിൻ ഇൻജുറിക്കൊപ്പം, രണ്ടു വശങ്ങളിലെയും മസ്തിഷ്കകോശങ്ങൾ നശിക്കുന്ന അതീവഗുരുതരമായ അവസ്ഥ (ബൈലാറ്ററൽ സെറിബെല്ലാർ ഇൻഫാർക്ഷൻ) ബാധിച്ച പാലക്കാട്സ്വദേശിയായ യുവാവിനെയാണ് അതിവിദഗ്ധചികിത്സയിലൂടെ ജീവിതത്തിലേക്കു തിരിച്ചെത്തിച്ചത്. റോഡ് അപകടത്തിൽ പരുക്കേറ്റ് ഗുരുതരാവസ്ഥയിലാണ് യുവാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തലച്ചോറിൽ രക്തസ്രാവം, നട്ടെല്ലിന് ഒന്നിലധികം ഒടിവുകൾ, സുഷുമ്നനാനാഡിക്ക് തകർച്ച, ശ്വാസകോശത്തിനും വാരിയെല്ലിനും പരിക്കുകൾ, ഇടുപ്പെല്ലിനും കാലിനും ഒടിവുകൾ എന്നിവ പരിശോധനയിൽ കണ്ടെത്തി. ചികിത്സയ്ക്കിടെ രോഗിയുടെ മസ്തിഷ്കത്തിന്റെ പിൻഭാഗത്തെ രണ്ടു വശങ്ങളിലുമുള്ള രക്തയോട്ടം തടസ്സപ്പെട്ട് കോശങ്ങൾ നശിക്കാൻ തുടങ്ങുന്നതായി കണ്ടെത്തി. തലയ്ക്കു പരിക്കേൽക്കുന്നവരിൽ ഒന്നു മുതൽ മൂന്നു ശതമാനം വരെ മാത്രം ആളുകളിൽ കണ്ടുവരുന്ന സങ്കീർണ്ണമായ അവസ്ഥയാണിത്. ഇതു തിരിച്ചറിയാൻ വൈകിയാൽ മസ്തിഷ്കത്തിന്റെ സുപ്രധാനഭാഗങ്ങളിൽ സമ്മർദം കൂടി മരണം സംഭവിക്കാൻ സാധ്യതയുമുണ്ട്. രോഗിയുടെ നില വഷളാകുന്നതു കണ്ട ഉടൻ ന്യൂറോ സർജറി വിഭാഗം മേധാവി ഡോ. സരീഷ് കുമാർ എം.കെ യുടെ നേതൃത്വത്തിലുള്ള വിദഗ്ധസംഘം അടിയന്തരമായി പോസ്റ്റീരിയർ ഫോസ ഡീകംപ്രസീവ് ക്രാനിയെക്ടമി എന്ന ശസ്ത്രക്രിയയ്ക്കു യുവാവിനെ വിധേയനാക്കി. തലയോട്ടിയിലെ മർദം കുറയ്ക്കുന്നതിനായി തലയോട്ടിയുടെ പിൻഭാഗത്തെ അസ്ഥി മാറ്റുകയും, തലച്ചോറിലെ ദ്രാവകത്തിന്റെ മർദം നിയന്ത്രിക്കാൻ വി.പി ഷണ്ട്

സ്ഥാപിക്കുകയും ചെയ്തു. ഗുരുതരാവസ്ഥയിലായിരുന്ന യുവാവിന്റെ നട്ടെല്ലിലെ ഒടിവുകൾ പരിഹരിക്കുന്നതിനായി അത്യാധുനിക മിനിമലി ഇൻവേസീവ് സ്പൈനൽ ഫിക്സേഷൻ ശസ്ത്രക്രിയയും, ഓർത്തോ പീഡിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ കാലിലെയും ഇടുപ്പിലെയും ഒടിവുകൾക്കുള്ള ശസ്ത്രക്രിയകളും വിജയകരമായി പൂർത്തിയാക്കി. തീവ്രപരിചരണവിഭാഗത്തിലെ ദീർഘനാളത്തെ ചികിത്സയ്ക്കും മൾട്ടി ഡിസിപ്ലിനറി കെയറിനുംശേഷം രോഗി പൂർണ്ണമായി ബോധാവസ്ഥയി ലേക്കു തിരിച്ചുവരികയും ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു. ന്യൂ റോസർജറി, ഓർത്തോപീഡിക്സ്, ക്രിട്ടിക്കൽ കെയർ, ഫിസിക്കൽ മെ ഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗങ്ങളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനമാണ് യുവാവിനെ ജീവിതത്തിലേക്കു തിരിച്ചെത്തിച്ചത്. ന്യൂ റോസർജറി വിഭാഗം മേധാവി ഡോ.സരീഷ് കുമാർ എംകെ,ഓർത്തോ പീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബി, സർ ജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം മേധാവി ഡോ. മഞ്ജുരാജ് കെ.പി, ജനറൽ സർജറിവിഭാഗം മേധാവി ഡോ. ജിബിൻ കെ. തോമസ്, ന്യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ ജോർജ് തറയാനിൽ, ക്രിട്ടിക്കൽ കെയർ വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ.ജോസുകുട്ടി മാത്യു, ഡോ. അഞ്ജു മേരി ദേവസ്യ, കൺസൾട്ടന്റ് ഡോ.ജാസൺ സഖറിയ, അനസ്തേഷ്യവിഭാഗത്തിലെ ഡോ.ബേസിൽ പോൾ മനയാലിൽ, ഡോ.ജെയിംസ് സിറിയക്, ഡോ.ശിവാനി ബക്ഷി, പി.എം.ആർ വിഭാഗം മേധാവി ഡോ. ഷിപ്ര രചന സിങ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു ചികിത്സ.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സങ്കീർണ്ണമായ 'എവേക് ക്രാനിയോട്ടമി' ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി**

രോഗിയെ പൂർണ്ണമായി ബോധം കെടുത്താതെയുള്ള അതീവ സങ്കീർണ്ണമായ 'എവേക് ക്രാനിയോട്ടമി' ശസ്ത്രക്രിയ മാർ സ്ലീവാ മെഡി സിറ്റിയിൽ വിജയകരമായി പൂർത്തിയാക്കി. തലച്ചോറിലെ ചലനനിയ ന്ത്രണമേഖലയ്ക്ക് സമീപം ട്യൂമർ ബാധിച്ച 27 കാരിക്കാണു പൂർണ്ണമാ യും മയക്കാതെ ബോധാവസ്ഥയിൽ ശസ്ത്രക്രിയ നടത്തിയത്. ഇടുക്കി സ്വദേശിനിയായ യുവതിയുടെ തലച്ചോറിന്റെ മുൻഭാഗമായ ഫ്രോണ്ടൽ ലോബിൽ ചലനശേഷിയെയും സംസാരശേഷിയെയും നിയന്ത്രിക്കുന്ന സുപ്രധാനകേന്ദ്രങ്ങൾക്കു തൊട്ടടുത്തായിരുന്നു ട്യൂമറിന്റെ സ്ഥാനം. ശസ്ത്രക്രിയയ്ക്കിടെ ഈ ഭാഗങ്ങൾക്കു ക്ഷതം സംഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ രോഗിയുമായി സംസാരിക്കുകയും നിർദേശങ്ങളോട് പ്രതികരിക്കാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടത് അത്യാവശ്യമായിരുന്നു.

ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം മേധാവി ഡോ. സരീഷ് കുമാർ എം.കെ.യുടെ നേതൃത്വത്തിലുള്ള വിദഗ്ധസംഘമാണ് ഈ വെല്ലുവിളി ഏറ്റെടുത്ത് ശസ്ത്രക്രിയ വിജയകരമാക്കിയത്. ശസ്ത്ര ക്രിയ നടക്കുമ്പോൾ ഡോക്ടറുടെ നിർദേശപ്രകാരം കാറ്റാടിത്തണലും, തണലത്തറമതിലും.... എന്ന ഗാനം ആലപിച്ചുകിടക്കുകയായിരുന്നു രോഗി. ന്യൂറോ നാവിഗേഷൻ, ഇൻട്രാഓപ്പറേറ്റീവ് ന്യൂറോ മോണിറ്ററിങ് എന്നീ നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെയായിരുന്നു ശസ്ത്ര ക്രിയ. ട്യൂമറിന്റെ സ്ഥാനം കൃത്യമായി നിർണ്ണയിച്ചശേഷം സുപ്രധാന കോശങ്ങളെ സംരക്ഷിച്ചുകൊണ്ടു ട്യൂമർ പൂർണ്ണമായി നീക്കം ചെയ്യാൻ സാധിച്ചു. ഡോ. സരീഷ്കുമാറിനോടൊപ്പം അനസ്തേഷ്യവിഭാഗത്തിലെ ഡോ. ശിവാനി ബക്ഷിയും ശസ്ത്രക്രിയയുടെ ഭാഗമായി. ശസ്ത്രക്രിയ യിലുടനീളം രോഗിപൂർണ്ണമായി ഡോക്ടറുടെ നിർദേശങ്ങളോടു സഹ കരിച്ചതിനാൽ സംസാരശേഷിയിലോ ചലനശേഷിയിലോ യാതൊരു തകരാറുകളും സംഭവിക്കാതെതന്നെ ശസ്ത്രക്രിയ പൂർത്തീകരിക്കാൻ സാധിച്ചു. പ്രാഥമികപരിശോധനയിൽ ട്യൂമർ അപകടകാരിയല്ലെന്നു സ്ഥി രീകരിച്ചിട്ടുണ്ട്. സുഖം പ്രാപിച്ച രോഗി ആശുപത്രി വിടുകയും ചെയ്തു.

**ഐ.എം.എ സെമിനാറുകൾ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചങ്ങനാശേരി ഐ.എം.എയിൽ കണ്ടിന്യൂയിങ് മെഡിക്കൽ എജ്യൂക്കേഷന്റെ ഭാഗമായി ന്യൂറോസർജിക്കൽ റെഡ് ഫ്ളാഗ്സ്, റീഹാബിലിറ്റേഷൻ ജേർണി എന്നീ വിഷയങ്ങളിൽ സെമിനാർ നടത്തി. ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ആർ.രാജീവ്, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബാലിറ്റേഷൻ വിഭാഗം മേധാവി ഡോ.ഷിപ്ര രചന സിങ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.ചേർത്തല ഐ.എം.എ യിൽ പ്ലാസ്റ്റിക് ആൻഡ് റീകൺസസ്ട്രക്റ്റീവ് സർജറി, ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെമിനാർ നടത്തി. പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്റ്റീവ് സർജറി വിഭാഗം മേധാവി എയർകോമഡോർ ഡോ.പോളിൻ ബാബു, ക്രിട്ടിക്കൽ കെയർ വിഭാഗം കൺസൾട്ടന്റ് ഡോ.ജാസൺ സഖറിയ എന്നിവർ പ്രബന്ധം അവതരി പ്പിച്ചു. നെടുങ്കണ്ടം ഐ.എം.എയിൽ കാൻസർ തടയാനുള്ള മാർഗങ്ങൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഓങ്കോ സയൻസസ് വിഭാഗം മേധാവി ഡോ.റോണി ബെൻസൺ പ്രബന്ധം അവതരിപ്പിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ചർച്ച്, പാലാ രൂപത സോഷ്യൽ വെൽഫെയർ സൊ

സൈറ്റി കുറവിലങ്ങാട് മേഖലയുമായി സഹകരിച്ച് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടനദേവാലയം, വലവൂർ സർവമംഗള യോഗക്ഷേമ ഉപസഭ, ആയാംകുടി സെന്റ് തെരേസാസ് പള്ളി എന്നിവിടങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ വിഭാഗങ്ങളിലെ വിദഗ്ധഡോക്ടർമാർ പരിശോധനകൾക്കു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോക വൃക്കദിനത്തോടനുബന്ധിച്ചു ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി, പാലാ സെന്റ് തോമസ് കോളജ് എന്നിവിടങ്ങളിലും ലോക ആരോഗ്യദിനത്തോടനുബന്ധിച്ച് പാലാ ക്രിസ്തുരാജ് സോഷ്യൽ സർവീസ് സൊസൈറ്റിയിലും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന പള്ളിയുമായി സഹകരിച്ച് സെക്സ് എജ്യുക്കേഷൻ എന്ന വിഷയത്തിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായും, വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി പാലാ ബ്രിട്ടീഷ് കിന്റർ സ്കൂളിലും ബി.എസ്.എൻ.എൽ പെൻഷനേഴ്സ് അസോസിയേഷനുമായി സഹകരിച്ച് ഹെൽത്തി ഏജ് എന്ന വിഷയത്തിലും, ജെറിയാട്രിക്സ് സൗകര്യങ്ങളെക്കുറിച്ച് വാഴൂർ ഷെപ്പേർഡ് വാലിയിലും സൗജന്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. വിദഗ്ധഡോക്ടർമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സൗജന്യ ആംബുലൻസ് സേവനം നൽകി – രാമപുരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിൽ നടന്ന സാമുദായികശക്തീകരണ സമ്മേളനത്തിന് സൗജന്യ ആംബുലൻസ് സേവനവും മെഡിക്കൽ പരിചരണവും നൽകി.

**സൗജന്യ വൈദ്യസഹായം നൽകി – വാഗമൺ**

വിശുദ്ധ വാരാചരണത്തോടനുബന്ധിച്ച് വാഗമൺ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ നേതൃത്വത്തിൽ നടന്ന വാഗമൺ കുരിശുമല കയറ്റത്തിന് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യവൈദ്യസഹായം ക്രമീകരിച്ചു നൽകി.

**സൗജന്യ എ.ഐ.മാമ്മോഗ്രാം ക്യാമ്പ് – എരുമേലി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എരുമേലി റോട്ടറി ക്ലബ്ബുമായി സഹകരിച്ച് സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

**എം.ഒ.യു ഒപ്പു വച്ചു**

മാർ സ്ലീവാ മെഡിസിറ്റിയും തൊടുപുഴ പേരുകോണി റസിഡന്റ്സ് അസോസിയേഷനുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനു എം.ഒ.യു ഒപ്പു വെച്ചു.

**ഡോ. ആൻഡ്രീസ ജോസ് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ എൻഡോക്രൈനോളജി വിഭാഗത്തിൽ അഡൾട്ട് ആൻഡ് പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റായി ഡോ.ആൻഡ്രീസ ജോസ് ചുമതലയേറ്റു.

**ഫാ. മാത്യു തെക്കേൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ

മാർ ഓസ്വാൾഡ് ഗ്രേഷ്യസ് (ബോംബെ മുൻ ആർച്ചുബിഷപ്)

മാർ ജോർജ് ഞരളക്കാട്ട് (തലശ്ശേരി മുൻ ആർച്ചുബിഷപ്)

മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ മുൻമെത്രാൻ)

മാർ ജോർജ് വലിയമറ്റം (തലശ്ശേരി മുൻ ആർച്ചുബിഷപ്)

**പുതിയ വൈസ് റെക്ടർ ചാർജെടുത്തു**

സെന്റ് അൽഫോൻസാ ഷ്റൈന്റെ പുതിയ വൈസ് റെക്ടറായി നീലൂർ പള്ളി അസി. വികാരിയായിരുന്ന റവ.ഫാ. ജോസഫ് പൊയ്യാനിയിൽ ചാർജ്ജെടുത്തു. അച്ചന് തീർത്ഥാടനകേന്ദ്രത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**മിസരികോർഡിയാഡേ**

ഏപ്രിൽ 1-ാം തീയതി തീർത്ഥാടനകേന്ദ്രത്തിൽ 'മിസരികോർഡിയാഡേ' ആചരിച്ചു. ഈസ്റ്ററിനൊരുക്കമായി ക്രമീകരിച്ച ഈ ദിവസം രാവിലെ 5.30 മുതൽ വൈകിട്ട് 7.30 വരെ തുടർച്ചയായി കുമ്പസാരത്തിനുള്ള സൗകര്യം ഇവിടെ ഒരുക്കിയിരുന്നു. തീർത്ഥാടനകേന്ദ്രത്തിലെ വൈദികർ തന്നെയാണ് ശുശ്രൂഷകൾക്കു നേതൃത്വം നൽകിയത്.

**തീർത്ഥാടകപ്രവാഹം**

ഏപ്രിൽമാസത്തിൽ അന്യസംസ്ഥാനക്കാരായ ധാരാളം തീർത്ഥാടകർ ഇവിടെയെത്തുകയും വിവിധ ഭാഷകളിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ സന്ദർശനം**

ഏപ്രിൽ മാസത്തിൽ വിശ്വാസോത്സവത്തിന്റെ ഭാഗമായി വിവിധ രൂപതകളിൽനിന്നു വൈദികരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നിരവധി സൺഡേസ്കൂൾ വിദ്യാർത്ഥികൾ വി.അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

**രാത്രിയാരാധന**

പാലാരൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ തീർത്ഥാടനകേന്ദ്രത്തിൽ എല്ലാമാസവും നടത്തിവരാറുള്ള രാത്രിയാരാധന ഏപ്രിൽ മാസം 25-ാം തീയതി നടത്തപ്പെട്ടു. വൈകിട്ട് 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ളവിശുദ്ധ കുർബാനയോടെ സമാപിച്ചു. റവ.ഫാ. മാത്യു കാടൻകാവിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. CTPക്ലാസ്**

2025-26 അധ്യയനവർഷത്തിലെ ഏപ്രിൽ മാസത്തെ CTP ക്ലാസ് 2026 ഏപ്രിൽ 13,14,21 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. ഫാ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ്സുകൾ നയിച്ചു.

**2026 മേയ് മാസത്തെ CTP ക്ലാസുകൾ**

May 1- Liturgy - Fr. Dr. George Varghese Njarakunnel
May 9- Liturgy - Fr. Dr. George Varghese Njarakunnel

**2. സ്കോളർഷിപ്പ് പരീക്ഷ**

2026 മേയ് 24 ഞായർ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടക്കുന്ന സൺഡേസ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ മേയ് 10 ന് അവസാനിക്കും.

**പരീക്ഷാകേന്ദ്രങ്ങൾ**

പാലാ സെന്റ് തോമസ് H.S.S
കുറവിലങ്ങാട് സെന്റ് മേരീസ് G.H.S
അരുവിത്തുറ സെന്റ് ജോർജ് H.S
തുടങ്ങനാട് സെന്റ് തോമസ് H.S

**3. വിചിന്തനം ക്യാമ്പ് പുരോഗമിക്കുന്നു**

സൺഡേസ്കൂളിലെ 9-ാം ക്ലാസ്സിലെ കുട്ടികൾക്കായുള്ള വിചിന്തനം ക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ പുരോഗമിക്കുന്നു. ഏപ്രിൽ

മാസത്തിൽ 10 ബാച്ച് ക്യാമ്പ് പൂർത്തിയായിരുന്നു. മേയ് മാസത്തെ വിചിന്തനം ക്യാമ്പ് 5,6,7 തീയതികളിൽ മാതൃഭവനിൽ നടക്കും.

**4. സിമ്പോസിയം നടത്തി**

ഏപ്രിൽ 13 ന് CTP യോടനുബന്ധിച്ച് ഭരണങ്ങാനം മാതൃഭവനിൽ വർത്തമാനപ്പുസ്തകത്തെ അധികരിച്ചുള്ള ഒരു സിമ്പോസിയം നടത്തി. ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത് മോഡറേറ്ററായ സിമ്പോസിയത്തിൽ പാലാ മാർ അപ്രേം സെമിനാരിയിലെ കുട്ടികൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**വിശ്വാസോത്സവം**

പാലാ രൂപതയിൽ വിശ്വാസോത്സവം ഏപ്രിൽ 7 മുതൽ 12 വരെയുള്ള തീയതികളിലായി നടത്തപെട്ടു. ശാഖകളിൽ വിശ്വാസപ്രഖ്യാപന റാലിയും മറ്റു കർമ്മപദ്ധതികളും വിജയകരമായി നടപ്പിലാക്കി.

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സമിതിയുടെ 2026 ഏപ്രിൽ മാസത്തെ എക്സിക്യൂട്ടീവ് മീറ്റിങ് ഏപ്രിൽ പന്ത്രണ്ടാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നാലു മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു.

**വന്ദ്യപിതാവിന് ആശംസകൾ**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് സമിതി ഏപ്രിൽ 12 ഞായറാഴ്ച പാലാ രൂപതയുടെ വലിയ പിതാവ് മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവിനെ അദ്ദേഹത്തിന്റെ നൂറാം ജന്മദിനത്തിന്റെ ഭാഗമായി സന്ദർശിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**പാർപ്പിടസഹായപദ്ധതി**

CML Pala രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ 20 രൂപയ്ക്ക് ഒരു വീട് എന്ന പാർപ്പിടസഹായപദ്ധതി കൂപ്പണുകൾ എല്ലാ ശാഖകളിലും നൽകി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**കെ.സി.എസ്.എൽ സ്റ്റേറ്റ് ക്യാമ്പ്**

ഏപ്രിൽ 16, 17, 18 തീയതികളിലായി തിരുവനന്തപുരം വെള്ളയമ്പലം അനിമേഷൻ സെന്ററിൽ വച്ചു നടന്ന കെ.സി.എസ്.എൽ സ്റ്റേറ്റ് ക്യാമ്പിൽ പാലാ രൂപതയിൽനിന്ന് 8 കുട്ടികൾ പങ്കെടുത്തു.

**തിരഞ്ഞെടുക്കപ്പെട്ടു**

ഏപ്രിൽ 16, 17, 18 തീയതികളിലായി തിരുവനന്തപുരം വെള്ളയമ്പലം അനിമേഷൻ സെന്ററിൽ വച്ചുനടന്ന കെ.സി.എസ്.എൽ സ്റ്റേറ്റ് ക്യാമ്പിൽനിന്ന് ഐവിൻ ഷെറിൻ തയ്യിൽ സ്റ്റേറ്റ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു. ഭരണങ്ങാനം സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ പ്ലസ് ടു വിദ്യാർത്ഥിയാണ് ഐവിൻ.

**ലീഡ് (One Year Programme)**

എട്ടാംക്ലാസ്സിലെ കുട്ടികൾക്കായി എല്ലാമാസവും നടത്തുന്ന ലീഡ് പ്രോഗ്രാം ഏപ്രിൽ 21, 23 തീയതികളിൽ പാലാ സെന്റ് മേരീസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽവച്ചു നടത്തപ്പെട്ടു. ഡോ. എയ്ഞ്ചൽ തോമസ് (മാർസ്ലീവാ മെഡിസിറ്റി, ചേർപ്പുങ്കൽ) ലിസ് ഫിലിപ്പോസ് (ജില്ലാ ആശുപത്രി, കോട്ടയം) എന്നിവർ കുട്ടികൾക്കു ക്ലാസ്സ് എടുത്തു.

**കെ.സി.എസ്.എൽ അവധിക്കാലക്യാമ്പ്**

ഈ വർഷത്തെ കെ.സി.എസ്.എൽ രൂപതാ അവധിക്കാലക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെടുന്നു. മേയ് 11,12 തീയതികളിലായി എച്ച്.എസ്.എസ്,എച്ച്.എസ് വിഭാഗങ്ങൾക്കും, മേയ് 14, 15 തീയതികളിലായി യു.പി വിഭാഗത്തിനുമാണ് ക്യാമ്പ് നടത്തുന്നത്.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)
**ഫാ. പോൾ കുന്നുപുറത്ത്** (അസി. ഡയറക്ടർ)

## എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**1. പ്രതിഷേധം**

ക്രൈസ്തവരുടെ ഏറ്റവും വിശുദ്ധവും ആത്മീയപ്രാധാന്യമുള്ളതുമായ ഓശാന, പെസഹ, ഈസ്റ്റർ ദിനങ്ങളിൽ ദേശീയ പ്രവേശനപ്പരീക്ഷ നിശ്ചയിച്ചിരിക്കുന്നതിൽ പ്രതിഷേധം അറിയിച്ച് പാലാ രൂപത.

**2. ജന്മദിനാശംസകൾ നേർന്നു**

പാലാ രൂപതയുടെ യുവജനസമൂഹത്തെ കാലഘട്ടത്തിന്റെ വഴികളിലൂടെ കലർപ്പില്ലാത്ത ആത്മീയതയിലും ദിശാബോധത്തിലും നയിച്ച് സീറോ മലബാർ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനവീഥികളിൽ നിലപാടുകളുടെ നന്മ കാത്തുസൂക്ഷിക്കുന്ന നല്ല മാതൃകയായ പ്രിയ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റിക്ക് രൂപത യുവജനപ്രസ്ഥാനത്തിന്റെ ജന്മദിനാശംസകൾ നേർന്നു.

**3. കുരിശുമല തീർത്ഥാടനം**

നോമ്പിന്റെ ആത്മീയതയിൽ, വിശ്വാസവും സമർപ്പണവും കൈമുതലാക്കി എസ്.എം.വൈ.എം അംഗങ്ങൾ ചേർന്ന് എസ്.എം.വൈ.എം. ഗാഗുൽത്താ യൂണിറ്റിന്റെയും തുടങ്ങനാട് ഫൊറോനയുടെയും ആതിഥേയത്വത്തിൽ മാർച്ച് 28-ാം തീയതി ഗാഗുൽത്താ യൂണിറ്റിൽ വച്ച് കുരിശിന്റെ വഴി നടത്തപ്പെട്ടു. കുരിശുമലകയറ്റത്തിന് ആതിഥേയത്വം വഹിച്ച ഗാഗുൽത്താ യൂണിറ്റിന് നന്ദി.

**4. ഫൊറോന പ്രസിഡന്റുമാരുടെ മീറ്റിങ്**

ഫൊറോനപ്രസിഡന്റുമാരുടെ മീറ്റിങ് നടത്തപ്പെട്ടു ഏപ്രിൽ 8-ാം തീയതി വൈകുന്നേരം 8:30 pm ന് ഗൂഗിൾ മീറ്റ് വഴി എല്ലാ ഫൊറോന പ്രസിഡന്റുമാരുടെയും മീറ്റിങ് നടത്തപ്പെട്ടു.

**5. ജന്മദിനാശംസകൾ നേർന്നു**

സ്നേഹവും വിശ്വാസവും കൊണ്ട് തലമുറകളെ സ്പർശിച്ച മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ 100-ാം ജന്മദിനത്തിൽ ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ നേർന്നു.

**6. വാർത്താസമ്മേളനം**

സംസ്ഥാനത്തെ ആദ്യത്തെ ഓൺലൈൻ പത്രങ്ങളുടെ വാർത്താസമ്മേളനകൂട്ടായ്മയായ പാലാ മീഡിയ അക്കാദമിയിൽ നടന്ന വാർത്താസമ്മേളനത്തിൽ ഫാ. ജേക്കബ് ചക്കാത്തറ (എസ്.എം.വൈ.എം ഗ്ലോബൽ ഡയറക്ടർ), അലക്സ് പുളിമൂട്ടിൽ (എസ്.എം.വൈ.എം സ്റ്റേറ്റ് പ്രസിഡന്റ്), അഡ്വ. സാം സണ്ണി (എസ്.എം.വൈ.എം ഗ്ലോബൽ പ്രസിഡന്റ്), അഡ്വ. പ്രതീക്ഷാ രാജ് (എസ്.എം.വൈ.എം സ്റ്റേറ്റ് വൈസ് പ്രസിഡന്റ്), അലൻ ജോളി (എസ്.എം.വൈ.എം സ്റ്റേറ്റ് ഡെപ്യൂട്ടി പ്രസിഡന്റ്), രേഷ്മ ദേവസ്യാ (എസ്.എം.വൈ.എം സ്റ്റേറ്റ് ഗ്ലോബൽ കൗൺസിലർ), മിജോ ജോയി (എസ്.എം.വൈ.എം പാലാ രൂപത പ്രസിഡന്റ്) അനു മരിയ തോമസ് (എസ്.എം.വൈ.എം ജോയിന്റ് സെക്രട്ടറി), റെയ്ച്ചൽ മേരി ചാൾസ് (എസ്.എം.വൈ.എം പാലാ രൂപത വൈസ് പ്രസിഡന്റ്) സോന എ. മാത്യു (എസ്.എം.വൈ.എം പാലാ രൂപത ജനറൽ സെക്രട്ടറി), റിയ സാബു (എസ്.എം.വൈ.എം പാലാ രൂപത സെക്രട്ടറി), അൽഫോൻസ ജോസഫ് (എസ്.എം.വൈ.എം പാലാ രൂപത സിൻഡിക്കേറ്റ്) എന്നിവർ പങ്കെടുത്തു.

**7. എസ്.എം.വൈ.എം പ്രഥമ സംസ്ഥാനസമ്മേളനത്തിന് പാലായുടെ മണ്ണിൽ തുടക്കം കുറിച്ചു**

എസ്.എം.വൈ.എം പ്രഥമസംസ്ഥാനസമ്മേളനം പാലാ രൂപതയുടെ ആതിഥേയത്തിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ തുടക്കം കുറിച്ചു. സീറോ മലബാർ സഭയിലെ പതിമ്മൂന്നു രൂപതകളിലെ യുവജന

ങ്ങളുടെ സാന്നിധ്യത്തിൽ എസ്.എം.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ അലക്സ് തോമസ് പുളിമൂട്ടിൽ പതാക ഉയർത്തിക്കൊണ്ട് എപ്രിൽ 13, 14, 15 തീയതികളിലായി നടത്തപ്പെടുന്ന സെനറ്റ് സമ്മേളനം ആരംഭിച്ചു. സീറോ മലബാർ സഭാ തലവൻ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് തിരി തെളിച്ച് സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയും, സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ  മുഖ്യപ്രഭാഷണവും, പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. എസ്.എം.വൈ.എം സംസ്ഥാന സമിതി ഡയറക്ടർ റവ. ഫാ.മാണി കൊഴുപ്പൻകുറ്റി ആമുഖപ്രഭാഷണവും നടത്തി. എസ്.എം.വൈ.എം സംസ്ഥാന സമിതി ഡെപ്യൂട്ടി പ്രസിഡന്റ് അലൻ ജോളി സ്വാഗതം ആശംസിച്ച ചടങ്ങിൽ എസ്.എം.വൈ.എം ഗ്ലോബൽ ഡയറക്ടർ റവ.ഫാ. ജേക്കബ് ചക്കാത്തറ, എസ്.എം.വൈ.എം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി, എ.കെ. സി.സി ഗ്ലോബൽ പ്രസിഡന്റ് ശ്രീ രാജീവ് കൊച്ചുപറമ്പിൽ, എസ്.എം.വൈ.എം പാലാ രൂപത മുൻ ഡയറക്ടർ റവ. ഫാ. ജോസഫ് ആലഞ്ചേരിൽ, എസ്.എം.വൈ.എം പാലാ രൂപത പ്രസിഡന്റ് ശ്രീ മിജോ ജോയി കുന്നത്താനിയേൽ എന്നിവർ ആശംസകൾ അറിയിക്കുകയും എസ്.എം.വൈ.എം സംസ്ഥാന സമിതി വൈസ് പ്രസിഡന്റ് അഡ്വ. പ്രതീക്ഷാ രാജ് നന്ദി അറിയിക്കുകയും ചെയ്തു.

**8. ഡയറക്ടറി പ്രകാശനം**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2026 പ്രവർത്തനവർഷത്തിലെ രൂപത ഡയറക്ടറിയുടെ പ്രകാശനം സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്തയും പാലാ രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും ചേർന്നു നിർവഹിച്ചു.

**9. ടം – ഫൊറോന സന്ദർശനം**

ഏപ്രിൽ 19 –ാം തീയതി പാലാ രൂപതയുടെ ഫൊറോന സന്ദർശനത്തിന് കൊഴുവനാൽ ഫൊറോനയിൽ തുടക്കം കുറിച്ചു. രൂപത പ്രസിഡൻറ് മിജോ ജോയി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഫൊറോന,യൂണിറ്റ് ഭാരവാഹികളോടു സംസാരിച്ചു. തുടർന്ന് മുൻ രൂപത പ്രസിഡന്റ് എഡ്വിൻ ജോസി ഭാരവാഹികൾക്ക് ലീഡർഷിപ്പ് ട്രെയിനിങ് ക്ലാസ് നടത്തി.

**10. ഇടം – ഫൊറോന സന്ദർശനം**

ഏപ്രിൽ 20–ാം തീയതി തീക്കോയി ഫൊറോനയിൽ ഫൊറോന സന്ദർശനം നടത്തി. തുടർന്ന് ഫാ. ഡെൻസൺ ജോൺ കുറ്റാരപ്പള്ളി

ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്ക് ലീഡർഷിപ്പ് ട്രെയിനിങ് ക്ലാസ് നടത്തി.

**11. ഫുട്ബോൾ ടൂർണ്ണമെൻറ്**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ഫുട്ബോൾ ടൂർണ്ണമെന്റ് നീധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ 9 S 2026 (SPL 2K26) മേയ് 15, 16, 17 തീയതികളിലായി കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഗ്രൗണ്ടിൽ വച്ച് കടുത്തുരുത്തി ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**ബ്ലൂമിങ് റോസസ്'26**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പാലാ രൂപതയിലെ എട്ടാം ക്ലാസ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ബ്ലൂമിങ് റോസസ് എന്ന പ്രോഗ്രാം പാലാ ചാവറ പബ്ലിക് സ്കൂളിൽ വച്ച് ഏപ്രിൽ 26 മുതൽ 30 വരെ തീയതികളിലായി നടത്തപ്പെട്ടു. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രോഗ്രാം സമയം എത്തി ച്ചേർന്ന് കുട്ടികളോടു സംസാരിച്ചു. പാലാ രൂപത ജീസസ് യൂത്ത് ഡയ റക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, വിവിധ കോൺഗ്രിഗേഷനിൽ നിന്നുള്ള സിസ്റ്റേഴ്സ്, പല പ്രായത്തിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ എന്നിവരുടെ സജീവസാന്നിധ്യം ഈ പ്രോഗ്രാമിനെ ഏറെ മനോഹര മാക്കി. പാലായുടെ വിവിധ ഭാഗങ്ങളിൽനിന്നായി 560 ഓളം കുഞ്ഞുങ്ങളും നൂറിലധികം വോളണ്ടിയേഴ്സും ഒന്നുചേർന്ന സ്നേഹത്തിന്റെ ആഘോ ഷമായിരുന്നു ബ്ലൂമിങ് റോസസ്. ഈശോയുടെ സ്നേഹം ആഴത്തിൽ അനുഭവിക്കാനും അതു മറ്റുള്ളവർക്കു പകർന്നുകൊടുക്കാൻ കഴിയുന്ന വിധത്തിൽ കുഞ്ഞുങ്ങളെ പ്രാപ്തരാക്കാനും കഴിഞ്ഞ പ്രോഗ്രാമായി രുന്നു ബ്ലൂമിങ് റോസസ്.

**വോളണ്ടിയഴ്സ് ട്രെയിനിങ്**

ടീൻസ് കുട്ടികൾക്കായി ഏപ്രിൽ 26 മുതൽ 30 വരെ തീയതികളി ലായി നടത്തപ്പെടുന്ന ബ്ലൂമിങ് റോസസ് പ്രോഗ്രാമിന്റെ ഒരുക്കമായുള്ള വോളണ്ടിയേഴ്സ് ട്രെയിനിങ് ഏപ്രിൽ 14,15 തീയതികളിലായി അരുവി ത്തുറ സെന്റ് ജോർജ് ഹൈസ്കൂളിൽ വച്ചു നടത്തപ്പെട്ടു. ഈശോയുടെ കൂടെ തങ്ങൾ ചെയ്യാൻ പോകുന്ന ഈ ആത്മീയശുശ്രൂഷയുടെ ഗൗരവ ത്തെപ്പറ്റിയും അതിന്റെ ഒരുക്കത്തെക്കുറിച്ചും കൂടുതൽ ആഴത്തിൽ മന സ്സിലാക്കാൻ ട്രെയിനിങ്ങിലൂടെ സാധിച്ചു.കൂടുതൽ തീക്ഷ്ണമായി പ്രാർ

ത്ഥിച്ചൊരുങ്ങുവാനും എങ്ങനെ നല്ല മിഷണറി ആവാം എന്ന് അറിയാനുമായി ഏകദേശം 40 പേർ പങ്കെടുത്തു.

**വയലാ നൈറ്റ് ക്യാമ്പ്**

വയലാ സെന്റ് ജോർജ് ദേവാലയത്തിൽ ഏപ്രിൽ 12-ാം തീയതി വൈകുന്നേരം 6:00 മുതൽ അടുത്ത ദിവസം രാവിലെ 5:30 വരെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഒരു രാത്രിപ്രോഗ്രാം നടത്തപ്പെട്ടു. വികാരി ഫാ. പുത്തൂർ സെബാസ്റ്റ്യൻ, അസിസ്റ്റന്റ് വികാരി ഫാ. പുതുപ്പറമ്പിൽ തോമസ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ഈ പരിപാടിയിൽ ജപമാലപ്രദക്ഷിണം, ക്യാമ്പ് ഫയർ, ഡിബേറ്റ്, ഗ്രൂപ്പ് ആക്ടിവിറ്റികൾ, ഗെയിംസ്, മ്യൂസിക് എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഏകദേശം നൂറോളം യുവജനങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു.

**സ്നേഹാലയം സന്ദർശനം**

ഏപ്രിൽ മാസം നാലാം തീയതി പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയിലെ അംഗങ്ങൾ എല്ലാവരും അനാഥരെയും വൃദ്ധരെയും ശുശ്രൂഷിക്കുന്ന സ്നേഹാലയം എന്ന അഗതിമന്ദിരം സന്ദർശിക്കുകയുണ്ടായി. വിവിധ കലാപരിപാടികളിലൂടെയും സ്നേഹസംഭാഷണങ്ങളിലൂടെയും രണ്ടു മണിക്കൂർ സമയം അവരോടൊപ്പം ചെലവഴിച്ചു. പ്രാർത്ഥനയിലൂടെയും ഗാനാലാപനങ്ങളിലൂടെയും അവരിലുള്ള ദൈവചൈതന്യത്തെ ഉണർത്തുവാനും സാധിച്ചു.

**HIDE & SEEK**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 മുതൽ 12 ക്ലാസുകളിലെ കുട്ടികൾക്ക് നമ്മുടെ ജീസസ് യൂത്തിലെ അധ്യാപകരുടെ സഹകരണത്തോടെ സൗജന്യമായ വിദ്യാഭ്യാസസഹായം നൽകുക എന്ന ലക്ഷ്യത്തിൽ മിഷൻ ടീം ആരംഭിച്ച ഓൺലൈൻ പദ്ധതിയാണ് HIDE & SEEK.

**ENGLISH CHOIR**

എല്ലാ ഞായറാഴ്ചയും പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ 1.45 pm മുതൽ Syro malabar English Mass പരിശീലനവും തുടർന്ന് 2.45 pm ന് ഇംഗ്ലീഷ് കുർബാനയും നടത്തപ്പെടുന്നു.

**കാർലോസ് കാരവാൻ**

കേരള ഇന്റർസെഷൻ ടീമിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന കാർലോസ് കാരവാൻ ഏപ്രിൽമാസം പാലാ സോണിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ദൈവം തന്ന അനുഗ്രഹത്തിനു നന്ദി പറയാനും എല്ലാ യുവജനങ്ങളുടെയും സഭയുടെയും എല്ലാ നിയോഗങ്ങളും ദിവ്യകാരുണ്യ ഈ

ശോയുടെ സന്നിധിയിൽ സമർപ്പിച്ച് ഒന്നുചേർന്നു പ്രാർത്ഥിക്കുവാനുമായി ഏപ്രിൽ 11 ന് പാലാരിവട്ടം POC ചാപ്പലിൽ മുപ്പതോളം ജീസസ് യൂത്ത് അംഗങ്ങൾ ഒത്തുചേർന്നു.

**കുരിശുമലകയറ്റം**

സെന്റ് തോമസ് കോളേജിലെ കോർ ടീമിന്റെ നേതൃത്വത്തിൽ മാർച്ച് 20 ന് എഴുകുംവയൽ കുരിശുമലതീർത്ഥാടനം നടത്തി. 20 പേർ തീർത്ഥാടനത്തിൽ പങ്കെടുത്തു.

**നല്ലതണ്ണി യാത്ര**

ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ മാർച്ച് 14 ന് CLTP അംഗങ്ങളെ കൂട്ടി നല്ലതണ്ണിയിലെ ബ്രദേഴ്സിനെ സന്ദർശിച്ച് അവരോടൊപ്പം സമയം ചെലവഴിച്ചു പ്രാർത്ഥിക്കുകയും അവരുടെ അനുഭവങ്ങളും അറിവുകളും പങ്കുവയ്ക്കുകയും ചെയ്തു.

**പരീക്ഷ ഒരുക്ക പ്രോഗ്രാം**

രാമപുരം ഇടവകയിലെ 10,11,12 ക്ലാസുകളിലെ കുട്ടികൾക്കായി ഫെബ്രുവരി 22 ന് പരീക്ഷ ഒരുക്ക പ്രാർത്ഥനയും ആരാധനയും നടത്തപ്പെട്ടു.

**യാത്രയയപ്പ്**

പാലാ സോണിൽ ഒരു വർഷക്കാലം സേവനം നിർവഹിച്ച ഫുൾ ടൈമർ ജിൻസിക്കു യാത്രയയപ്പ് നൽകി. ഏപ്രിൽ 9 ന് മേരി മാതാ പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ സോണിലെ അംഗങ്ങൾ ഒന്നിച്ചുകൂടി ജിൻസിയുടെ ആത്മാർത്ഥസേവനത്തിന് നന്ദിയും ആദരവും രേഖപ്പെടുത്തി. സംഗമത്തിൽ പങ്കെടുത്തവർ ജിൻസിയുടെ വിലമതിക്കാനാവാത്ത സംഭാവനകളെ സ്മരിച്ചു ആശംസകളും പ്രാർത്ഥനകളും നേർന്ന് സ്നേഹപൂർവം യാത്രയാക്കി.

**ACT SIXTEEN**

എല്ലാ ഞായറാഴ്ചയും ഭരണങ്ങാനം സെൻറ് അൽഫോൻസാ ഷ്റൈനിൽ വച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN' ഒരു മണിക്കൂർ 'praise and worship ' നടത്തപ്പെടുന്നു.

**ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽവച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു.

**Sing 4 Jesus**

പുത്തൻ ക്രിസ്തീയഗാനങ്ങൾ പഠിക്കുന്നതിനും സംഗീതാഭിരുചിയുള്ളവരുടെ കഴിവുകൾ വർധിപ്പിക്കുന്നതിനുമായി 'sing 4 Jesus' എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നിർമ്മിക്കുകയും എല്ലാ ദിവസവും ഗാനങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു.

**അമ്മയോടൊപ്പം ജെറീക്കോ പ്രാർത്ഥന**

ബ്ലൂമിങ് റോസസിനെ മറിയത്തിന്റെ കരങ്ങളിലേക്ക് ഏല്പിച്ച്, പാലാ സോണിലുടനീളം ജെറീക്കോപ്രാർത്ഥന നടത്തുന്നു. ഏപ്രിൽ 20 തിങ്കളാഴ്ച വൈകുന്നേരം 4:00 മുതൽ 5:00 വരെ പാലാ എസ്.എച്ച് മീഡിയയിൽവച്ച് മധ്യസ്ഥപ്രാർത്ഥന നടത്തുകയും തുടർന്ന് ഭരണങ്ങാനം, അരുവിത്തുറ, തുടങ്ങനാട്, രാമപുരം, കൂത്താട്ടുകുളം, ഇലഞ്ഞി, കടുത്തുരുത്തി, കുറവിലങ്ങാട് തുടങ്ങിയ ഇടങ്ങളിലൂടെ വിവിധ വാഹനങ്ങളിൽ പരി. അമ്മയുടെ തിരുസ്വരൂപമേന്തി പ്രയാണം നടത്തുകയും ചെയ്തു. പ്രയാണം പാലാ കുരിശു പള്ളിയിൽ സമാപിച്ചു.

**വാഗമൺ കുരിശിന്റെ വഴി യാത്ര**

2026 ഏപ്രിൽ 3 ദുഃഖവെള്ളിയാഴ്ച വൈകുന്നേരം 7 മണി മുതൽ അരുവിത്തുറയിൽനിന്നു വാഗമണ്ണിലേക്ക് കാൽനടയായി പരിശുദ്ധ അമ്മയോടൊപ്പം കുരിശിന്റെ വഴിയാത്ര നടന്നു. പാലായിൽനിന്ന് 14 യുവാക്കൾ ഈ കാൽനടയാത്രയിൽ പങ്കുചേർന്നു. ശനിയാഴ്ച ഉച്ചയോടെ തിരിയെ എത്തിച്ചേർന്നു.

**സിസ്റ്റേഴ്സ് കമ്മ്യൂണിയൻ**

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സിസ്റ്റേഴ്സിനായി ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ കമ്മ്യൂണിയൻ എന്ന പ്രോഗ്രാം നടത്തപ്പെട്ടു. 2026 ഏപ്രിൽ 13 മുതൽ 15 വരെ പാലാരിവട്ടം പി.ഒ.സിയിൽ വച്ചാണ് ഈ പ്രോഗ്രാം നടത്തപ്പെട്ടത്. ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. 40 ഓളം സന്യാസസമൂഹങ്ങളിൽനിന്നായി 150 സന്ന്യസ്തർ പങ്കെടുത്ത പ്രോഗ്രാമിൽ പാലായിൽനിന്ന് 19 സിസ്റ്റേഴ്സ് പങ്കെടുത്തു. ജീസസ് യൂത്ത് കുടുംബത്തോടൊപ്പം ചേർന്നുനിൽക്കുവാനും ഈശോയെ അനേകർക്കു കൊടുക്കാനും കഴിയുന്നവിധത്തിലുള്ളതായിരുന്നു ഈ പ്രോഗ്രാം.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടന്നുവരുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതി

ലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**കുരിശിന്റെ വഴി**

ജീസസ് യൂത്ത് പാലാ സോണിന്റെ വിവിധ നിയോഗങ്ങളെ സമർപ്പിച്ചുകൊണ്ട് വ്യാഴാഴ്ചകളിൽ വൈകുന്നേരം 5:30 ന് കുരിശിന്റെ വഴി ചൊല്ലി അരുവിത്തുറ വല്യച്ചൻമല കയറി.

**എമ്മാവൂസ് കോഴ്സ്**

ജീസസ്യാത്രയിൽ ഫോർമേഷൻ കോഴ്സുകൾ ഏറെ നിർണായകമാണ്. പാലാ സോണിന്റെ നേതൃത്വത്തിൽ മാർച്ച് 21-ാം തീയതി ജ്യോതിർഭവൻ ചെത്തിമറ്റത്ത് വെച്ച് എമ്മാവൂസ് കോഴ്സിലെ 3 ഉം 4 ഉം സെഷൻ സംഘടിപ്പിച്ചു. ഇരുപത്തിരണ്ടോളം ജീസസ് യൂത്ത് അംഗങ്ങൾ ഇതിൽ സംബന്ധിച്ചു.

**ഹൗസ്ഹോൾഡ്**

ഏപ്രിൽമാസത്തെ രണ്ടാം ഞായറാഴ്ച പാലാ, അരുവിത്തുറ, കടുത്തുരുത്തി എന്നിവിടങ്ങളിലായി ഹൗസ് ഹോൾഡുകൾ സംഘടിപ്പിച്ചു. ജീസസ് യൂത്തിലെ പ്രാർത്ഥനാജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹൗസ് ഹോൾഡുകൾ സഹായകമായി.

**ഫാമിലി ഗാതറിങ്**

ജീസസ് യൂത്ത് ഫാമിലി സ്ട്രീമിന്റെ നേതൃത്വത്തിൽ ഏപ്രിൽ 14 ന് വൈകുന്നേരം 6.00 മുതൽ 8.30 വരെ പാലാ കത്തീഡ്രൽ ദേവാലയത്തിൽവച്ച് ഫാമിലി ഗാതറിങ് നടത്തപ്പെട്ടു. ഗാതറിങ്ങിന് മനോഹരമായി ഗാനങ്ങൾ ആലപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**മധ്യസ്ഥപ്രാർത്ഥന**

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കാനായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തിവരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. അതോടൊപ്പം ഈ നോമ്പുകാലം എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം 5:30 ന് കുരിശിന്റ വഴി ചൊല്ലി അരുവിത്തുറ വല്യച്ചൻമല കയറുന്നു. ഓൺലൈനായി അഖണ്ഡജപമാലയും വചനവായനയും നടത്തപ്പെട്ടു. പാലാ സോൺ ഒന്നിച്ചു നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**കുടുംബക്കൂട്ടായ്മ**

**1)** 14/4/2026 രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ് ഷലോം പാസ്റ്ററൽ സെൻററിൽ ചേർന്നു. ജീവമന്ന വചനപഠന പരമ്പര മത്സരത്തിൽ ഇടവ കതലത്തിൽ വിജയികളായവരുടെ ലിസ്റ്റും പേപ്പറുകളും ഏപ്രിൽ 26 നു മുമ്പായി രൂപത കേന്ദ്രത്തിൽ എത്തിക്കുവാനും മേയ് പത്താം തീയതി നടക്കുന്ന ഫൊറോനാമത്സരത്തിന്റെ വിശദവിവരങ്ങൾ എല്ലാ ഇടവകക ളിലും എത്തിക്കാനും തീരുമാനിച്ചു.

**2)** 19/4/2016 ൽ ഉള്ളനാട് ഇടവകയിലെ കുടുംബക്കൂട്ടായ്മ വാർഷികം നടന്നു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് ഉദ്ഘാടനം നിർ വഹിച്ചു. ശ്രീ ദേവസ്യാച്ചൻ തെക്കേകരോട്ട് അധ്യക്ഷത വഹിച്ചു. വി കാരി റവ.ഫാ. മാത്യു മതിലകത്ത്, രൂപത കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ.ഫാ.ജോസഫ് അരിമറ്റത്ത്, റവ.ഫാ. അഗസ്റ്റിൻ തെരുവത്ത്, സെബാ സ്റ്റ്യൻ ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

**3)** 19/4/2026, 26/4/2026 ൽ ചെമ്മലമറ്റം ഇടവകയിലെ കുടുംബക്കൂട്ടായ്മ യുടെ വാർഡുതലക്ലാസുകൾക്ക് വികാരി റവ. ഫാ. സെബാസ്റ്റ്യൻ കൊ ല്ലംപറമ്പിലിന്റെ പ്രാർത്ഥനാശീർവാദത്തോടെ തുടക്കം കുറിച്ചു. അസി. വികാരി ഫാ. ജേക്കബ് കടുതോടിൽ സ്വാഗതം ആശംസിച്ചു. ഇടവകയി ലെ 30 വാർഡുകളിലും രൂപത റിസോഴ്സ് ടീമംഗങ്ങൾ ക്ലാസ്സെടുത്തു.

**4)** 26/04/2026 മറ്റക്കര തിരുക്കുടുംബദൈവാലയത്തിൽ കുടുംബക്കൂട്ടാ യ്മ വാർഷികം നടന്നു. വികാരി ഫാ. ജോസഫ് പര്യാത്ത് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് മുഖ്യപ്രഭാഷണം നടത്തി.

**5)** 28/4/2026 രൂപത കൗൺസിലിന്റെയും, രൂപത റിസോഴസ് ടീമംഗങ്ങ ളുടെയും സംയുക്തയോഗം ചേർന്നു. മേയ് 10 ന് നടക്കുന്ന ജീവമന്ന ഫൊറോനാതല മത്സരങ്ങൾക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്തു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

ഏപ്രിൽ 10-12, 24-26 തീയതികളിലെ വിവാഹ ഒരുക്ക സെമിന ാറിൽ 206 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

മേയ് 8-10, 22-24, ജൂൺ 12-14, 26-28 എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഏപ്രിൽമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ.ഫാ. ജോർജ് പൂല്ലുകാലയിൽ, പ്രൊഫ. അലക്സ് കാവുകാട്ട് എന്നിവർ ക്ലാസ്സെടുത്തു. 303 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. ജന്മദിനാശംസകൾ**

ഏപ്രിൽ 10-ാം തീയതി ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ട മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ 100-ാം ജന്മദിനാഘോഷത്തിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ എന്നിവർ സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു.

**5. അനുശോചനം**

ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിലച്ചന്റെ പിതൃസഹോദരന്റെ വേർപാടിൽ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിലും സ്റ്റാഫ് അംഗങ്ങളും പിതൃവേദി എക്സിക്യൂട്ടിവ് അംഗങ്ങളും വീട്ടിലെത്തി അനുശോചനം അറിയിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**B. പിതൃവേദി**

**1. പുതിയ യൂണിറ്റ്**

മാർച്ച് 8-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് തിടനാട് ഇടവകയിൽ പുതിയ യൂണിറ്റ് ആരംഭിച്ചു. പിതൃവേദി അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ ഉദ്ഘാടനം നടത്തി. പ്രസ്തുത യോഗത്തിൽ രൂപത പ്രസിഡന്റ് ജോസ് മുത്തനാട്ട്, ഈ കാലഘട്ടത്തിൽ പിതാക്കൻമാരുടെ പങ്കാളിത്തത്തെക്കുറിച്ച് ഓർമ്മപ്പെടുത്തി സംസാരിച്ചു. തിടനാട് ഇടവകവികാരി റവ.ഫാ. സെബാസ്റ്റ്യൻഎട്ടുപറയിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. 40 ഓളം പിതാക്കൻമാർ യോഗത്തിൽ സന്നിഹിതരായിരുന്നു.

**2. വെക്കേഷൻ ക്ലാസ്സ്**

ഏപ്രിൽ 16-ാം തീയതി പിതൃവേദി തിടനാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച വെക്കേഷൻ ക്ലാസ്സായ ടേക്ക് ഓഫ് 2026 ന്റെ ഉദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. വികാരി റവ.ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, അസി. വികാരി റവ. ഫാ.

പോൾ ഇരട്ടമാക്കിൽ, പിതൃവേദി ഭാരവാഹികൾ, അംഗങ്ങൾ എന്നിവർ ഉദ്ഘാടനയോഗത്തിൽ സംബന്ധിച്ചു.

**3. രൂപത സമിതി**

ഏപ്രിൽ 25-ാം തീയതി ഉച്ചകഴിഞ്ഞ് ഷലേം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി പ്രസിഡന്റ് ജോസ് മുത്തനാട്ടിന്റെ അധ്യക്ഷതയിൽ രൂപതസമിതി കൂടുകയും ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു. രൂപത സമിതി അംഗങ്ങളെല്ലാവരും മീറ്റിങ്ങിൽ പങ്കെടുത്തു.

**4. പ്രവർത്തനവർഷോദ്ഘാടനം**

ഏപ്രിൽ 26-ാം തീയതി 6 മണിക്ക് അന്തിനാട് യൂണിറ്റ് പിതൃവേദിയുടെ പ്രവർത്തനോദ്ഘാടനം ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. അന്തിനാട് പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. അന്തിനാട് യൂണിറ്റ് പിതൃവേദി അംഗങ്ങളെല്ലാവരും യോഗത്തിൽ സംബന്ധിച്ചു.

**C. മാതൃവേദി**

**1. രൂപതസമിതി**

ഏപ്രിൽ 16-ാം തീയതി രാവിലെ 8.30 ന് മാതൃവേദി രൂപത സമിതി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ തലശ്ശേരിയിൽവച്ചു നടത്തപ്പെടുന്ന ഗ്ലോബൽ മീറ്റിങ്ങിനെക്കുറിച്ചു ചർച്ച ചെയ്തു. മാതൃവേദി രൂപത സമിതി അംഗങ്ങളെല്ലാവരും മീറ്റിങ്ങിൽ പങ്കെടുത്തു.

**2. ഗ്ലോബൽ മീറ്റിങ്**

ഏപ്രിൽ 21, 22 തീയതികളിൽ തലശ്ശേരിയിൽവച്ചു നടത്തപ്പെട്ട സീറോ മലബാർ മാതൃവേദി ഗ്ലോബൽ മീറ്റിങ്ങിൽ ഗ്ലോബൽ സെക്രട്ടറി സിജി ലൂക്സൺ പടന്നമാക്കൽ, മാതൃവേദി രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ഷേർളി ചെറിയാൻ മഠത്തിൽപറമ്പിൽ, മേഴ്സി മാണി ചെറുകര, ലൗലി ബിനു വള്ളോംപുരയിടത്തിൽ, ഡയാന രാജു ഓലിക്കൽ, ബിന്ദു ഷാജി കുന്നക്കാട്ട് എന്നിവർ പങ്കെടുത്ത് ഒരു വർഷത്തെ റിപ്പോർട്ട് സമർപ്പിച്ചു.

**3. ക്ലാസ്സ്**

ഏപ്രിൽ 25-ാം തീയതി മാതൃവേദിയുടെ പൈക യൂണിറ്റിൽ മാതൃവേദി വിപുലീകരിക്കുന്നതിന്റെ ഭാഗമായി രൂപത പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാൻ മഠത്തിൽപറമ്പിൽ അമ്മമാർക്കായി ക്ലാസ്സെടുത്തു.

**D. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. കോർ കമ്മിറ്റി മീറ്റിങ്**

ഏപ്രിൽ 14-ാം തീയതി ചെവ്വാഴ്ച സീറോമലബാർ സഭയുടെ കാര്യാലയത്തിൽവച്ചു നടത്തപ്പെട്ട മാട്രിമണിയുടെ കോർ കമ്മിറ്റി മീറ്റിങ്ങിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്ത് മാട്രിമണിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു വിശകലനം ചെയ്ത് എല്ലാവരുമായി ചർച്ച നടത്തി.

**3. മീറ്റിങ്**

ഏപ്രിൽ 15-ാം തീയതി പാലായിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ട എസ്.എം. വൈ.എം പ്രഥമ സംസ്ഥാന സെനറ്റ് മീറ്റിങ്ങിൽ സീറോ മലബാർ സഭയുടെ മാട്രിമണിയെക്കുറിച്ച് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിലും രജിസ്ട്രേഷൻ നടത്തുവാൻ വേണ്ട നടപടികളെക്കുറിച്ചു സ്റ്റാഫ് സിനി ബിനുവും വിശദമായി വിവരിച്ചു.

**E. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക.

വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ - 7306293048.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**രൂപതാകമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സമിതിയുടെ യോഗം പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സംസാരിച്ചു. വിശദമായ ചർച്ചകൾ നടത്തി.

**തീരുമാനങ്ങൾ**

**1.** രൂപതാ ഭാരവാഹികളുടെ യൂണിറ്റ് സന്ദർശനങ്ങൾ ത്വരിതപ്പെടുത്തുക. യൂണിറ്റ് മീറ്റിങ്ങുകളുടെ വിവരങ്ങൾ കൃത്യമായി രൂപതാഭാരവാഹികളെ അറിയിക്കുക.

**2.** യൂണിറ്റുകൾ ഇനിയും തുടങ്ങാത്ത ഇടവകകളിൽ സന്ദർശനം നടത്തി ശക്തീകരണവർഷത്തിൽത്തന്നെ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിന് ഫൊറോന ഭാരവാഹികൾ മുൻകൈ എടുക്കുക.

**3.** 108-ാം ജന്മദിന സമ്മേളനവും റാലിയും വിജയിപ്പിക്കുന്നതിന് എല്ലാ യൂണിറ്റിൽനിന്നും 10 ൽ കുറയാതെ അംഗങ്ങളെ പങ്കെടുപ്പിക്കുക. 108-ാം ജന്മദിനസമ്മേളവും റാലിയും നടത്തുന്നതിന് അനുവദിച്ച പൈക ഇടവക യൂണിറ്റിനെയും വികാരി ഫാ. മാത്യു വാഴയ്ക്കപ്പാറയെയും അഭിനന്ദിച്ചു.

**5. സ്വാഗതസംഘം രൂപീകരിച്ചു**

108-ാം ജന്മദിനസമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി സ്വാഗതസംഘം രൂപീകരിച്ചു. സ്വാഗതസംഘ രൂപീകരണസമ്മേളനത്തിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. പൈക പള്ളി വികാരി ഫാ. മാത്യു വാഴയ്ക്കാപ്പാറ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം ജോയി കണിപറമ്പിൽ, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സംസാരിച്ചു. ശ്രീ രാജേഷ് പാറയിൽ ജനറൽ കൺവീനറായി 51 പേരടങ്ങുന്ന സ്വാഗതസംഘം നിലവിൽ പ്രവർത്തിക്കുന്നു.

**108-ാം വാർഷികം**

കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി പൈക സെന്റ് ജോസഫ് ഇടവകയുടെ സഹകരണത്തോടെ റാലിയും പൊതുസമ്മേളനവും പൈകയിൽ നടത്തുന്നു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിക്കും. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ജന്മദിനസന്ദേശവും പൈക

പള്ളി വികാരി ഫാ. മാത്യു വാഴയ്ക്കപ്പാറ അനുഗ്രഹപ്രഭാഷണവും നടത്തും. ആശംസകൾ നേർന്നുകൊണ്ട് ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ജോൺസൺ വീട്ടിയാങ്കൽ, സിന്ധു ജയിംസ്, രാജേഷ് പാറയിൽ തുടങ്ങിയവർ സംസാരിക്കും. സമ്മേളനത്തിനുമുമ്പായി പൈക കെ.എം.എസ്. ജംങ്ഷനിൽനിന്നു പള്ളിയിലേക്കു റാലിയും നടത്തുന്നതാണ്.

**ഫൊറോനവാർത്തകൾ**

**ചേർപ്പുങ്കൽ**

പ്രവർത്തന ഉദ്ഘാടനം ഗ്ലോബൽ പ്രസിഡന്റ് ശ്രീ രാജീവ് കൊച്ചപറമ്പിൽ നിർവഹിച്ചു. സമ്മേളനത്തിൽ ഫൊറോന പ്രസിഡന്റ് മാർട്ടിൻ കോലടി അധ്യക്ഷത വഹിച്ചു. ഡയറക്ടർ വെരി. റവ. ഫാ. ജോസഫ് വള്ളോംപുരയിടം അനുഗ്രഹപ്രഭാഷണവും കടപ്ലാമറ്റം ഫൊറോന പ്രസിഡന്റ് അഡ്വ. സജീവ് മാത്യു, കൊഴുവനാൽ ഫൊറോന സെക്രട്ടറി ജോസഫ് പോൾ, ജോസ് തേവർകുന്നേൽ, ഷൈജു കോയിക്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. സമുദായശാക്തീകരണം എങ്ങനെ പ്രാവർത്തികമാക്കാം എന്ന വിഷയത്തെ അധികരിച്ച് ഫാ. ജോർജ് കാരാംവേലിൽ സെമിനാർ നയിച്ചു.

**കൂത്താട്ടുകുളം**

കൂത്താട്ടുകുളം ഫൊറോന തിരഞ്ഞെടുപ്പ് സമ്മേളനം കൂത്താട്ടുകുളം പള്ളി ഹാളിൽ നടത്തി. വികാരി വെരി. റവ.ഫാ. ജെയിംസ് കുടിലിൽ ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തിരഞ്ഞെടുപ്പിനു നേതൃത്വം നല്കി. ജോസ് വട്ടുകുളം, ബേബി ആലുങ്കൽ തുടങ്ങിയവർ സംസാരിച്ചു.

ഭാരവാഹികൾ

പ്രസിഡന്റ് – ബേബി ആലുങ്കൽ, കൂത്താട്ടുകുളം

സെക്രട്ടറി – ബിജു തേവർമഠം, കാക്കൂർ

ട്രഷറർ – ബേബി വെട്ടുപാറപ്പുറത്ത്

**രാമപുരം**

പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരകമായി കത്തോലിക്കാ കോൺഗ്രസ് രാമപുരം ഫൊറോനയുടെ നേതൃത്വത്തിൽ കൊണ്ടാട് ഇടവകയിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവഹിച്ചു. ഫൊറോന വികാരി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, കൊണ്ടാട് പള്ളി വികാരി ഫാ. ജോസ് കുന്നപ്പള്ളിൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായി

രുന്നു. ഫൊറോന പ്രസിഡന്റ് അജോ തൂണുങ്കലിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ഭവനനിർമ്മാണത്തിനു നേതൃത്വം നല്കിയത്.

**മുട്ടുചിറ**

മുട്ടുചിറ ഫൊറോന കമ്മിറ്റിയുടെ വിശേഷാൽ യോഗം രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഫൊറോന വികാരി വെരി. റവ.ഫാ. എബ്രാഹം കൊല്ലിത്താനത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജ് അരുകുഴിപ്പിൽ, സാബു കല്ലിരിക്കുംകാല എന്നിവർ സംസാരിച്ചു. പുതിയ ഫൊറോന പ്രസിഡന്റായി രാജ് അരുകുഴിപ്പിലിനെ തിരഞ്ഞെടുത്തു. ഫൊറോനയുടെ നേതൃത്വത്തിൽ പണിയുന്ന ഭവനം കാഞ്ഞിരത്താനം ഇടവകയ്ക്കു നല്കി.

**യൂണിറ്റ് വാർത്തകൾ**

**കാഞ്ഞിരത്താനം**

യൂണിറ്റിന്റെ നേതൃത്വത്തിൽ വലിയ ആഴ്ചയിലെ ആദ്യദിവസം അഖണ്ഡബൈബിൾപാരായണം നടത്തി. വികാരി ഫാ. ജെയിംസ് വയലിൽ നേതൃത്വം നല്കി. ഫാ. അലക്സ് കാഞ്ഞിരത്തിങ്കൽ, യൂണിറ്റ് പ്രസിഡന്റ് സാബു നടുവിലേക്കുറ്റ്, സെക്രട്ടറി സിബി പാറത്തൊട്ടി തുടങ്ങിവയർ നേതൃത്വം നല്കി.

**ജൂബിലിദിനാശംസകൾ**

100–ന്റെ നിറവിൽ നില്ക്കുന്ന വലിയ പിതാവിന് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് കത്തോലിക്കാ കോൺഗ്രസ് കുടുംബാംഗങ്ങളുടെ പ്രാർത്ഥനാപൂർവകമായ അനുമോദനങ്ങളും ആശംസകളുടെ സ്നേഹപൂർവം നേരുന്നു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കുറവിലങ്ങാട് സോണൽ വാർഷികം**

കുറവിലങ്ങാട് സോണൽ വാർഷികം വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. വാർഷികാഘോഷത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് ജീവിതശൈലി ബോധവൽക്കരണ സെമിനാറും ആരോഗ്യ പരിശോധനക്യാമ്പും നടത്തി. സോണൽ ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കൽ അധ്യക്ഷത വഹിച്ച ഉദ്ഘാടനസമ്മേളനം ഫാ. മാത്യു പുളിക്കപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കാർഡിയോളജിസ്റ്റ് സീനിയർ കൺസൾട്ടന്റ് ഡോ. രാജു ജോർജ് സെമിനാറിനും ആരോ

ഗ്യപരിശോധനയ്ക്കും നേതൃത്വം നൽകി. തുടർന്ന് ഉച്ചകഴിഞ്ഞ് 2.30ന് നടന്ന പൊതുസമ്മേളനത്തിൽ ഫാ. ജോസഫ് ചൂരയ്ക്കൽ അധ്യക്ഷത വഹിക്കുകയും ഫാ. ഫ്രാൻസിസ് ഇടത്തിനാൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ദേവമാതാ കോളേജ് പ്രിൻസിപ്പൽ ശ്രീമതി ബ്രിൻസി ടോജോ വനിതാദിന സന്ദേശം നൽകി. വിവിധ കലാപരിപാടികളും സോണിലെ സ്വാശ്രയസംഘങ്ങളുടെ സ്റ്റാളുകളും പരിപാടിക്കു നിറം പകർന്നു. സോണൽ കോഓർഡിനേറ്റർ ലിജി ജോൺ, പ്രൊമോഷൻ കൗൺസിൽ അംഗങ്ങൾ, പ്രൊമോട്ടേഴ്സ്, പി.എസ്.ഡബ്ല്യു.എസ് സ്റ്റാഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**മുട്ടുചിറ സോൺ വാർഷികം**

മുട്ടുചിറ സോൺ വാർഷികം വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. സോൺ ഡയറക്ടർ ഫാ. ആന്റണി ഞരളക്കാട്ടിലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം മുട്ടുചിറ ഫൊറോന വികാരി റവ.ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. വാർഷികാഘോഷത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ അരങ്ങേറുകയും വിദ്യാർത്ഥിപ്രതിഭകളെ ആദരിക്കുകയും ചെയ്തു. കൂടാതെ മികച്ച സ്വാശ്രയസംഘങ്ങൾക്ക് ബെസ്റ്റ് എസ്.എസ് അവാർഡുകളും വിതരണം ചെയ്തു. സോൺ കോർഡിനേറ്റർ ലിജി ജോൺ, പ്രമോഷൻ കൗൺസിൽ അംഗങ്ങൾ, പ്രമോട്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ പരിപാടികൾ വിജയകരമായി സംഘടിപ്പിക്കപ്പെട്ടു.

**പാലാ അഗ്രിമയിൽ വിഷുവിപണി തുറന്നു**

ഗുണമേന്മയുള്ളതും വിഷരഹിതവുമായ പച്ചക്കറികളും പഴവർഗങ്ങളും പൊതുജനങ്ങൾക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, പാലാ സെന്റ് തോമസ് പ്രസിനു സമീപം പ്രവർത്തിക്കുന്ന അഗ്രിമ മാർക്കറ്റിൽ ആരംഭിച്ച വിഷുവിപണിയുടെ ഉദ്ഘാടനം പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ദിയാ ബിനു പുളിക്കക്കണ്ടം നിർവഹിച്ചു. ചടങ്ങിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു പുളിക്കപറമ്പിൽ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, അഗ്രിമ മാനേജർ ടോണി ചെമ്മലമറ്റം PSWS പ്രോജക്ട് ഓഫീസർ ടോണി സണ്ണി, ജോയി വട്ടക്കുന്നേൽ, ജോബി പാലാ, റോണിമോൻ റോണി, ആലീസ് ജോർജ്, ജയ്സി മാത്യു തുടങ്ങിയവർ സന്നിഹിതരായിരുന്നു. വിപണിയിൽ ഏറെ സ്വാദിഷ്ഠവും പോഷകസമൃദ്ധവുമായ കിളിച്ചുണ്ടൻ, കർപ്പൂരം, കൊട്ടൂർക്കോണം, മൂവാണ്ടൻ തുടങ്ങിയ വിവിധ മാമ്പഴയിനങ്ങളും ലഭ്യമാണെന്നതു പ്രത്യേകതയാണ്.

**സ്വാശ്രയ സംഘം/കർഷകദള ഫെഡറേഷൻ രൂപീകരണം.**

നരിയങ്ങാനം പള്ളിയുടെ കീഴിൽ പുതിയ ഒരു വനിതാഗ്രൂപ്പ് രൂപീകരിച്ചു. SHG രൂപീകരണക്ലാസ്സ് ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, സിബി കണിയാംപടി, റീജാ ടോം തുടങ്ങിയവർ നയിച്ചു.

**മെഗാ എക്സ്പോർട്ട് ക്വാളിറ്റി ബെഡ്ഷീറ്റ് ഇൻസ്റ്റാൾമെന്റ് മേള**

അഗ്രിമ കാക്കൊമ്പ് അവതരിപ്പിക്കുന്ന മെഗാ എക്സ്പോർട്ട് ക്വാളിറ്റി ബെഡ്ഷീറ്റ് ഇൻസ്റ്റാൾമെന്റ് മേളയ്ക്കു തുടക്കം കുറിച്ചു. ആദ്യ വില്പനയായി ജിബിൻ കാനാട്ടുകുഴിക്ക് ബെഡ് ഷീറ്റ് നൽകിക്കൊണ്ട് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കുമ്പുളുമൂട്ടിൽ മേള ഉദ്ഘാടനം ചെയ്തു. ഗുണമേന്മയുള്ള, എക്സ്പോർട്ട് നിലവാരത്തിലുള്ള ബെഡ്ഷീറ്റുകൾ ലളിതമായ ഇൻസ്റ്റാൾമെന്റ് സൗകര്യത്തോടെ പൊതുജനങ്ങൾക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച മേളയ്ക്ക് മികച്ച പ്രതികരണമാണു ലഭിച്ചത്. കുടുംബങ്ങൾക്കു സാമ്പത്തികഭാരം കുറച്ച് ഗുണമേന്മയുള്ള ഉൽപന്നങ്ങൾ സ്വന്തമാക്കാൻ ഈ പദ്ധതിയിലൂടെ അവസരമൊരുങ്ങി.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി വിവിധ സോണൽ തലങ്ങളിൽ വിജയകരമായി നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി വാട്ടർ ടാങ്ക്, ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ തുടങ്ങിയ ഗൃഹോപകരണങ്ങൾ ലളിതമായ ഗഡുക്കളിൽ ഗുണഭോക്താക്കൾക്കു വിതരണം ചെയ്തു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക അനുകൂലമായ രീതിയിൽ രൂപകല്പന ചെയ്തിരിക്കുന്ന ഈ പദ്ധതി, അവരുടെ ദൈനംദിന ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഗുണമേന്മയുള്ള ഉൽപന്നങ്ങൾ വിശ്വാസ്യതയുള്ള സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിലൂടെ കുടുംബങ്ങളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പാക്കുന്നതിനും പദ്ധതി സഹായകമായി.

**ഒറിജിനൽ കുറ്റിയാടി തെങ്ങിൻതൈകൾ വിതരണം ചെയ്തു**

പാലാ മുണ്ടുപാലം അഗ്രിമ സെൻട്രൽ നഴ്സറിയിൽ ഒറിജിനൽ കുറ്റിയാടി തെങ്ങിൻതൈകൾ വിതരണം ചെയ്തു. സംസ്ഥാനസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആറളം ഫാമിൽനിന്നു ശേഖരിച്ച മികച്ച ഗുണമേന്മയുള്ള തേങ്ങ ഉപയോഗിച്ചാണ് ഈ തൈകൾ ഉത്പാദിപ്പിച്ചിരിക്കുന്നത്. ഉയർന്ന വിളവുതരുന്നതും രോഗപ്രതിരോധശേഷിയുള്ളതുമായ ഈ തൈകൾ കർഷകർക്ക് വിശ്വാസത്തോടെ തിരഞ്ഞെടുക്കാവുന്നതാണ്. ശാസ്ത്രീയരീതിയിൽ വളർത്തിയെടുത്ത ഈ തൈകൾ കാർഷിക മേഖലയിലെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും സ്ഥിരതയുള്ള വരുമാനം ഉറപ്പാക്കുന്നതിനും സഹായകരമാണ്.

**മഞ്ചേരി കുള്ളൻ ഏത്തവാഴ വിത്തുകൾ വിതരണം ചെയ്തു**

വാഴക്കർഷകരുടെ ഇടയിൽ ഏറെ പ്രിയങ്കരമായ ''മഞ്ചേരി കുള്ളൻ'' ഏത്തവാഴ വിത്തുകൾ ഈ വർഷവും പാലാ അഗ്രിമ കർഷക മാർക്കറ്റിലൂടെ വിജയകരമായി വിപണനം ചെയ്തു. വെറും അഞ്ചു മാസത്തിനുള്ളിൽ കുലവരുമെന്ന പ്രത്യേകതയും കൂടുതൽ രോഗപ്രതിരോധശേഷിയും ഉള്ള ഈ കുള്ളൻ ഇനം ഏത്തവാഴ വിത്തുകൾ കർഷകർക്ക് ഏറെ അനുയോജ്യമാണ്. ഗുണമേന്മ ഉറപ്പുള്ള ഒറിജിനൽ ''മഞ്ചേരി കുള്ളൻ'' വാഴവിത്തുകളാണ് കർഷകർക്കായി വിതരണം ചെയ്തത്. മികച്ച വിളവെടുപ്പിനും വരുമാനവർധനയ്ക്കും ഈ ഇനം സഹായകരമാണെന്നതിനാൽ കർഷകരിൽനിന്നു മികച്ച പ്രതികരണവും ആവശ്യവും ലഭിച്ചു. കൂടാതെ, കൃഷിരീതികളുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളും സാങ്കേതികപിന്തുണയും കർഷകർക്കു നൽകപ്പെട്ടത് പദ്ധതിയുടെ ഫലപ്രാപ്തി വർധിപ്പിക്കുന്നതിൽ നിർണായകമായി.

**മുട്ടത്താറാവുകളുടെയും കോഴിക്കുഞ്ഞുങ്ങളുടെയും വിതരണം**

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം ക്യാമ്പസ് പാലായിൽവച്ച് ഉയർന്ന ഇനം മുട്ടത്താറാവ്, BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു. ആവശ്യമായ ആധുനികരീതിയിലുള്ള സാങ്കേതികവിദ്യകളും സൗകര്യങ്ങളും പരിചയപ്പെടുത്തുന്നതിലൂടെ കർഷകർക്ക് മികച്ച മാർഗനിർദേശവും പ്രായോഗിക അറിവും ലഭിച്ചു. വിവിധ മേഖലകളിൽ നിന്നുള്ള കർഷകരും സംരംഭകരും പങ്കെടുത്ത പരിപാടി, വരുമാനവർധനയ്ക്കും സ്വയംതൊഴിൽ സാധ്യതകൾക്കും പ്രചോദനമാകുകയും ചെയ്തു.

**അവലോകനയോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങളുടെ അവലോകന മീറ്റിങ്ങുകൾ വിവിധ ഇടവകകളുടെ തലത്തിൽ നടത്തപ്പെട്ടു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷി സംബന്ധമായ ക്ലാസുകൾ എന്നിവയും നടന്നു. മൂലമറ്റം അവലോകന മീറ്റിങ്ങിനോടൊപ്പം ഫിനോയിൽ നിർമ്മാണപരിശീലനക്ലാസ് നടത്തി.

**സേവ് എ ഫാമിലി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ (PSWS) കീഴിൽ സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സാമ്പത്തികമായി ശക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ 2026 വർഷത്തെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ വർഷം ആകെ 241 കുടുംബങ്ങൾക്കാണ് പദ്ധതിയിലൂടെ

സാമ്പത്തികസഹായം ലഭ്യമാക്കിയത്. അവർ മുൻകൂട്ടി പ്ലാൻ ചെയ്തിരുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ തുക പ്രയോജനപ്പെടുത്തി വരുന്നു. നിലവിൽ പദ്ധതി വിജയകരമായി പൂർത്തീകരിച്ച 150 കുടുംബങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങളുടെ ഫോട്ടോകളും ബില്ലുകളും ഉൾപ്പെടെയുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ട്.

**സാന്തോം ഫുഡ് ഫാക്ടറി**

പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പാലാ സാന്തോം ഫുഡ് ഫാക്ടറിയിൽനിന്നും ഗുണമേൻമയുള്ള കപ്പ, ചക്ക തുടങ്ങി കാർഷികോത്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്യുന്നു.

കൂടാതെ മഞ്ഞൾ, മുളക്, മല്ലി തുടങ്ങി വിവിധയിനം പൊടികളും ഉത്പാദിപ്പിക്കുന്നു. ജ്യൂസ്, ഐസ്ക്രീം തുടങ്ങിയവയുടെ ആവശ്യങ്ങൾക്കായി ഫാക്ടറിയിൽ ചക്ക, മാമ്പഴം ഇവയുടെ പൾപ് ഉണ്ടാക്കി ഓർഡർ അനുസരിച്ചു ചെയ്തുകൊടുക്കുന്നു. ചക്ക, കപ്പ തുടങ്ങിയ കാർഷികോത്പന്നങ്ങൾ ഫാക്ടറിയിൽ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ 9074556716 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**നാല്പതാം വെള്ളിയാചരണം**

DCMS പാല രൂപത സമിതിയുടെ നേതൃത്വത്തിൽ വലിയനോമ്പാചാരണത്തിന്റെ ഭാഗമായി നാല്പതാം വെള്ളിയാചരണം അരുവിത്തുറ വല്യച്ചൻ കുരിശുമല കയറി കുരിശിന്റെ വഴിയായി നടത്തി. രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത്, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, വൈസ് പ്രസിഡന്റ് റോസമ്മ അഗസ്റ്റിൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, യുണിറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**യൂത്ത് റീ - യൂണിയൻ**

DCMS യുവജനങ്ങളുടെ റീ - യൂണിയൻ മീറ്റിങ് 2026 ഏപ്രിൽ 11 നു ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു കൂടി. 16 യൂണിറ്റുകളിൽനിന്നായി 23 യുവജനങ്ങൾ മീറ്റിങ്ങിൽ പങ്കെടുത്തു. മീറ്റിങ്ങിന് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം ജെറിൻ സണ്ണി സ്വാഗതം ആശംസിച്ചു. യുവജനപ്രതിനിധി ജെഫിൻ ജോമോൻ കൃതജ്ഞത അർപ്പിച്ചു.

**രൂപത കമ്മിറ്റി**

2026-29 വർഷത്തെ തിരഞ്ഞെടുപ്പിനുശേഷമുള്ളആദ്യരൂപത കമ്മിറ്റി 2026 മാർച്ച് 27 വെള്ളിയാഴ്ച ഡി.സി.എം.സ്.ഓഫിസിൽവച്ചും,

ഏപ്രിൽമാസത്തെ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി ഏപ്രിൽ 19 ഞായറാഴ്ച രാവിലെ 10.30 നു ഷലോം പാസ്റ്ററൽ സെന്ററിലും രൂപത ഡിറക്ടറിന്റെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടി. രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾഎല്ലാവരും കമ്മിറ്റിയിൽ പങ്കെടുത്തു.

**രൂപത കൗൺസിൽ**

2026 – 29 വർഷത്തെ തിരഞ്ഞെടുപ്പിനുശേഷമുള്ള ആദ്യരൂപത കൗൺസിൽ 2026 ഏപ്രിൽ 19 ഞായറഴ്ച ഉച്ചകഴിഞ്ഞു ഷലോം പാസ്റ്ററൽസെന്ററിൽ വച്ച് രൂപത ഡിറക്ടറുടെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടി. 69 യൂണിറ്റുകളിൽ നിന്ന് DCMS അംഗങ്ങൾ കൗൺസിലിൽ പങ്കെടുത്തു. ഡിസിഎംസിന്റെ 70 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകളും വിചിന്തനങ്ങളും കൗൺസിലിൽ നടന്നു.

**ഫാ. തോമസ് കിഴക്കേകൊല്ലിത്താനം** (ഡയറക്ടർ)

## കെയർ ഹോംസ്

13/04/2026 തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ എക്സിക്യൂട്ടീവ് ചേർന്നു.

**സ്പെഷ്യൽ സ്കൂൾ**

സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കുള്ള ട്രെയിനിംങ് പ്രോഗ്രാം മേയ് അവസാനത്തോടെ നടത്തുവാൻ തീരുമാനിച്ചു.

**ഓൾഡേജ് ഹോം**

മേയ് മാസത്തിൽ വാർഷികം നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## കെ.എൽ.എം.

**എക്സിക്യൂട്ടീവ്**

ഏപ്രിൽ 9 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെൻററിൽ എക്സിക്യൂട്ടീവ് ചേർന്നു.

**വിവിധക്ഷേമനിധികൾ**

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. തയ്യൽത്തൊഴിലാളി ക്ഷേമനിധി.
3. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി.
4. **സുരക്ഷാക്ഷേമനിധി**

8304981275 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

ഏപ്രിൽ 5,12,19,26 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഏപ്രിൽ 12-ാം തീയതി ഞായറാഴ്ച രാവിലെ 11.30 നു നടന്നു.

**ബോധവൽക്കരണക്ലാസ്**

രത്നഗിരി, അടിവാരം, പൂഞ്ഞാർ സൺഡേ സ്കൂളുകളിൽ കുട്ടികൾക്കും അധ്യാപകർക്കുമായി ലഹരിവിരുദ്ധബോധവൽക്കരണക്ലാസ് അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ നയിച്ചു.

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ കുറവിലങ്ങാട്, കടുത്തുരുത്തി ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ഫാമിലി ആദരവ്**

ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന ലോഗോസ് ക്വിസ്സിന്റെ സിൽവർജൂബിലിവർഷത്തിൽ രൂപതതലത്തിലും സംസ്ഥാനതലത്തിലും ഒന്നാം സ്ഥാനം നേടിയ കുറവിലങ്ങാട് ഇടവക വടക്കേ വെള്ളാക്കൽ കുടുംബത്തെ (ഈ വർഷത്തെ ലോഗോസ് ഫാമിലി) അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് ആദരിച്ചു

**2. ലോഗോസ് ക്വിസ് ജൂബിലിവർഷം**

2026 ഏപ്രിൽ 18 ന് എറണാകുളം പാലാരിവട്ടത്തുള്ള POC യിൽ വച്ച് ലോഗോസ് ജുബിലി സമ്മേളനം നടത്തപ്പെട്ടു. പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റിൽനിന്ന് 15 പേർ പങ്കെടുത്തു. 25 വർഷം മുടങ്ങാതെ ലോഗോസ് ക്വിസ് എഴുതിയ ശ്രീ ബാബു പോൾ പെരിയപ്പുറം പ്രത്യേക

പുരസ്കാരം നേടി. ലോഗോസ് നടത്തിപ്പിനായി അനേകവർഷങ്ങളായി സഹകരിക്കുന്ന നമ്മുടെ രൂപതാ അംഗങ്ങൾക്ക് പ്രത്യേക പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

**3. തിരുബാലസഖ്യം**

തിരുബാലസംഖ്യം കുട്ടികൾക്കായി നടത്തിയ വചനം പറയൽ മത്സരത്തിൽ 150 ഇൽപരം കുട്ടികൾ പങ്കെടുത്തു

**4. SCRITURA**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് കുടുംബാംഗങ്ങൾക്കായി ഒരുക്കുന്ന ബൈബിൾ പുതിയനിയമം പകർത്തിയെഴുത്ത് അവസാനിച്ചു. SCRITURA 2 ബൈബിൾ പഴയനിയമം പകർത്തിയെഴുത്ത് ആരംഭിച്ചു. നിരവധി ആളുകൾ ഇതിനോടകം പേരു നൽകി.

**5. ഓൺലൈൻ ബൈബിൾ കോഴ്സ്**

സമുദായശക്തികരണവർഷം 2026 നോടനുബന്ധിച്ച് പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് നടത്തുന്ന ഓൺലൈൻ ബൈബിൾ കോഴ്സ് ആരംഭിച്ചു.

**6. ലോഗോസ് ക്വിസ് പഠനസഹായി**

ലോഗോസ് ക്വിസ് 2026 പഠനത്തിനു സഹായകരമായ വിധത്തിൽ തയ്യാറാക്കിയിരിക്കുന്ന ലോഗോസ് ഗൈഡ് 2026 ഓഫീസിൽ ലഭ്യമാണ്.

**7. കാലേ ത് മീറേ Hidden voices**

സമുദായശക്തികരണവർഷം 2026 നോടനുബന്ധിച്ച് ബൈബിൾ അപ്പോസ്തലേറ്റ് നടത്തുന്ന കാലേ ത് മീറേ ഹിഡൻ വോയ്സസ് ബൈബിളിലെ ഒളിഞ്ഞിരിക്കുന്ന കഥാപാത്രങ്ങളെ പരിചയപ്പെടുത്തുന്ന ഓൺലൈൻ പരമ്പര 8 എപ്പിസോഡ് പൂർത്തീകരിച്ചു.

**ഫാ. പോൾ കുന്നുംപുറത്ത്** (ഡയറക്ടർ)

## കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ ബേത്സഥാശുശ്രൂഷ നടത്തപ്പെട്ടു. രാവിലെ 9 മണി മുതൽ 2മണി വരെ കരുണകൊന്ത ജപമാല, സ്തുതിയാരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. ഏപ്രിൽ മാസത്തിൽ ഫാ. ജോർജ് കാരംവേലിൽ വചനപ്രഘോഷണം നടത്തി ദിവ്യകാരുണ്യ ആരാധനയും നയിച്ചു.

**2. രാത്രിയാരാധന**

ഏപ്രിൽ 25 ശനിയാഴ്ച ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽ വച്ച് രാത്രിയാരാധന നടന്നു ഫാ. മാത്യു കാടൻകാവിൽ വചനശുശ്രൂഷയും ആരാധനയും നയിച്ചു ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. പോൾ കുന്നുംപുറത്ത് സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**3.** ഏപ്രിൽ 18 ന് പാലാ കിഴതടിയൂർ ദൈവാലയപാരിഷ്ഹാളിൽവച്ച് ഇടവക പ്രയർഗ്രൂപ്പ് ഫോർമേഷൻ നടത്തപ്പെട്ടു സോണൽ,സബ് സോണൽ സർവീസ് ടീം അംഗങ്ങൾ, പ്രയർ ഗ്രൂപ്പ് അംഗങ്ങൾ ഉൾപ്പെടെ 150 ഓളം അംഗങ്ങൾ പങ്കെടുത്തു ശ്രീ ഷാജി വൈക്കത്തുപറമ്പിൽ (KCSC ജോയിൻ കോ-ഓർഡിനേറ്റർ) ശ്രീ സാബു വർഗീസ് (KCSC സെക്രട്ടറി), ശ്രീ ഫ്രാൻസിസ് പുല്ലൻ (KCSC ട്രഷറർ) എന്നിവർ ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**4. 13 മണിക്കൂർ ദിവ്യകാരുണ്യ ആരാധന**

ഏപ്രിൽ 20 ന് തിരുഹൃദയദൈവാലയത്തിലും 29 ന് പാലക്കാട്ടുമല നിത്യസഹായമാതാ ദൈവാലയത്തിലും 13 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റിയംഗങ്ങൾ ഏപ്രിൽ 2 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റിപ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണ ക്ലാസ്**

ഏപ്രിൽ 8,15 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു

**പെസഹാദിനാചരണം**

പെസഹാദിനത്തിൽ പാലാ സബ് ജയിലിലും മുട്ടം ജില്ലാ ജയിലിലും കുമ്പസാരവും കുർബാനയും നടത്തി. ജയിൽ സ്റ്റാഫ് അംഗങ്ങൾക്ക് കുരിശു റൊട്ടി വിതരണം ചെയ്തു.

**ഈസ്റ്റർദിനാഘോഷം**

ഈസ്റ്റർദിനത്തോടനുബന്ധിച്ച് ജയിലിലെ അന്തേവാസികൾക്കായി വിവിധതരം കലാപരിപാടികളും മറ്റു പ്രോഗ്രാമുകളും നടത്തി.

**യൂണിറ്റ് സമ്മേളനം**

ഏപ്രിൽ 19 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** മാർച്ച് 30 മുതൽ ഏപ്രിൽ 1 വരെ ചേർത്തല സെന്റ് ഫ്രാൻസിസ് അസ്സീസി ക്ലാരിസ്റ്റ് ക്ലോയ്സ്റ്റർഡ് കോൺവെന്റിൽ വളർച്ചാധ്യാനം നടത്തി.

**2. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്കു പൂർത്തിയാകുന്ന ധ്യാനം - ഏപ്രിൽ 11 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

**3. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഏപ്രിൽ 12 മുതൽ 18 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**5. Adorator Regni Dei**

മൗണ്ട് നെബോ ആബാഭവനത്തിൽവന്ന് പഞ്ചദിന ദൈവരാജ്യ അനുഭവധ്യാനം കൂടിയവർക്കു ദൈവരാജ്യ അനുഭവത്തിൽ വളരുന്നതിനായി ക്രമീകരിച്ചിരിക്കുന്ന Adorator Regni Dei എന്ന വേദിയുടെ ഈ മാസത്തിലെ സെഷനുകൾ ഏപ്രിൽ 22 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ നടത്തി. ദിവസം മുഴുവനും നിശ്ശബ്ദമായ ദിവ്യകാരുണ്യ ആരാധന, കുമ്പസാരിക്കാനും വ്യക്തിപരമായി ആത്മീയോപദേശം തേടാനുമുള്ള അവസരം, പൊതുവായ വിശുദ്ധ കുർബാനയർപ്പണം, തിരുവചനവിചിന്തനം എന്നിവയാണ് ആത്മീയാന്വേഷകർക്കായി ഈ വേദിയിൽ ക്രമീകരിച്ചിട്ടുള്ളത്.

**6.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2026 ജൂലൈ 5 ഞായർ, 5 pm - 11 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഓഗസ്റ്റ് 23 ഞായർ, 5 pm - 29 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്കു ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ്**

16/04/2026 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെൻററിൽ എക്സിക്യൂട്ടീവ് ചേർന്നു.

**വിളംബരറാലി**

ഏപ്രിൽ 14 ന് കോട്ടയത്ത് വച്ചു നടന്ന വിളംബരറാലിയിൽ ഡയറക്ടറച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും രൂപതയിലെ മറ്റു ഡി.എഫ്സി പ്രവർത്തകരും പങ്കെടുത്തു.

**മെഗാ ക്വിസ്**

സമുദായശക്തീകരണത്തിന്റെ ഭാഗമായി നടത്തുന്ന മെഗാ ക്വിസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 8113831492 എന്ന നമ്പറിൽ ബന്ധപ്പെടുക.

**പരിശീലനപരിപാടി**

21/4/2026 ൽ പാലാ അൽ ഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന സർക്കുലേഷൻ ടീമിനുള്ള ദ്വിദിന പരിശീലന പരിപാടിയിൽ പാനൽ ചർച്ചയിൽ ഡയറക്ടറച്ചനും പുരുഷ – വനിതാ വിഭാഗം പ്രസിഡന്റുമാരും പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**സംസ്ഥാന ഡയറക്ടേഴ്സ് മീറ്റ്**

ഇൻഫാം ജില്ലാ ഡയറക്ടേഴ്സുമാരുടെ ഒരു യോഗം 22-04-2026 ൽ പാറത്തോട് എം.ഡി.എസ്. ഹാളിൽ വച്ചു നടത്തി. പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ പങ്കെടുത്തു. ഇൻഫാം യൂണിറ്റുകളിൽ

വനിതാ സമാജുകൾ തുടങ്ങുന്നതിനും ഗ്രാമ, താലൂക്ക്, ജില്ലാ, സംസ്ഥാന, നാഷണൽ അസംബ്ലികൾ നടത്തുന്നതിനും 2027 ജനുവരിയിൽ എല്ലാ കാർഷിക ജില്ലകളിലും ഇൻഫാം റാലികൾ നടത്തുന്നതിനും യോഗം തീരുമാനിച്ചു. കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**വനിതാസമാജ്**

പാലാ കാർഷികജില്ലയിൽ അരുണാപുരം, അരുവിത്തുറ യൂണിറ്റുകളിൽ വനിതാസമാജങ്ങൾ ആരംഭിച്ചു.

**സംസ്ഥാനസമിതി**

ഇൻഫാം സംസ്ഥാനസമിതിയുടെ ഒരു യോഗം 23-4-2026 ൽ പാറത്തോട് എം.ഡി.എസ്. ഹാളിൽ വച്ചു നടത്തി. പാലാ കാർഷികജില്ലയിൽ നിന്ന് പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സെക്രട്ടറി തോമസ് മറ്റം എന്നിവർ പങ്കെടുത്തു. കാർഷികജില്ലകളിൽ കുട്ടികളെ ആദരിക്കുന്നതിനും കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനും യോഗം തീരുമാനിച്ചു. കാർഷികജില്ലാ പ്രസിഡന്റിനെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കു തിരഞ്ഞെടുത്തു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## APRIL 2026

| | | |
|---|---|---|
| 2 | 2.30 pm | കത്തീഡ്രൽ പള്ളിയിൽ പെസഹായുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു |
| 3 | 2.30 pm | കത്തീഡ്രൽ പള്ളിയിൽ പീഡാനുഭവവെള്ളിയുടെ തിരുക്കർമങ്ങൾക്ക് നേതൃത്വം നൽകി. |
| | 5.30 pm | അരുവിത്തുറ വല്യച്ചൻമല സന്ദർശിച്ചു പ്രാർഥിച്ചു. |
| 4 | 2.00 pm | ചിറക്കടവ് പള്ളിയിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ വികാരിജനറാൾ പെരിയ ബഹു. ബോബി മണ്ണംപ്ലാക്കൽ അച്ചന്റെ വത്സലപിതാവ് ശ്രീ അലക്സാണ്ടറിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| 5 | 3.00 am | കത്തീഡ്രൽ പള്ളിയിൽ ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 7 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 8 | 11.00 am | സി.എം.ഐ. കോട്ടയം പ്രൊവിൻസിന്റെ വാഴൂർ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സിനാക്സിസിൽ ഓറിയന്റേഷൻ ടോക്ക് നൽകി. |
| | 3.30. pm | മാർ സ്ലീവാ മെഡിസിറ്റിയുടെ പുതിയ ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം നടത്തി. |
| | 5.00 pm | ജിയോവാലി പള്ളിയുടെ പുതിയ സെമിത്തേരി ചാപ്പലും കൊടിമരവും വെഞ്ചരിച്ചു. |
| 10 | 7.00 pm | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | | അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കപറമ്പിൽ പിതാവിന്റെ നൂറാം ജന്മദിനാഘോഷങ്ങൾക്കു നേതൃത്വം നൽകി. |

| | | |
|---|---|---|
| 11 | 11.00 am | കടനാട് പള്ളിയിൽ വച്ച് രൂപതാ മുൻ എസ്.എം. വൈ.എം. ജനറൽ സെക്രട്ടറി ശ്രീ മിജോയിൻ, സനിഗ എന്നിവരുടെ വിവാഹം ആശീർവദിച്ചു. |
| | 5.00 pm | കത്തീഡ്രൽ പള്ളിയിൽ വച്ച് ഡോ. ആന്റണി, ഡയാന എന്നിവരുടെ മനസ്സമ്മതം നടത്തി. |
| | 5.30 pm | ളാലം പഴയപള്ളിയിൽ വച്ച് അഖിൽ, മേഘ എന്നി വരുടെ മനസ്സമ്മതം നടത്തി. |
| 12 | 5.00 pm | രത്നഗിരി പള്ളിയുടെ നവീകരിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു. |
| | 6.00 pm | ജയ്ഗിരി പള്ളിയുടെ പ്ലാറ്റിനം ജൂബിലി മീറ്റിങ് ഉദ്ഘാടനം ചെയ്തു മുഖ്യപ്രഭാഷണം നടത്തി. |
| 13 | 9.30 am | വാക്കാട് പള്ളിയിൽ വച്ച് ഡീ. ഫെബിൻ എം.എ സ്.എഫ്.എസ്സിന് പൗരോഹിത്യം നൽകി. |
| | 5.00 pm | ഉള്ളനാട് ഇടവകയിൽ ശ്രീ ജോസ് വട്ടപ്പലത്തി ന്റെ വീടിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 14 | 10.00 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന SMYM സം സ്ഥാന സെനറ്റിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 5.00 pm | കൂടല്ലൂർ ഇടവകയിൽ ഹോം പാലാ പ്രൊജക്ടിന്റെ ഭാഗമായി ഒരു ഭവനം വെഞ്ചരിച്ചു. |
| 15 | | കയ്യൂർ ഇടവകയിൽ പരേതയായ പടിഞ്ഞാറേക്കുറ്റ് മറിയാമ്മ തോമസിന്റെ സംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ വച്ചു നടന്ന കോർപ്പറേറ്റ് സെക്രട്ടറിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 16 | 10.30 am | കാട്ടാമ്പാക്ക് പള്ളിയിൽവച്ച് SMYM മുൻ രൂപതാ പ്രസിഡന്റ് ബിബിൻ ചാമക്കാലായുടെയും ജിസ് മിയുടെയും വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| | 4.00 pm | മാനത്തൂർ ഇടവകയിൽ ശ്രീ ടോമി കല്ലാനിയുടെ വത്സലമാതാവ് അച്ചാമ്മ ജോസഫിന്റെ സംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 6.00 pm | സെന്റ് തോമസ് കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തു നിന്ന് വിരമിക്കുന്ന പ്രൊഫ. സിബി ജെയിംസിന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 17 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 18 | 5.00 pm | കൊണ്ടാട് ഇടവകയിൽ AKCC രാമപുരം മേഖല നിർമ്മിച്ച് നൽകിയ ഭവനം വെഞ്ചരിച്ചു. |
| 19 | 6.00 pm | ഉള്ളനാട് ഇടവകയിൽ ഇടവകദിനവും കുടുംബക്കൂട്ടായ്മാവാർഷികവും ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 20 | 9.30 am | കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ മേനാംപറമ്പിൽ ഫാ. മൈക്കിളിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| | 10.30 am | എസ്.എച്ച്. പാലാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്ന ബഹു. സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 21-22 | | രൂപതയിലെ 44 വൈദികരോടൊപ്പം കന്യാകുമാരിയിൽ യാത്ര പോയി. |
| 23 | 10.00 am | അരുവിത്തുറ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന ചൊല്ലി പ്രാർഥിച്ചു. |
| 24 | 2.30 pm | കൈപ്പള്ളി പള്ളിയിൽ വച്ച് ഫാ. ജെയിംസ് വെട്ടുകല്ലേലിന്റെ വത്സലമാതാവ് ഏലിക്കുട്ടി ചാക്കോയുടെ സംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 25 | 10.45 am | കത്തീഡ്രൽ പള്ളിയിൽ വച്ച് കുന്നപ്പള്ളിയിൽ ആൽസ്റ്റന്റെയും റോസ്നിയുടെയും വിവാഹം ആശീർവദിച്ചു. |
| | 12.00 pm | പാളയം പള്ളിയിൽവച്ചു നടന്ന ഡോ. കെ.ടി. ആഗസ്തി പടിഞ്ഞാറേക്കര അനുസ്മരണസമ്മേളനത്തിൽ പ്രഭാഷണം നടത്തി. |
| 26 | 7.45 am | മലയിഞ്ചിപ്പാറ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 3.30 pm | പൈക പള്ളിയിൽവച്ചു നടന്ന കത്തോലിക്കാ കോൺഗ്രസിന്റെ 108–ാം ജന്മദിനസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| 28 | 4.00 pm | പാദുവ പള്ളിയിൽ ബഹു. ജോർജ് ശൗര്യാംകുഴിയച്ചന്റെ സംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| 29 | 5.00 pm | പാലാ ചാവറ സ്കൂളിൽ വച്ച് ജീസസ് യൂത്ത് സംഘടിപ്പിച്ച ബ്ലൂമിങ് റോസസ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സന്ദേശം നൽകി. |
| 30 | 11.30 am | മാർ ആഗസ്തീനോസ് കോളേജിൽ പുതുതായി രൂപീകരിച്ച കുഞ്ഞച്ചൻ ചെയർ ഉദ്ഘാടനം ചെയ്തു. |
| | 2.30 pm | ചേർപ്പുങ്കൽ ഇടവകയിൽ പരേതനായ കോലന്നൂർ ശ്രീ കെ.ജെ. കുര്യന്റെ സംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമങ്ങൾക്കു നേതൃത്വം നൽകി. |
| | 5.30 pm | കാപ്പുംതല പള്ളിയുടെ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു. |

# സ്നേഹസ്മരണയ്ക്ക്

## ഫാ. ജോർജ് ശൗര്യാംകുഴി



ഫാ. ജോർജ് ശൗര്യാംകുഴി 1946 ഏപ്രിൽ 6ന് പാദുവാ ഇടവകയിൽ ശൗര്യാംകുഴി മത്തായി-അന്നമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. 1946 ഏപ്രിൽ 10ന് പാദുവാ പള്ളിയിൽ വച്ച് ഫാ. തോമസ് ഓലിക്കമ്യാലിൽ അദ്ദേഹത്തിന് മാമ്മോദീസാ നൽകി. മറ്റക്കര സെന്റ് ആന്റണീസ് എൽ.പി., യു.പി. സ്കൂളുകളിലും തുടർന്ന് കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിലുമാണ് അദ്ദേഹം പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയത്. പിന്നീട് പാലാ സെന്റ് തോമസ് കോളേജിൽ ഉപരിപഠനം നടത്തി. 1964ൽ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് 1968 - 1975 വരെ തിരുച്ചിറപ്പള്ളിയിലെ സെന്റ് പോൾസ് സെമിനാരിയിൽ തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ നടത്തി. 1975 ഏപ്രിൽ 10ന് പാദുവാ പള്ളിയിൽ വച്ച് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽപിതാവിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് പൂവരണി (1975-1978), കൂടല്ലൂർ (1978), അരുവിത്തുറ (1978-1980) എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. ഭരണങ്ങാനം (1980-1981), കാളികാവ് (1981-1987), കളത്തൂക്കടവ് (1987-1993), മല്ലികശ്ശേരി (1993-1998), ഇളന്തോട്ടം (1998-2001) എന്നീ ഇടവകകളിൽ വികാരിയായും അച്ചൻ ശുശ്രൂഷ ചെയ്തു. 2002 മുതൽ 2011 വരെ ബോയ്സ് ടൗൺ ഡയറക്ടറായി സേവനം ചെയ്ത് അനേകം കുട്ടികളുടെ വളർച്ചയ്ക്കും ശിക്ഷണത്തിനും നേതൃത്വം നൽകിയ ശൗര്യാംകുഴിയച്ചൻ 2011 ഒക്ടോബർ 8 മുതൽ പാലായിലെ മാർ അപ്രേം വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 2026 ഏപ്രിൽ 25-ാം തീയതി അദ്ദേഹം സ്വർഗസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഏപ്രിൽ 28-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷ ഇടവകപ്പള്ളിയായ പാദുവായിൽ വച്ചു നടന്നു.

### സ്നേഹസ്മരണയ്ക്ക്



**റവ. സി. പോൾ മരിയ FCC**

**തട്ടാംപറമ്പിൽ (90)**

| | | |
|---|---|---|
| ഇടവക | : | പ്ലാശനാൽ |
| ജനനം | : | 13.12.1936 |
| നിത്യവ്രതം | : | 21.05.1965 |
| മരണം | : | 14.04.2026 |
| മൃതസംസ്കാരം | : | മണിയംകുന്ന് |

*സേവനമണ്ഡലങ്ങൾ:*

മണിയംകുന്ന്, കൂട്ടിക്കൽ, തീക്കോയി
കുറിഞ്ഞി, സ്നേഹഭവൻ
പച്ചിക്കൽ, കാക്കോളി, പൂഞ്ഞാർ
പോർസ്യുങ്കുള, ആലുവ

### സ്നേഹസ്മരണയ്ക്ക്



**സി. എലിസബത്ത് SABS**

**നെല്ലിക്കാട്ട് (78)**

| | | |
|---|---|---|
| ഇടവക | : | പൂവരണി |
| ജനനം | : | 29.01.1948 |
| നിത്യവ്രതം | : | 19.04.1970 |
| മരണം | : | 04.04.2026 |
| മൃതസംസ്കാരം | : | പൈക |

*സേവനമണ്ഡലങ്ങൾ:*

നെല്ലിയാനി, കാഞ്ഞിരമറ്റം, മുത്തോലപുരം
ക്രൈസ്റ്റ് ഹാൾ, മുളക്കുളം, കുന്നോന്നി
നസ്രത്ത് ഹിൽ മരങ്ങോലി, കൂത്താട്ടുകുളം
നാടുകാണി, അരുവിത്തുറ, കാക്കൂർ, മൈസൂർ
കൂടല്ലൂർ, ചങ്ങനാശ്ശേരി, കാഞ്ഞിരമറ്റം,
ചെത്തിമറ്റം, കളത്തൂർ, കുര്യനാട്

### സ്നേഹസ്മരണയ്ക്ക്



**സി. ആൻസി മരിയ SABS**

**പാറകുളങ്ങര (90)**

| | | |
|---|---|---|
| ഇടവക | : | തോടനാൽ |
| ജനനം | : | 12.12.1939 |
| നിത്യവ്രതം | : | 27.05.1969 |
| മരണം | : | 18.04.2026 |
| മൃതസംസ്കാരം | : | പൈക |

*സേവനമണ്ഡലങ്ങൾ:*

കാഞ്ഞിരത്താനം, വടകര, മരങ്ങാട്ടുപിള്ളി
കാഞ്ഞിരമറ്റം, ഷിമോഗ
കൂത്താട്ടുകുളം, നെല്ലിയാനി, പൈക

### സ്നേഹസ്മരണയ്ക്ക്



**സി. അൽബർത്താ CMC**

**ഒറ്റത്തെങ്ങുങ്കൽ (84)**

| | | |
|---|---|---|
| ഇടവക | : | രാമപുരം |
| ജനനം | : | 11.08.1942 |
| നിത്യവ്രതം | : | 25.04.1964 |
| മരണം | : | 12.04.2026 |
| മൃതസംസ്കാരം | : | രാമപുരം |

*സേവനമണ്ഡലങ്ങൾ:*

കുറവിലങ്ങാട്, മല്ലികശ്ശേരി
താബോർ, നീറന്താനം, രാമപുരം

Estd. 1998
SCIENTIA ET CIVITAS EMICEMUS

# Civil Service Institute Pala

GLORIOUS 28 YEARS | 382 SUCCESS STORIES | Pioneers in IAS/KAS Coaching

Arunapuram, Pala, Kottayam District, Kerala - 686574, Mobile No: 9539381100, 8281447770

**The Sure Path to Glittering Success**

28 വർഷത്തെ പ്രവർത്തന പരിചയം...
382 വിജയികൾ..
ഏറ്റവും മികച്ച അദ്ധ്യാപകർ...

മറ്റൊരിടത്തും
ലഭ്യമല്ലാത്ത
ശാന്തമായ പഠനാന്തരീക്ഷം



ആദ്യശ്രമത്തിൽ തന്നെ
**IAS നേടാൻ മറ്റെന്ത് വേണം!**

28 YEARS OF LEGACY
382 SUCCESS STORIES
SHAPING LEADERS SHAPING INDIA
SCIENTIA ET CIVITAS EMICEMUS

2026-27
## FULL-TIME CIVIL SERVICE COACHING
ADMISSION STARTED

- National-Level Renowned Faculty
- Highly Focused Academic Sessions
- Learn With Diverse Student Groups
- Well Equipped Library & Reading Room
- Special NCERT Classes
- Best Personalized Mentoring
- Daily Current Affairs Content
- 700 + hours of Coaching Sessions
- Test Series & Comprehensive Writing practice
- Most Serene Campus & Peaceful Environment

**9539381100, 9744885516 (PALA), 9446725813 (TVPM)**
www.civilservicepala.org

*Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil*